# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 17 / Issue 10
October 2026

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



Let's Rise together to Rebuild the Community

സിനഡാത്മക
സമുദായ ശാക്തീകരണ വർഷം - 2026


മാനന്തവാടി രൂപത
സീയോൻ ധ്യാനകേന്ദ്രം
ബോയ്സ് ടൗൺ
സീയോൻ ധ്യാനഹാൾ
നിത്യാരാധന ചാപ്പൽ
എല്ലാ ദിവസവും രാവിലെ 08.30 മുതൽ രാത്രി 09.30 വരെ

# സീയോൻ ധ്യാനകേന്ദ്രം

## ബോയ്സ് ടൗൺ

## നിത്യാരാധന ചാപ്പൽ

**എല്ലാ ദിവസവും രാവിലെ 08.30 മുതൽ രാത്രി 09.30 വരെ**

## ആദ്യ ശനി കൺവെൻഷൻ

**(ദ്വാരക സീയോൻ കൺവെൻഷൻ സെന്റർ)**

08.30 am : 203 മണി ജപമാല
10.00 am : സ്തുതി ആരാധന
10.30 am : വചന പ്രഘോഷണം
11.30 am : വി.കുർബാന
01.00 pm : ലഘു ഭക്ഷണം
01.30 pm : ദിവ്യകാരുണ്യ ആരാധന
02.30 pm : സമാപനം

(രാവിലെ 09 മണി മുതൽ 11 മണി വരെ കുമ്പസാരത്തിനും കൗൺസലിങ്ങിനും അവസരം ഉണ്ടായിരിക്കും)

## പൊതു കൗൺസലിങ്

**(ദ്വാരക സീയോനിൽ)**

എല്ലാ രണ്ടാം ശനിയാഴ്ചകളിലും രാവിലെ 09.30 മുതൽ ഉച്ചക്ക് 01 മണി വരെ

## ആന്തരീക സൗഖ്യ ധ്യാനം

എല്ലാ രണ്ടാം വ്യാഴം വൈകിട്ട് 04 മണി മുതൽ ഞായർ ഉച്ചക്ക് 01 മണി വരെയും,
നാലാം വ്യാഴം വൈകിട്ട് 04 മണി മുതൽ ഞായർ ഉച്ചക്ക് 01 മണി വരെയും
(ചില മാസങ്ങളിൽ മാറ്റങ്ങളും മറ്റ് ധ്യാനങ്ങളും ഉണ്ടാകാം. അവ വാട്സപ്പ് വഴി അറിയിക്കുന്നതാണ്)

## അഖണ്ഡ ആരാധന

എല്ലാ മൂന്നാം വെള്ളിയാഴ്ചകളിലും രാവിലെ 08 മണി മുതൽ
വൈകിട്ട് 04 മണി വരെ **ദ്വാരക സീയോൻ ചാപ്പലിൽ**

## 22 മണിക്കൂർ അഖണ്ഡ ആരാധന

എല്ലാ നാലാം വെള്ളി രാവിലെ 10 മണി മുതൽ ശനി രാവിലെ 08 മണി വരെ

## ദ്വാരക സീയോൻ ചാപ്പൽ

ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 11 മണി മുതൽ ആരാധനയും കുമ്പസാരവും
12 മണിക്ക് വി. കുർബാനയും ഉണ്ടായിരിക്കും. എല്ലാ ബുധനാഴ്ചകളിലും
കുർബാനയ്ക്ക് ശേഷം വി.യൗസേപ്പിതാവിന്റെ നൊവേനയും ഉണ്ടായിരിക്കും
(സ്പിരിച്വൽ ഷെയറിങ്ങിനുവേണ്ടി ഏതു ദിവസവും വിളിച്ചു ബുക്ക് ചെയ്ത് വരാവുന്നതാണ്)

## ഒക്ടോബർ മാസത്തെ ധ്യാനങ്ങൾ

ഒക്ടോബർ 8 മുതൽ 11 വരെ കുടുംബ നവീകരണ ആന്തരിക സൗഖ്യധ്യാനം
ഒക്ടോബർ 17 ശനി വൈകിട്ട് 04 മുതൽ 20 ചൊവ്വ ഉച്ചക്ക് 01 മണി വരെ **യുവജന ധ്യാനം**
(17 മുതൽ 30 വയസ്സുവരെ ഉള്ളവർക്ക് )




അന്വേഷണങ്ങൾക്കായ് വിളിക്കുക:
9544606936
ഫാ. ജിന്റോ തട്ടുപറമ്പിൽ
ഡയറക്ടർ, സീയോൻ ധ്യാനകേന്ദ്രം

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് 4:8)**


**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop’s House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph’s Offset Press, Mananthavady 670645**

വാല്യം 17 ഒക്ടോബർ 2026 ലക്കം 10

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ........ 07
രൂപതാകച്ചേരി വാർത്തകൾ ........ 15
ഒക്ടോബർ മാസത്തിലെ പഠനവിഷയം ........ 24
മിഷൻമാസം - കാറോസൂസ പ്രാർത്ഥന ........ 24
മതബോധനരംഗം ........ 25
ചെറുപുഷ്പ മിഷൻലീഗ് ........ 29
തിരുബാലസഖ്യം ........ 36
Department of Youth Ministry ........ 37
കെ.സി.വൈ.എം ........ 38
കുടുംബപ്രേഷിതത്വം ........ 45
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 54
സാമൂഹ്യ സേവനരംഗം (WSSS) ........ 59
ജീവസ് & കെ.എൽ.എം ........ 68
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ........ 71
കത്തോലിക്കാ കോൺഗ്രസ്സ് (AKCC) ........ 75
ബയോവിൻ അഗ്രോ റിസർച്ച് ........ 80
റേഡിയോ മാറ്റൊലി ........ 83
Mary Matha Arts & Science College ........ 85
ഫെഡാർ ഫൗണ്ടേഷൻ ........ 88
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ........ 89
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........ 91
ബിഷപ്സ് പ്രോഗ്രാം ........ 97

# സർക്കുലർ

**Proto. No.32494/2026**
**Circular No.4/2026**

യേശുവിൽ പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ, സമർപ്പിതരെ, സഹോദരങ്ങളെ,

സമുദായ വർഷാചരണത്തിന്റെ ഒരുക്കത്തിന്റേയും ബോധവൽകരണത്തിന്റേയും രണ്ട് ഘട്ടങ്ങൾ മികച്ച പ്രവർത്തനങ്ങളോടെ നമ്മൾ പൂർത്തിയാക്കിയിരിക്കുകയാണ്. ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ വളരെയധികം കൂട്ടായ പ്രവർത്തനങ്ങൾ നടന്നു. അതിനെല്ലാം നേതൃത്വം നല്കിയ എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു.

പൊതുസമൂഹത്തിന്റേയും സമുദായത്തിന്റേയും സഭയുടെയും അടിസ്ഥാനഘടകം അഥവാ മൂലക്കല്ല് കുടുംബമാണ്. മൂലക്കല്ല് ഇളകിയാൽ കെട്ടിടത്തിന് മൊത്തം ഇളക്കം സംഭവിക്കുന്നതുപോലെ കുടുംബങ്ങൾ ശിഥിലമായാൽ അതിന്റെ പ്രത്യാഘാതങ്ങൾ സമൂഹത്തിലും സമുദായത്തിലും സഭയിലും എല്ലാം ഉണ്ടാകും. ആനുകാലിക സമൂഹത്തിൽ ഇതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. അതിനാൽ തന്നെ സമുദായവർഷാചരണത്തിന്റെ ശ്രദ്ധാകേന്ദ്രം കുടുംബങ്ങളാണ്. ആത്മീയ ഉണർവും സാമുദായിക കെട്ടുറപ്പും മാത്രമല്ല കുടുംബങ്ങളുടെ സാമൂഹിക, സാമ്പത്തിക സുരക്ഷ കൈവരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കണ്ടെത്തുക എന്നതും സമുദായ വർഷാചരണത്തിന്റെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്.

**ജീവസ്സ്- കെ. എൽ. എം. സഹായം**

സമുദായാംഗങ്ങളുടെ സമഗ്രപുരോഗതിക്ക് സഹായകരമാകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനും സർക്കാർപദ്ധതികൾ പ്രയോജനപ്പെടുത്താൻ സഹായിക്കുന്നതിനുമായിട്ടാണ് ജീവസ്സ് കെ എൽ എം. (കേരള ലേബർ മൂവ്മെന്റ്) എന്ന ഡിപ്പാർട്ട്മെന്റിന് രൂപം നല്കിയത്. രൂപതയുടെ സാമൂഹ്യ പ്രവർത്തനത്തിന്റെ ഭാഗം തന്നെയാണ് ഇതും. എല്ലാവർക്കും തൊഴിൽ, എല്ലാവർക്കും പെൻഷൻ, എല്ലാവർക്കും ഇൻഷൂറൻസ് എന്നതാണ് ഇതിലൂടെ ലക്ഷ്യം വെച്ചിട്ടുള്ളത്. പദ്ധതികളുടെ കുറവല്ല; ഉള്ളവയെ സമയ

ബന്ധിതമായും കാര്യക്ഷമമായും പ്രയോജനപ്പെടുത്തുന്നില്ല എന്ന താണ് നമ്മുടെ പ്രധാന പ്രശ്നം. പ്രയോജനപ്പെടുത്താൻ മുമ്പോട്ട് വരേണ്ടത് അതിന്റെ ഉപഭോക്താക്കൾ തന്നെയാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അവർക്ക് മാർഗ്ഗനിർദ്ദേശം കൊടുക്കാൻ മാത്രമേ സംവിധാനങ്ങൾക്ക് കഴിയുകയുള്ളു.

ഇത്തരുണത്തിൽ ഈശോയുടെ മുന്നറിയിപ്പും നാം ഓർ ത്തിരിക്കേണ്ടതാണ്. അവിടുന്ന് പറഞ്ഞു ''ഉള്ളവന് കൊടുക്ക പ്പെടും. ഇല്ലാത്തവനിൽ നിന്ന് ഉള്ളത് കൂടി എടുക്കപ്പെടും'' (ലൂക്ക 19/26, മത്തായി 25/29). നമുക്കത് അന്യായമായും അനീതിയായും തോന്നും. താലന്തുകൾ ദാനമായി ലഭിച്ചിട്ടും അത് പ്രയോജന പ്പെടുത്താതിരുന്ന മനുഷ്യനോടാണ് ഈശോ ഇത് പറഞ്ഞത്. അതായത് ലഭിച്ച അവസരങ്ങളേയും കഴിവുകളേയും പ്രയോ ജനപ്പെടുത്തുന്നില്ലെങ്കിൽ നിനക്ക് പുരോഗതി ഉണ്ടാകില്ലെന്ന് മാത്രമല്ല; ഉള്ളത് കൂടി നഷ്ടമായി കൂടുതൽ മോശസ്ഥിതിയി ലേക്ക് പോകുകയും ചെയ്യും എന്നാണ് അവിടുന്ന് ഉദ്ദേശിച്ചത്. പ്രയോജനപ്പെടുത്തുന്നവരാകട്ടെ കൂടുതൽ മെച്ചപ്പെട്ട സ്ഥിതി യിലേക്ക് നീങ്ങുകയും ചെയ്യും. മാത്രമല്ല അവർ കൂടുതൽ അനു ഗ്രഹീതരും ആകും.

തൊഴിലും പെൻഷനും ഇൻഷൂറൻസും ഉറപ്പാക്കാനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ളതും ജീവസ് വഴി നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ എല്ലാവരും പ്രയോജനപ്പെടുത്തണ മെന്നും അതിന് മറ്റുള്ളവരെ സഹായിക്കണമെന്നുമാണ് ഇത്ത രുണത്തിൽ നിങ്ങളെ ഓർമ്മിപ്പിക്കാനുള്ളത്.

മനുഷ്യനു വേണ്ടി ഈശോ പ്രവർത്തിച്ച അൽഭുതങ്ങളി ലെല്ലാം മനുഷ്യരുടെ ഭാഗത്ത് നിന്നും സജീവമായ പങ്കാളിത്തം ആവശ്യപ്പെടുന്നതും ലഭിക്കുന്നതും കാണാം. അന്ധന് കാഴ്ചകൊ ടുക്കുന്നത് തന്നെ ഉദാഹരണം. യോഹന്നാൻ എഴുതിയ സുവി ശേഷം ഒമ്പതാം അദ്ധ്യായം ഏഴാം വാക്യത്തിൽ അക്കാര്യം രേഖ പ്പെടുത്തിയിരിക്കുന്നതു ഇപ്രകാരമാണ്: അവനോട് പറഞ്ഞു: *നീ പോയി സീലോഹാ അയക്കപ്പെട്ടവൻ എന്നർത്ഥം കുളത്തിൽ കഴുകുക. അവൻ പോയി കഴുകി. കാഴ്ചയുള്ളവനായി തിരിച്ചു വന്നു.* ഇപ്രകാരം സൗഖ്യം കൊടുക്കുന്നതിന് മുമ്പ് തനിക്കിത് കഴിയുമെന്ന് വിശ്വസിക്കുന്നുവോ എന്നും അവിടുന്ന് ചോദി ക്കുന്നതായി കാണാം. അതായത് ആവശ്യപ്പെടുന്നവർക്കും

സഹകരണം കൊടുക്കുന്നവർക്കും മാത്രമേ ഏതൊരു പദ്ധതിയുടെയും പ്രയോജനം ലഭിക്കുകയുള്ളൂ.

പദ്ധതികൾ നടപ്പാക്കുന്നവരിൽ ഉള്ള വിശ്വാസവും അവയുടെ വിജയത്തിന് ആവശ്യമാണ്. അവരെപ്പറ്റി നിരന്തരം നിഷേധാത്മകമായ പരാമർശങ്ങളാണ് നാം നടത്തുന്നതെങ്കിൽ ഗുണഭോക്താക്കൾക്ക് അവരിലുള്ള വിശ്വാസം നഷ്ടപ്പെടുകയും പദ്ധതികൾ പരാജയപ്പെടുകയും ചെയ്യും. സമുദായ ശക്തീകരണ വർഷത്തിൽ പ്രഥമവും പ്രധാനവുമായി നമുക്കുണ്ടായിരിക്കേണ്ടതായ മനോഭാവം ഐക്യത്തിന്റെയും സഹകരണത്തിന്റേതും പ്രോത്സാഹനത്തിന്റേതുമാണ്. നമ്മൾ നടപ്പിലാക്കുന്ന പദ്ധതികൾ ലാഭം ഉണ്ടാക്കാനുള്ള കച്ചവട സംരംഭങ്ങളല്ല എന്ന് എടുത്തു പറയട്ടെ.

സമുദായ ശക്തീകരണവർഷത്തോടനുബന്ധിച്ച് കുടുംബങ്ങൾക്കായി താഴെപ്പറയുന്ന പദ്ധതികളാണ് നാം നടപ്പാക്കി വരുന്നത്.

**തൊഴിൽ**

നെറ്റിയിലെ വിയർപ്പു കൊണ്ട് ഭക്ഷണം സമ്പാദിക്കുക (ഉല്പത്തി 3/19) യെന്നാണ് ദൈവം മനുഷ്യനോട് ആവശ്യപ്പെട്ടത്. മനുഷ്യാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഉപാധിയാണ് തൊഴിൽ. സാങ്കേതികതയുടെ വളർച്ചയിൽ തൊഴിൽരംഗത്ത് വലിയ മാറ്റങ്ങൾ വന്നിരിക്കുന്നു. നിർമ്മിതബുദ്ധിയുടെ കടന്നുകയറ്റത്തിൽ പരമ്പരാഗത ജോലി സാധ്യതകൾ വളരെയധികം ഇല്ലാതാകും എന്നതിൽ സംശയമില്ല. അതേ സമയം പുതിയ ജോലികൾ പതിന്മടങ്ങായി ഉണ്ടാകുകയും ചെയ്യും. അവ ഉണ്ടാകുന്ന ക്രമത്തിൽ അവ ഏറ്റെടുക്കാനുള്ള കഴിവ് ഓരോരുത്തരിലും വളർത്തിയെടുക്കണം.

**മാറ്റങ്ങൾ ശ്രദ്ധിക്കുക**

സർക്കാർ ജോലിയുടെ ആകർഷണീയതയും സാധ്യതയും കുറഞ്ഞിരിക്കുന്നു. എന്നാൽ സ്വകാര്യ മേഖലകളിൽ തൊഴിൽ അവസരങ്ങൾ ഇനിയും ഇവിടെ ധാരാളം ഉണ്ട് എന്ന വസ്തുത നാം തിരിച്ചറിയണം. കാലം മാറുന്നതിനനുസരിച്ച് പുതിയ സാധ്യതകൾ ഉണ്ടാകുകയും ചെയ്യും. അത് തിരിച്ചറിയാനായി രാജ്യത്ത് നടക്കുന്ന സാമ്പത്തിക -വ്യാവസായിക -വിദ്യാഭ്യാസ മാറ്റങ്ങളെപ്പറ്റി നിരന്തരം നാം വായിച്ചറിയണം. കാരണം അവസരം ആരെയും കാത്ത് നിൽക്കുകയില്ല.

**തൊഴിൽ സൃഷ്ടിക്കുന്നവരാകുക**

നമ്മുടെ കഴിവുകളും ചുറ്റുപാടുകളും സാധ്യതകളും മനസ്സിലാക്കി നമ്മിലുള്ള സംരംഭകത്വം വളർത്തിയെടുത്ത് കേവലം തൊഴിലന്വേഷകരാകാതെ തൊഴിൽ ദാതാക്കളായി നാം മാറണം. രൂപതകൾക്കും സമർപ്പിത സമൂഹങ്ങൾക്കും മറ്റും ഇക്കാര്യത്തിൽ നിയമപരവും ഘടനാപരവുമായ അനേകം പരിമിതികൾ ഉണ്ട്. എന്നാൽ വ്യക്തികൾക്കും അവരുടെ കൂട്ടായ്മകൾക്കും വളരെയധികം സ്വാതന്ത്ര്യവും സാധ്യതയും ഇക്കാര്യത്തിൽ ഉണ്ട്. സർക്കാരുകളുടെ നിർലോഭമായ സഹായവും ഉണ്ട്. യുവാക്കൾക്കെന്നപോലെ ജോലിയിൽ നിന്ന് വിരമിച്ചവർക്കും സാധ്യതകൾ ഏറെയാണ്. സർക്കാർ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും സ്വകാര്യ കമ്പനികളിൽ നിന്നും വിരമിച്ചവർ തങ്ങളുടെ വൈദഗ്ധ്യം സമുദായത്തിന്റെ നന്മക്കായി ചെലവഴിക്കാൻ തയ്യാറായാൽ കാര്യങ്ങൾ ഏറെ എളുപ്പമാകും. ധാരാളം പുതിയ ജോലികൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. 1991-ൽ രാജ്യത്തുണ്ടായ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് സർക്കാർ അവലംബിച്ച സാമ്പത്തിക ഉദാരവൽക്കരണം തൊഴിൽ മേഖലയിൽ ഉണ്ടാക്കിയ കുതിച്ച് ചാട്ടത്തിന് സാക്ഷികളാണ് ഇന്നത്തെ അൻപതും അതിന് മുകളിലും ഉള്ള മുതിർന്ന തലമുറക്കാർ.

**സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുക**

സർക്കാരിന്റെ സഹായ പദ്ധതികൾ പ്രയോജനപ്പെടുത്തി ഒറ്റയ്ക്കോ കൂട്ടായോ സംരംഭങ്ങളും സ്ഥാപനങ്ങളും തുടങ്ങാൻ വ്യക്തികൾക്കും കൂട്ടായ്മകൾക്കും സാധിക്കും. ഇതിനാവശ്യമായ പരിശീലനങ്ങളും സാമ്പത്തിക പിന്തുണയും ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും ജീവസും നല്കിവരുന്നുണ്ട്. WWW. keralalabour.org എന്ന പോർട്ടലിൽ വ്യക്തി വിവരങ്ങൾ രജിസ്റ്റർ ചെയ്ത് ജോലി ലഭിക്കുന്നതിനുള്ള സാധ്യതയും ഒരുക്കിയിട്ടുണ്ട്.

**പെൻഷൻ - ക്ഷേമനിധികൾ**

***സർക്കാർ പദ്ധതികൾ:*** പരാശ്രയമില്ലാതെ വാർദ്ധക്യകാല ആവശ്യങ്ങളുടെ നിറവേറ്റലാണ് പെൻഷൻ വഴി ഉറപ്പാക്കുന്നത്. എല്ലാവർക്കും പെൻഷൻ ലഭിക്കാനുള്ള സർക്കാർ പദ്ധതികൾ ഇന്ന് നിലവിലുണ്ട് പക്ഷേ അതിനെക്കുറിച്ച് വേണ്ടത്ര അറിവില്ലന്നു മാത്രമല്ല, പ്രയോജനപ്പെടുത്താൻ പലരും മടി കാണിക്കുകയും

ചെയ്യുന്നു. ചെറുകിട കർഷകർ, നിർമ്മാണ ജോലിക്കാർ, തയ്യൽ ജോലി ചെയ്യുന്നവർ, പ്രവാസികൾ, ഗാർഹിക ജോലി ഉൾപ്പെടെയുള്ള ജോലി ചെയ്യുന്നവർ എന്നിവർക്കെല്ലാം ക്ഷേമനിധി വഴി സർക്കാർ പെൻഷൻ പദ്ധതികളിൽ ഉപഭോക്താക്കളാകാൻ കഴിയും. അതിനുള്ള സാങ്കേതിക സഹായം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയോട് ചേർന്ന് പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് നല്കുന്നുണ്ട്. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽ കാര്യ സമിതിയുടെ പ്രവർത്തനവിഭാഗമാണ് കേരള ലേബർ മൂവ്മെന്റ്.

***രൂപതാ പദ്ധതികൾ:*** പ്രതിമാസം 4000 രൂപ മുതൽ 6000 രൂപ വരെ പെൻഷനും 5 മുതൽ 8 ലക്ഷം രൂപയുടെ ആജീവനാന്ത സംരക്ഷണവും ലഭിക്കുന്ന പെൻഷൻ പദ്ധതിക്ക് ഇൻഷുറൻസ് കമ്പനികളോട് ചേർന്ന് ജീവസ്സ്, കെ. എൽ. എം. കൂട്ടായ്മ വഴി തയ്യാറാക്കിയിട്ടുണ്ട്.  35 വയസ്സു മുതൽ 70 വയസ്സു വരെ ഉള്ളവർക്ക് ഇതിൽ ചേരാൻ കഴിയും. ഒരു വർഷം 30,000 (മുപ്പതിനായിരം) രൂപ വീതമോ 50,000 (അമ്പതിനായിരം) രൂപ വീതമോ 10 വർഷം അടയ്ക്കുന്നവർക്കാണ് ഈ പെൻഷൻ ലഭ്യമാകുന്നത്. പെൻഷൻ ആവശ്യമില്ലെങ്കിൽ കാലാവധിക്ക് ശേഷം പിൻമാറുമ്പോൾ കുറഞ്ഞത് 6 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ തിരികെ ലഭിക്കുകയും ചെയ്യും. അടച്ച തുകയുടെ ഏകദേശം ഇരട്ടിയാണത്. ഓരോ വർഷവും പെൻഷൻ തുകയിൽ വർധനവും ഉണ്ട്. പദ്ധതിയിൽ നിന്നും എപ്പോൾ വേണമെങ്കിലും ചില വ്യവസ്ഥകളോടെ പിൻവാങ്ങാനും സാധിക്കും.

***ആരോഗ്യ ഇൻഷൂറൻസ്:*** ചികിത്സാ ചെലവുകൾ ഇന്ന് വളരെ വലുതാണ്. ഇതിനായി സർക്കാർ വഴിയും പോസ്റ്റ് ഓഫീസ് വഴിയും ചെറിയ തുകയ്ക്ക് 17.5 ലക്ഷം വരെ സംരക്ഷണം ലഭിക്കുന്ന ഇൻഷുറൻസ് പദ്ധതികൾ നിലവിലുണ്ട്. അവ പ്രയോജനപ്പെടുത്താൻ ജീവസ് വഴി സാധിക്കും. രോഗം വന്ന ശേഷം ചേരാം എന്ന് കരുതിയാൽ അത് സാധ്യമാകുകയില്ല. കാരണം രോഗം വന്നു കഴിഞ്ഞാൽ പിന്നീട് ഇൻഷൂറൻസിൽ ചേരാൻ കഴിയില്ല. അല്ലെങ്കിൽ ആ രോഗം ഒഴിവാക്കിയേ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുകയുള്ളു. ഇൻഷുറൻസിന്റെ അഭാവത്തിൽ ചികിത്സാച്ചെലവുകൾക്കായി വൻസംഖ്യ സ്വന്തം കയ്യിൽ നിന്ന് എടുത്ത് കൊടുക്കാൻ കഴിയാത്തവരാണല്ലോ ഭൂരിഭാഗം പേരും.

***കുടുംബാരോഗ്യ പദ്ധതി (ഫാമിലി ഹെൽത്ത് കെയർ):*** കെ. എൽ. എം. വഴി നടപ്പാക്കിയിരിക്കുന്ന 5 ലക്ഷം രൂപയുടെ ഫാമിലി ഹെൽത്ത് ഇൻഷൂറൻസ് പദ്ധതിയാണിത്. പദ്ധതിയിൽ ചേരുന്നവർക്ക് ആദ്യവർഷം പ്രീമിയത്തിന്റെ നിശ്ചിത വിഹിതം ഡിസ്കൗണ്ട് ആയി ലഭിക്കും. കഴിഞ്ഞ വർഷം ഈ പദ്ധതിയിൽ 256 കുടുംബങ്ങൾ ചേർന്നപ്പോൾ മൊത്തം 16 ലക്ഷം രൂപ പ്രീമിയം തുകയിൽ ഡിസ്കൗണ്ട് നല്കുകയുണ്ടായി.

വൈദികർക്കും സന്യസ്തർക്കും ഇടവക പോലെയുള്ള സഭാസംവിധാനങ്ങളിൽ ജോലിചെയ്യുന്നവർ എന്നിവർക്കുമായുള്ള പ്രത്യേക പെൻഷൻ ആരോഗ്യ ഇൻഷൂറൻസ് പദ്ധതികളും ജീവസ് വഴി നമ്മുടെ രൂപതയിൽ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാവരും ഇത്തരം പദ്ധതികളിൽ ചേരുമ്പോഴാണ് നമ്മുടെ സമുദായം ആരോഗ്യരംഗത്ത് ശക്തീകരിക്കപ്പെടുന്നത്.

മേൽപ്പറഞ്ഞ പദ്ധതികളെപ്പറ്റി കുടുംബങ്ങളെ അറിയിക്കാനും സഹായം നല്കാനും ഇടവകയിലെ പ്രതിനിധിയോഗങ്ങളും കുടുംബകൂട്ടായ്മകളും മുൻകൈ എടുക്കണം. ജീവസ് - കെ. എൽ. എം. കോഡിനേറ്റർമാർ ഇതിന് നേതൃത്വം നല്കണം. ഏതെങ്കിലും ഇടവകയിൽ കോഡിനേറ്ററെ നിയമിച്ചിട്ടില്ലെങ്കിൽ ഉടൻ അതു ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. സമുദായത്തിന്റെ ശക്തീകരണം ആരംഭിക്കേണ്ടത് താഴെ തട്ടിൽ നിന്നാണ് എന്ന കാര്യം മറക്കാതിരിക്കുക.

പെൻഷൻ - ഇൻഷൂറൻസ് പദ്ധതികളിൽ ചേരാനാഗ്രഹിക്കുന്നവരുടെ ലിസ്റ്റ് കുടുംബകൂട്ടായ്മ ലീഡർമാർ ശേഖരിക്കണം. ആവശ്യമായ നിശ്ചിത എണ്ണം ആളുകൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട കമ്പനി ഉദ്യോഗസ്ഥർ ഉൾപ്പെടെ ബന്ധപ്പെട്ടവർ ഇടവകയിൽ വന്ന് താത്പര്യമുള്ളവരെ ചേർത്ത് തരുന്നതിനുള്ള ക്രമീകരണങ്ങൾ ജീവസ് - കെ. എൽ. എം. ചെയ്തിട്ടുണ്ട്.

**രേഖകളിലെ വിവരങ്ങൾ ഒരുപോലെയാക്കുക**

മറ്റൊരു പ്രധാന കാര്യമാണ് ആധാർകാർഡ്, പാൻകാർഡ്, വോട്ടർ കാർഡ്, റേഷൻ കാർഡ്, പാസ്പ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ നമ്മുടെ വ്യക്തിഗത രേഖകളിലെ വിവരങ്ങൾ അതായത് പേര്, വീട്ടുപേര്, ജനന തീയതി, മേൽവിലാസം തുടങ്ങിയവയെല്ലാം ഒരേ പോലെ കുറ്റമറ്റതാക്കി കൃത്യമാക്കുകയും വാങ്ങി സൂക്ഷിക്കുകയും

ചെയ്യുക എന്നത്. അവയിലുള്ള ചെറിയ വ്യത്യാസങ്ങൾ പോലും പദ്ധതികളിൽ ചേരുന്നതിന് തടസ്സമാകും. കാരണം നടപടിക്രമങ്ങൾ എല്ലാം കമ്പ്യൂട്ടർ അധിഷ്ഠിതമാണ്. നിസ്സാരമെന്ന് നാം കരുതുന്ന മാറ്റങ്ങൾ പോലും കമ്പ്യൂട്ടർ അംഗീകരിക്കുകയില്ല.

**പ്രവാസികൾ നോർക്കയിൽ രജിസ്റ്റർ ചെയ്യുക**

വിദേശത്ത് ജോലിക്കും പഠനത്തിനുമായി പോകുന്ന നമ്മുടെ സമുദായംഗങ്ങൾ ഭൂരിപക്ഷവും നോർക്ക എന്ന സർക്കാർ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയോ തിരിച്ചറിയൽ കാർഡ് എടുക്കുകയോ ചെയ്യുന്നില്ല എന്നാണ് അന്വേഷണത്തിൽ മനസ്സിലായത്. ഇത്തരം കാര്യങ്ങളെസംബന്ധിച്ച വിവരങ്ങളും സഹായങ്ങളും ജീവസ്സിന്റെ രൂപതാ ഓഫീസ് വഴി ലഭിക്കും. പ്രവാസികളായവർക്ക് നോർക്ക വഴി അനേകം ക്ഷേമ പദ്ധതികൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

സമുദായ ശക്തീകരണത്തിന്റെ അടുത്ത ഘട്ടത്തിൽ ഈ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് കുടുംബ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കാൻ ഊന്നൽ നല്കണമെന്ന് ബന്ധപ്പെട്ടവരെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. വിളക്കുകളുമായി മണവാളനെ കാത്തിരുന്ന പത്ത് കന്യകമാരുടെ ഉപമയിൽ (മത്തായി 25: 114) കർത്താവ് അഞ്ച് പേരെ വിവേകവതികൾ എന്നും അഞ്ച് പേരെ വിവേകശൂന്യകൾ എന്നുമാണ് വിശേഷിപ്പിച്ചത്. സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി വിളക്കിൽ എണ്ണ നിറയ്ക്കാൻ കരുതൽ എടുത്തവരാണ് വിവേകമതികൾ. സാഹചര്യങ്ങളെ പ്രയോജനപ്പെടുത്താതെയും കരുതൽ എടുക്കാതെയും പരാതിയും പരിതാപവും അപേക്ഷയും വഴി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് കരുതിയവരാണ് വിവേക ശൂന്യകൾ. ആരും ആ വിഭാഗത്തിൽപ്പെടാതിരിക്കട്ടെ.

*സത്യത്തിൽ സ്നേഹം* എന്ന ചാക്രീക ലേഖനത്തിലൂടെ ബെനഡിക്ട് പാപ്പ പഠിപ്പിച്ചത് സൗജന്യം കൊണ്ട് ദാരിദ്ര്യമില്ലാതാക്കാനോ മനുഷ്യരുടെ പ്രശ്നങ്ങൾ പരിഹരിക്കാനോ സാധിക്കുകയില്ല എന്നാണ്. നിയമപ്രകാരമുള്ള അവകാശങ്ങൾ നേടിയെടുക്കുകയും പ്രയോജനപ്പെടുത്തുകയും അതിന് സഹായിക്കുകയുമാണ് എല്ലാവരും ചെയ്യേണ്ടത്. അത് നേതൃത്വത്തിന്റെ മാത്രം കടമയാണ് എന്ന് കരുതുന്നതും മൗഢ്യമായിരിക്കും.

**സുരക്ഷിത കുടുംബം -സുശക്ത സമുദായം** എന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ രൂപത സമുദായ ശക്തീകരണ വർഷ

പ്രവർത്തനങ്ങൾ ക്രമീകരിച്ച് നടപ്പിലാക്കി വരുന്നത്. സുരക്ഷിത കുടുംബം എന്നതിനായി മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രയോജന പ്പെടുത്താൻ അറിവും സഹായവും നല്കാൻ സംഘടനാ പ്രവർ ത്തകരും പ്രതിനിധിയോഗത്തിലെ അംഗങ്ങളും കുടുംബക്കൂട്ടാ യ്മാ ഭാരവാഹികളും ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട വികാരി യച്ചന്മാരും മറ്റ് വൈദികരും സമർപ്പിത സഭാംഗങ്ങളും അൽമായ നേതൃത്വവും ആവശ്യമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും നല്കണമെന്നും പദ്ധതികളെ എല്ലാവരും പ്രയോജനപ്പെടുത്തണ മെന്നും എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് രണ്ടായിരത്തി ഇരുപത്താറാമാണ്ട് സെപ്റ്റംബർ മാസം ഇരുപതാം തീയതി നൽക പ്പെട്ടത്.

യേശുവിൽ,




**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

ശ്രദ്ധിക്കുക: ഈ സർക്കുലർ 2026 ഒക്ടോബർ മാസം നാലാം തീയതി ഞായറാഴ്ച വിശ്വാസി സമൂഹത്തിനായുള്ള വിശുദ്ധ കുർബാനയർപ്പിക്കപ്പെടുന്ന എല്ലായിടത്തും വിശുദ്ധ കുർബാനക്കെത്തുന്നവരുടെ അറിവിലേക്ക് വായിക്കുകയും ഇട വകളുടെയും സംഘടനകളുടെയും മറ്റും വാട്ട്സ് ആപ്പ് ഗ്രൂപ്പുക ളിലേക്ക് ഷെയർ ചെയ്യുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ചന്റെയും, നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത അച്ചന്മാരെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്ക് അനുസ്മരിക്കാം.

**2. ജപമാല മാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരുവാനും പരി. അമ്മയുടെ മാധ്യസ്ഥ്യം തേടുവാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമങ്ങൾ നടത്തുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

**3. മിഷൻ മാസം- മിഷൻ ഞായർ: ഒക്ടോബർ 18**

ഒക്ടോബർ മാസം 18-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾവരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം ശക്തിപ്പെടുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുമുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും ആഘോഷവും. ഈ അവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ പിരിവിന്റെ 25 ശതമാനം ചെറുപുഷ്പ മിഷൻ ലീഗിന്റെ രൂപതാ പ്രവർത്തനങ്ങൾക്കും 15 ശതമാനം മേഖലാ പ്രവർത്തനങ്ങൾക്കും

ആയിട്ടാണ് എല്ലാവർഷവും നമ്മൾ നൽകിക്കൊണ്ടിരിക്കുന്നത്. ഈ വർഷവും രൂപതാ പ്രവർത്തനങ്ങൾക്കായി ആ തുക മിഷൻ ലീഗിന്റെ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

മിഷൻമാസം മുഴുവൻ ചൊല്ലുവാനുള്ള കാറോസൂസാ പ്രാർത്ഥന പേജ് 24-ൽ കൊടുത്തിട്ടുണ്ട്.

**4. വൈദിക സമിതി യോഗം (Presbyteral Council) ഒക്ടോബർ 8**

മാനന്തവാടി രൂപത വൈദിക സമിതിയുടെ ഒരു യോഗം 2026 ഒക്ടോബർ 8 വ്യാഴാഴ്ച്ച രാവിലെ 10:30 മുതൽ 1:00 മണിവരെ ബിഷപ്പ്സ് ഹൗസിൽ വെച്ചു ചേരുന്നതാണ്.

**5. പാസ്റ്ററൽ കൗൺസിൽ - ഒക്ടോബർ 10**

നമ്മുടെ രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2026 ഒക്ടോബർ 10 ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.00 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയിപ്പായി സ്വീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**6. അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതിയുടെ 2026 - 27 വർഷത്തെ ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്കാരം നേടിയ ബഹു ഫാ. ടോമി പുത്തൻപുരക്കലിന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു. രൂപതയിൽ മിഷൻലീഗിലും തുടർന്ന് മിഷൻ പ്രദേശങ്ങളിലും മിഷൻ ചൈതന്യം നിറഞ്ഞ അച്ചന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരമാണ് ഈ അവാർഡ്. നല്ലൊരു അജപാലകനായ അച്ചൻ ഇപ്പോൾ പൂക്കോട്ടുംപാടം ഇടവക വികാരിയായി സേവനം ചെയ്യുന്നു.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

## 2026 ഒക്ടോബർ മാസത്തിലെ കുടുംബ കൂട്ടായ്മകളിലെ പഠനവിഷയം

# വ്യക്തിഗത രേഖകളുടെ പ്രാധാന്യം

ഒരു ജനാധിപത്യ രാജ്യത്തിലെ പൗരനെ സംബന്ധിച്ച് അവരുടെ നിലനിൽപ്പും അവകാശങ്ങളും നിയമപരമായി രേഖപ്പെടുത്തപ്പെടുന്നത് ഔദ്യോഗിക രേഖകളിലൂടെയാണ്. ജനനം മുതൽ മരണം വരെയുള്ള ഒരു മനുഷ്യ ജീവിതത്തിലെ സുപ്രധാന ഘട്ടങ്ങളെല്ലാം കൃത്യമായ സർട്ടിഫിക്കറ്റുകളാൽ സാക്ഷ്യപ്പെടുത്തപ്പെട്ടിരിക്കുന്നു.

**സർട്ടിഫിക്കറ്റ്: ലളിതമായ നിർവചനം**

ഒരു വ്യക്തിയുടെ ജനനം, മരണം, യോഗ്യത, പദവി, അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വസ്തുത എന്നിവ സത്യമാണെന്ന് ബോധ്യപ്പെടുത്തിക്കൊണ്ട്, അധികാരമുള്ള ഒരു ഔദ്യോഗിക സ്ഥാപനമോ വ്യക്തിയോ നൽകുന്ന നിയമപരമായ രേഖാമൂലമുള്ള സാക്ഷ്യപ്പെടുത്തലാണ് സർട്ടിഫിക്കറ്റ്. ഇത് ഭാവിയിലെ എല്ലാ നിയമപരമായ ആവശ്യങ്ങൾക്കും അവകാശ സ്ഥാപനങ്ങൾക്കും അടിസ്ഥാനപരമായ തെളിവായി വർത്തിക്കുന്നു.

**പേര് നൽകുമ്പോൾ ശ്രദ്ധിക്കേണ്ടവ**

കേരളത്തിൽ പലപ്പോഴും കുട്ടികൾക്ക് പേരിടുമ്പോൾ വ്യക്തമായ ധാരണയില്ലാത്തതിനാൽ വലിയ തെറ്റുകൾ സംഭവിക്കാറുണ്ട്. ആദ്യ പേര് (First Name), മധ്യ പേര് (Middle Name), അവസാനപേര്/സർ നെയിം (Last Name/Surname) എന്നിവയുടെ പ്രാധാന്യവും ആഗോള ഫോർമാറ്റും മനസ്സിലാക്കാതെ നൽകുന്ന പേരുകൾ പിൽക്കാലത്ത് പാസ്പോർട്ട്, വിസ, വിദേശ വിദ്യാഭ്യാസം എന്നിവയ്ക്ക് വലിയ തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

**ശരിയായ പേര് നൽകുന്ന വിധവും സാംസ്കാരിക പശ്ചാത്തലവും**

ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട രീതി അനുസരിച്ച് ഒരു പേരിനെ മൂന്നായി തിരിക്കാം:

- ആദ്യ പേര് (First Name / Given Name): ഇത് ഒരു വ്യക്തിയുടെ സ്വന്തം പേരാണ് (ഉദാഹരണത്തിന്: എബിൻ). സ്കൂൾ റെക്കോർഡുകളിലും ഔദ്യോഗിക രേഖകളിലും വ്യക്തിയെ വ്യക്തിപരമായി തിരിച്ചറിയാൻ ഈ പേരാണ് ഉപയോഗിക്കുന്നത്.

● മധ്യപേര് (Middle Name - സാംസ്കാരിക അടയാളം) മധ്യപേര് എന്നത് ഒരു വ്യക്തിയുടെ സാംസ്കാരികവും പ്രാദേശികവുമായ പശ്ചാത്തലവുമായി വളരെ ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.

**കേരളീയ രീതി:** കേരളത്തിൽ മധ്യപേര് മിക്കപ്പോഴും പിതാവിന്റെ സ്വന്തം പേരായിരിക്കും (ഉദാ: എബിൻ ജോസഫ് ഇതിൽ ജോസഫ് എന്നത് പിതാവിന്റെ പേരാണ്). ഇത് പിതൃവഴിയുള്ള പാരമ്പര്യത്തെ ബഹുമാനിക്കുന്ന സാംസ്കാരിക രീതിയാണ്.

**ഉത്തരേന്ത്യൻ രീതി:** ലിംഗഭേദത്തെയോ പദവിയെയോ കാണിക്കാൻ പുരുഷന്മാർക്ക് 'Kumar', 'Singh' എന്നും സ്ത്രീകൾക്ക് 'Kumari', 'Devi' എന്നും മധ്യപേര് നൽകുന്നു.

**പാശ്ചാത്യ രീതി:** കുടുംബത്തിലെ മുത്തശ്ശൻമാരുടെ പേരോ ജ്ഞാനസ്നാന സമയത്ത് ലഭിക്കുന്ന വിശുദ്ധരുടെ പേരോ നൽകാറുണ്ട്.

● അവസാന പേര് / സർ നെയിം (Last Name / Surname / Family Name): ഒരു വ്യക്തി തന്റെ കുടുംബത്തിൽ നിന്നോ പരമ്പരയിൽ നിന്നോ പാരമ്പര്യമായി സ്വീകരിക്കുന്ന പൊതുവായ പേരാണ് സർ നെയിം. കേരളത്തിൽ പാരമ്പര്യമായി തറവാട്ടു പേരുകൾ (ഉദാ: പുതുശ്ശേരി) അല്ലെങ്കിൽ ജാതി/വിഭാഗപ്പേരുകൾ (ഉദാ: നായർ, മേനോൻ, പിള്ള,) എന്നിവയാണ് സർ നെയിം ആയി ഉപയോഗിക്കാറുള്ളത്. ആഗോളതലത്തിൽ (പാസ്പോർട്ട്, വിസ എന്നിവയിൽ) ഒരു വ്യക്തിയെ തരംതിരിക്കുന്നതും തിരിച്ചറിയുന്നതും സർ നെയിം അടിസ്ഥാനമാക്കിയാണ്.

**മൂന്ന് അവസ്ഥകൾ**

**(1) ജനനം (Identity & Rights)**

ഒരു വ്യക്തിയുടെ നിയമപരമായ ജനനം ആരംഭിക്കുന്നത് ജനന രജിസ്ട്രേഷനിലൂടെയാണ്.

ജനന സർട്ടിഫിക്കറ്റ് ആണ് ഒരു പൗരന്റെ ആദ്യത്തെ ഔദ്യോഗിക തിരിച്ചറിയൽ രേഖ. ജനിച്ച തീയതി, സ്ഥലം, മാതാപിതാക്കളുടെ പേര് എന്നിവ ഇതിലൂടെ ഉറപ്പിക്കുന്നു. 1969-ലെ ജനന മരണ രജിസ്ട്രേഷൻ നിയമപ്രകാരം ജനനം നടന്ന് 21 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്.

**അവകാശ സംരക്ഷണം:** കുട്ടിയുടെ പൗരത്വം ഉറപ്പാക്കു

ന്നതിനും ഭാവിയിൽ സ്കൂൾ പ്രവേശനത്തിനും ഈ സർട്ടിഫി ക്കറ്റ് അത്യാവശ്യമാണ്.

**ലഭ്യമാകുന്ന ആനുകൂല്യങ്ങൾ:** പ്രതിരോധ കുത്തിവെയ്പ്പുകൾ, സർക്കാരിന്റെ മാതൃശിശു സംരക്ഷണ ആനുകൂല്യങ്ങൾ, മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നിവയ്ക്ക് ഇത് അടിസ്ഥാന രേഖയാണ്.

**(2) ജീവിത കാലം (Protection of Assets & Privileges)**

ജീവിതകാലത്ത് ഒരു പൗരൻ തന്റെ സ്വത്തുക്കളും അവകാ ശങ്ങളും സംരക്ഷിക്കാൻ വിവിധ തിരിച്ചറിയൽ രേഖകളും നിയമ ങ്ങളും ഉപയോഗിക്കുന്നു. ഐഡന്റിറ്റി രേഖകൾ: ആധാർ കാർഡ്, വോട്ടർ ഐഡി, പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ ഈ ഘട്ടത്തിൽ വ്യക്തിത്വം തെളിയിക്കുന്നു.

**സ്വത്തുക്കളുടെ സംരക്ഷണം:** ജീവിതകാലത്ത് സമ്പാദിക്കുന്ന സ്വത്തുക്കൾ നിയമപരമായി രജിസ്റ്റർ ചെയ്യണം (ആധാരങ്ങൾ). സ്വന്തം സമ്പാദ്യം തനിക്ക് ശേഷം ആർക്ക് ലഭിക്കണം എന്ന് തീരു മാനിക്കാൻ വിൽപത്രം (Will) തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നത് ജീവിതകാലത്തെ സുപ്രധാന നടപടിയാണ്.

**അവകാശങ്ങളും ആനുകൂല്യങ്ങൾ:** തൊഴിൽ അവകാശങ്ങൾ, ബാങ്ക് അക്കൗണ്ടുകളിലെ നോമിനേഷൻ സൗകര്യം, വിവാഹ രജിസ്ട്രേഷൻ എന്നിവ ഇതിൽ പെടുന്നു. റേഷൻ കാർഡ് വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ, പെൻഷനുകൾ, ഇൻഷുറൻസ് പരിര ക്ഷകൾ എന്നിവ ലഭിക്കുവാൻ ഇത് ഉപകരിക്കും.

**(3) മരണം (Inheritance & Benefits)**

ഒരു വ്യക്തിയുടെ ഭൗതികമായ അവസ്ഥ അവസാനിക്കു മ്പോഴും അവരുടെ അവകാശങ്ങളും സ്വത്തുക്കളും സംരക്ഷിക്ക പ്പെടേണ്ടതുണ്ട്.

**മരണ സർട്ടിഫിക്കറ്റ്:** ജനനം പോലെ തന്നെ മരണവും 21 ദിവ സത്തിനകം രജിസ്റ്റർ ചെയ്യണം. ഇതാണ് മരണാനന്തര നിയ മനടപടികളുടെ അടിസ്ഥാനം.

**സ്വത്തുക്കളുടെ കൈമാറ്റം:** പൗരന്റെ മരണശേഷം സ്വത്തു ക്കൾ നിയമാനുസൃത അവകാശികൾക്ക് ലഭിക്കുന്നതിന് അന ന്തരാവകാശ സർട്ടിഫിക്കറ്റ് (Legal Heirship / Succession Certificate) വില്ലേജ്/താലൂക്ക് ഓഫീസിൽ നിന്നോ കോടതിയിൽ നിന്നോ വാങ്ങണം. വിൽപത്രം ഉണ്ടെങ്കിൽ അതനുസരിച്ചും, ഇല്ലെങ്കിൽ

വ്യക്തി നിയമങ്ങൾ (Personal Laws) അനുസരിച്ചും സ്വത്ത് വിഭജിക്കപ്പെടും.

**ലഭ്യമാകുന്ന ആനുകൂല്യങ്ങൾ:** മരണപ്പെടുന്ന പൗരന്റെ ആശ്രിതർക്ക് ലഭിക്കുന്ന ഫാമിലി പെൻഷൻ, ഇൻഷുറൻസ് തുകകൾ, മരണാനന്തര സഹായങ്ങൾ (Death Benefits), ആശ്രിത നിയമനം എന്നിവ ഈ ഘട്ടത്തിലാണ് ലഭ്യമാകുന്നത്. പേര് അല്ലെങ്കിൽ വിവരങ്ങൾ തെറ്റിപ്പോയാൽ സ്വീകരിക്കേണ്ട നടപടികൾ ഔദ്യോഗിക രേഖകളിൽ തെറ്റുകൾ സംഭവിച്ചാൽ താഴെപറയുന്ന നടപടികൾ സ്വീകരിക്കണം:

**1. ഗസറ്റ് വിജ്ഞാപനം (Gazette Notification):** പേര് പൂർണ്ണമായി മാറ്റാനോ വലിയ തെറ്റുകൾ തിരുത്താനോ കേരള സർക്കാർ ഗസറ്റിൽ പരസ്യം നൽകുകയാണ് ഏറ്റവും പ്രധാന വഴി. ഇതിനായി നിശ്ചിത ഫീസ് അടച്ച് അപേക്ഷിക്കണം.

**2. വൺ ആൻഡ് ദ സെയിം സർട്ടിഫിക്കറ്റ് (One and the Same Certificate):** വിവിധ രേഖകളിൽ പേര് ചെറിയ വ്യത്യാസങ്ങളിൽ (ഉദാഹരണത്തിന്: ഒരിടത്ത് എബിൻ ജോസഫ് എന്നും മറ്റൊരിടത്ത് ദേവസ്യ ജോസഫ് എന്നും) കാണപ്പെടുകയാണെങ്കിൽ, ഇത് രണ്ടും ഒരാൾ തന്നെയാണെന്ന് സാക്ഷ്യപ്പെടുത്തി തഹസിൽദാർ/വില്ലേജ് ഓഫീസർ നൽകുന്ന രേഖയാണിത്. ഇത് സ്ഥാപിക്കാനുള്ളരേഖകൾ കാണിക്കണം.

**3. ജനന സർട്ടിഫിക്കറ്റ് തിരുത്തൽ:** സ്കൂളിൽ ചേരുന്നതിന് മുൻപായി ജനന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തദ്ദേശ സ്ഥാപനത്തിലെ രജിസ്ട്രാർക്ക് അപേക്ഷ നൽകി തിരുത്താം. സ്കൂൾ സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്താൻ പരീക്ഷ ഭവനിലോ ബന്ധപ്പെട്ട എജ്യുക്കേഷൻ ബോർഡിലോ ആണ് അപേക്ഷിക്കേണ്ടത്. ജനന സർട്ടിഫിക്കേറ്റ് സ്കൂൾരേഖ പ്രകാരം തിരുത്താൻ കഴിയില്ല E W S (Economically Weaker Section ) സർട്ടിഫിക്കറ്റ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കകാർക്ക് ജോലി, പഠനം തുടങ്ങിയവയിൽ 10% സംവരണം ലഭിക്കുന്നതിന് വേണ്ടി നൽകുന്ന Income & Asset Certificate. ഭരണ ഘടനയുടെ 103 ഭേദഗതി പ്രകാരം 2019 ൽ നിലവിൽ വന്നു. സംസ്ഥാന ആവശ്യത്തിനും കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. രണ്ടിനും വ്യത്യസ്ത അർഹത മാനദണ്ഡങ്ങളാണുള്ളത്.

| മാനദണ്ഡം | സംസ്ഥാന സർക്കാർ (കേരളം) ആവശ്യം | കേന്ദ്ര സർക്കാർ ആവശ്യം |
|---|---|---|
| കുടുംബ വാർഷിക വരുമാനം | 4 ലക്ഷം വരെയേ പാടുള്ളൂ. | 8 ലക്ഷം വരെയേ പാടുള്ളൂ. |
| കാർഷിക ഭൂമി | പഞ്ചായത്ത് പരിധിയിൽ 2.5 ഏക്കറിൽ താഴെ (മുൻസിപ്പാലിറ്റിയിൽ 75 സെന്റ്, കോർപ്പറേഷനിൽ 50 സെന്റ് വരെ). | 5 ഏക്കറിൽ താഴെ ആയിരിക്കണം. |
| പാർപ്പിട വസ്തു (Plot / Flat) | മുൻസിപ്പാലിറ്റിയിൽ 20 സെന്റ്, കോർപ്പറേഷനിൽ 15 സെന്റ് വരെ. | മുൻസിപ്പാലിറ്റിയിൽ 100 സ്ക്വയർ യാർഡ് (2 സെന്റ്), മറ്റ് സ്ഥലങ്ങളിൽ 200 സ്ക്വയർ യാർഡ് (4 സെന്റ്) വരെ. 1000 സ്ക്വയർ ഫീറ്റിൽ താഴെ ഫ്ളാറ്റ്. |
| അനുവദികുന്ന ഉദ്യോഗസ്ഥൻ | വില്ലേജ് ഓഫീസർ (Village Officer). | തഹസിൽദാർ (Tahsildar) അല്ലെങ്കിൽ അതിനു മുകളിലുള്ള റവന്യൂഉദ്യോഗസ്ഥർ |
| സർട്ടിഫിക്കറ്റിന്റെ കാലാവധി | 1 സാമ്പത്തിക വർഷം (Financial Year / 1 Year). | 1 സാമ്പത്തിക വർഷം (Financial Year / 1 Year). |

| | | |
|---|---|---|
| കുടുംബത്തിന്റെ നിർവചനം | അപേക്ഷകൻ / അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെയുള്ള സഹോദരങ്ങൾ, പങ്കാളി, 18 വയസ്സിൽ താഴെയുള്ള മക്കൾ. | അപേക്ഷകൻ / അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെയുള്ള സഹോദരങ്ങൾ, പങ്കാളി, 18 വയസ്സിൽ താഴെയുള്ള മക്കൾ. |
| ഉപയോഗ മേഖല | കേരളത്തിലെ PSC നിയമനങ്ങൾ, സംസ്ഥനത്തെ ഉന്നത വിദ്യാഭ്യാസ പ്രവേശനം. | കേന്ദ്ര സർക്കാർ ജോലികൾ (SSC, UPSC, Banking മുതലായവ), കേന്ദ്ര സ്ഥാപനങ്ങളിലെ പ്രവേശനം. (IIT, NIT, Central Universities). |

**സീറോ മലബാർ സിറിയൻ കത്തോലിക്**

ഇനി മുതൽ സ്കൂൾ രേഖകളിലും മറ്റും സീറോ മലബാർ സിറിയൻ കത്തോലിക് വിഭാഗങ്ങളിൽ പെട്ടവരുടെ മതം, ജാതി/ സമുദായം എന്നിവ രേഖപ്പെടുത്തേണ്ടത് ക്രിസ്ത്യൻ സീറോ മലബാർ സിറിയൻ കാത്തോലിക് എന്ന രീതിയിലാണ്. ക്രിസ്ത്യൻ എന്നത് മതവും സീറോ മലബാർ സിറിയൻ കാത്തോലിക് എന്നത് സമുദായത്തിന്റെ പേരുമാണ്. പൊതുഭരണ (ഏകോപനം) വകുപ്പ് 04.07.2023ൽ പുറപ്പെടുവിച്ച സ.ഉ (കൈ) നമ്പർ 109/2023/ പൊ.ഭ.വ ഉത്തരവു പ്രകാരം സീറോ മലബാർ സഭയിൽപ്പെട്ട വിശ്വാസികൾക്ക് നൽകുന്ന സമുദായ സർട്ടിഫിക്കറ്റിലെ ജാതി/ സമുദായ നാമകരണത്തിൽ വ്യക്തത വരുത്തിയിട്ടുണ്ട്. ഈ ഉത്തരവുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ താഴെ നൽകുന്നു:

**നിലവിലെ രീതി:** സീറോ മലബാർ സഭാംഗങ്ങൾക്ക് ഇനിമുതൽ സമുദായ സർട്ടിഫിക്കറ്റിൽ സീറോ മലബാർ സിറിയൻ കത്തോലിക് (Syro Malabar Syrian Catholic) എന്നാണ് ഔദ്യോഗികമായി രേഖപ്പെടുത്തി നൽകുന്നത്.

**മുൻപത്തെ രീതി:** നേരത്തെ വില്ലേജ് ഓഫീസുകളിൽ നിന്നും

റവന്യൂ അധികാരികളിൽ നിന്നും ക്രിസ്ത്യൻ റോമൻ കത്തോലിക് ക്രിസ്ത്യൻ റോമൻ കത്തോലിക് സിറിയൻ എന്നിങ്ങനെ വ്യത്യസ്ത രീതികളിലായിരുന്നു സർട്ടിഫിക്കറ്റുകൾ നൽകിയിരുന്നത്. ഇത് പലപ്പോഴും അപേക്ഷകർക്ക് ആശയക്കുഴപ്പത്തിനും തടസ്സങ്ങൾക്കും കാരണമായിരുന്നു.

**ഉത്തരവിന്റെ ലക്ഷ്യം:** സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിലെ വൈരുധ്യങ്ങളും സാങ്കേതിക തടസ്സങ്ങളും ഒഴിവാക്കാനും, സർക്കാർ ആവശ്യങ്ങൾക്കും സംവരണേതര/മറ്റ് ആനുകൂല്യങ്ങൾക്കും ഏകീകൃതമായ നാമകരണം ഉറപ്പാക്കാനും വേണ്ടിയാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്.

നിലവിലുള്ള റോമൻ കാത്തലിക് എന്നത് തിരുത്തണമെങ്കിൽ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കേറ്റ് ആവശ്യമാണ്. ഇതിനായി മാതാപിതാക്കളുടെ ജാതി സർട്ടിഫിക്കേറ്റ് നല്കണം. ഇത് ഇല്ലങ്കിൽ ഇടവക വികാരി നൽകുന്ന സർട്ടിഫിക്കേറ്റ് പ്രകാരവും ശ്രമിക്കാവുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. സ്കൂളിൽ ചേർക്കുന്ന സമയത്ത് ജാതി സീറോ മലബാർ സിറിയൻ കാത്തലിക് എന്നും ജനന തിയ്യതി പള്ളി രേഖയിലും ജനന സർട്ടിഫിക്കേറ്റിലും ഉള്ളത് തന്നെയെന്നും ഉറപ്പുവരുത്തണം.

2.ആധാർ കാർഡ്, പാൻ കാർഡ്, ബാങ്ക് പാസ്ബുക്ക്, വോട്ടർ ഐഡി തുടങ്ങിയ എല്ലാരേഖകളിലും സ്കൂൾ സർട്ടിഫിക്കേറ്റിലെ പേരും ജനനതിയതിയും ആണ് ചേർക്കേണ്ടത്.

3. കൂടുതൽ വിവരങ്ങൾക്കും സംശയ നിവാരണത്തിനും ജീവസ് കെ. എൽ. എം. ഓഫീസുമായി ബന്ധപ്പെടുക. Mob. 7025932478.

**തയ്യാറാക്കിയത്: സമുദായ ശക്തീകരണ വർഷ കോർകമ്മിറ്റി**
**ഫാ. ജോബി മുക്കാട്ടുകാവുങ്കൽ (വൈസ് ചെയർമാൻ)**
**ജോസ് മാത്യു പുഞ്ചയിൽ (ജനറൽ കൺവീനർ)**

## സീറോമലബാർ സഭ
## മിഷൻമാസം - ഒക്ടോബർ 2026
# കാറോസൂസാ പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, ലോകം മുഴുവനുമുള്ള സീറോമലബാർ സഭാ മക്കൾ ഈ മിഷൻമാസത്തിൽ ഏകമനസ്സോടെ പ്രാർത്ഥിക്കുന്നു. മാമ്മോദീസ സ്വീകരിച്ച ഞങ്ങൾ ഓരോരുത്തരും പ്രേഷിതരായി അയക്കപ്പെട്ടവർ ആണെന്നുള്ള ബോധ്യം ഞങ്ങൾക്ക് നൽകണമേ. സുവിശേഷത്തിന്റെ വ്യാപനത്തിനായി പ്രാർത്ഥിക്കാനും, ക്രിസ്തുവിന്റെ സാക്ഷികളാകുവാനും, ധൈര്യപൂർവ്വം മറ്റുള്ളവരോട് സുവിശേഷം പങ്കുവെക്കാനും അവിടുന്ന് ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങു മാത്രമാണ് യഥാർത്ഥ പിതാവായ ദൈവമെന്നും അങ്ങയുടെ പ്രിയ പുത്രനായ ഈശോമിശിഹായെ അങ്ങ് അയച്ചുവെന്നും ഞങ്ങളുടെ പ്രഘോഷണം വഴി ഭൂവാസികൾ എല്ലാവരും അറിയാനിടയാകട്ടെ. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി പ്രേഷിതരംഗങ്ങളിൽ സേവനം ചെയ്യുന്ന മിഷനറിമാരുടെ പ്രവർത്തനങ്ങളെ ആശീർവദിക്കണമേ. മിഷൻ മേഖലകളിൽ തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ ധാരാളം വൈദികരെയും സന്യസ്തരെയും അല്മായരെയും അവിടുന്ന് വിളിക്കണമേ. അവിടുന്ന് ഞങ്ങളെ ഏൽപ്പിച്ച ദൗത്യത്തിനായി യത്നിച്ച് നിത്യകിരീടത്തിന് അർഹരാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

ഞങ്ങളുടെ അമ്മയായ പരിശുദ്ധ മറിയമേ, ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.

ഞങ്ങളുടെ പിതാവായ മാർത്തോമാശ്ലീഹായെ, ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.

പ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായെ, ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.

ഞങ്ങളുടെ സഭയിലെ വിശുദ്ധരെ, വാഴ്ത്തപ്പെട്ടവരെ, ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.

**ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 1**

ഈ വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷ നവംബർ 1 ഞായറാഴ്ച നടക്കുന്നതാണ്. എല്ലാ ഇടവകകളിലും നിശ്ചയിച്ചിരിക്കുന്ന സമയത്തുതന്നെ (11.00 am - 1.00 pm) പരീക്ഷ നടത്തുന്നതിനായി ബഹു. വികാരിയച്ചൻമാരും, ഹെഡ്മാസ്റ്റേഴ്സും ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. മറ്റ് സമയങ്ങളിൽ വേദപാഠം നടത്തുന്ന ഇടവകകൾ നിർദ്ദേശിക്കപ്പെട്ട സമയത്ത് പരീക്ഷ നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഒക്ടോബർ 28-ാം തീയതി രൂപത മതബോധന കേന്ദ്രത്തിലും (മണിമൂളി, നിലമ്പൂർ, നീലഗിരി ഒഴികെ) മാനന്തവാടി സെന്റ് ജോസഫ് ബുക്ക് സ്റ്റാളിലും (മാനന്തവാടി, പയ്യംപള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ ലഭ്യമായിരിക്കും.

രണ്ട് സെമസ്റ്റർ ആയിട്ടാണല്ലോ നമ്മുടെ പരീക്ഷകൾ. 1 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് രണ്ടാം സെമസ്റ്ററിൽ ആദ്യ സെമസ്റ്ററിലെ പാഠഭാഗങ്ങൾ ചോദിക്കുന്നതല്ല. 11, 12 ക്ലാസുകാർക്ക് ആദ്യ സെമസ്റ്ററിലെ പാർട്ട് 1-ൽ നിന്ന് 30% മാർക്കിന്റെ ചോദ്യങ്ങൾ വാർഷിക പരീക്ഷക്ക് ഉണ്ടായിരിക്കുന്നതാണ്. 4 മുതൽ 12 വരെ ക്ലാസ്സുകാർക്ക് 80 മാർക്കിൽ ആയിരിക്കും പരീക്ഷ. 100 ൽ 20 മാർക്ക് Internal ആയിരിക്കും. Internal മാർക്ക് ക്ലാസ് കയറ്റത്തിന് പരിഗണിക്കുന്നതാണ്.

**സ്കോളർഷിപ്പ്**

മുൻവർഷത്തിലേതുപോലെ 4,7,10 ക്ലാസുകളിൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ്. ആദ്യ സെമസ്റ്റർ പരീക്ഷയിൽ Part I ലും, II ലും 80 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ലിസ്റ്റും ഉത്തരകടലാസും രൂപതാ കേന്ദ്രത്തിലേക്ക് നൽകണം. കുട്ടിക്ക് അവിടെ ലഭിച്ച മാർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണം. രൂപതാകേന്ദ്രം ആ ഉത്തരക്കടലാസുകൾ ഒരിക്കൽ കൂടി മൂല്യനിർണയം ചെയ്യും. രണ്ടാമത്തെ മൂല്യനിർണയത്തിൽ രണ്ടുവിഭാഗത്തിലും 80 ശതമാനത്തിന് മുകളിൽ മാർക്കുള്ളവരെ ആദ്യസെമസ്റ്ററില സ്കോളർഷിപ്പിനുള്ള ലിസ്

റ്റിൽ ഉൾപ്പെടുത്തി ഇടവകകളിൽ അറിയിക്കും. ആ കുട്ടികൾക്ക് രണ്ടാം സെമസ്റ്ററിലും 80 ശതമാനത്തിനു (രണ്ടുവിഭാഗത്തിലും) മുകളിൽ മാർക്ക് ലഭിച്ചാൽ ഉത്തരകടലാസുകൾ രൂപതാ കേന്ദ്ര ത്തിലേക്ക് നൽകണം. ആ പേപ്പറുകൾ രൂപത വീണ്ടും value ചെയ്യും. രണ്ട് സെമസ്റ്ററിലും 80 ശതമാനത്തിനു മുകളിൽ മാർക്ക് ലഭിക്കുന്ന കുട്ടികളിൽ ഉയർന്ന മാർക്ക് ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ആദ്യ സെമസ്റ്റർ പരീക്ഷയിൽ 80 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികളുടെ പേപ്പർ വാലുവേഷൻ നടത്തി രൂപതാ ഓഫീസിൽ ഏല്പിക്കേണ്ട അവ സാന തീയതി നവംബർ 20 ആണ്. വൈകി വരുന്ന പേപ്പറുകൾ പരിഗണിക്കുന്നതല്ല.

**Mission Quiz**

സീറോ മലബാർ മിഷൻ ഓഫീസും, മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തുന്ന ഈ വർഷത്തെ മിഷൻ ക്വിസ്സ് 2026 ഡിസംബർ 6-ന് ആണ്. കുട്ടി കൾക്ക് വിശ്വാസ പരിശീലന ക്ലാസുകളിലും, മുതിർന്നവർക്ക് കുടുംബ കൂട്ടായ്മയുടെ വാട്സ് ആപ്പ് ഗ്രൂപ്പുകളിലും വിശദവിവര ങ്ങൾ നൽകി കഴിയുന്നത്ര ആളുകൾ പങ്കെടുക്കുവാൻ ശ്രദ്ധിക്കു മല്ലോ. മത്സരത്തിനുള്ള ലിങ്ക് പിന്നീട് നൽകുന്നതാണ്. www.syro-malabarmission.com. Mission Quest നുള്ള പാഠഭാഗങ്ങളും സാമ്പിൾ ചോദ്യങ്ങളും ഈ വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**Mission Quiz നുള്ള പാഠഭാഗങ്ങൾ**

- ബൈബിൾ: വി. യോഹന്നാന്റെ സുവിശേഷം (1-12 അധ്യായ ങ്ങൾ) (ഈശോയുടെ മിഷൻ പ്രവർത്തനങ്ങൾ) 25%
- മിഷൻ: ആദ് ജെന്തസ് (AD GENTES) Decree of II Vatican Council on The Mission of the Church 30%
- മതബോധനം: സീറോ മലബാർ സഭയുടെ ആരാധനക്രമ പരി ശീലനം: അധ്യായം 4 (പേജ് 66-99) 30%
- പൊതു വിജ്ഞാനം: സീറോമലബാർ മേജർ ആർക്കി എപ്പിസ് കോപ്പൽ ക്യൂരിയ-സീറോമലബാർ വിഷൻ- എന്ന പ്രസിദ്ധീ കരണം (2026 ജനുവരി മുതൽ സെപ്റ്റംബർ വരെ) 15%

(Visit the website https://syromalabarvision.com/epaper/)

**നിർദ്ദേശങ്ങൾ**

- മുൻകൂർ രജിസ്ട്രേഷൻ ആവശ്യമില്ല
- ഗൂഗിൾ ഫോം വഴിയായിരിക്കും പരീക്ഷ നടത്തപ്പെടുക.

• മൂന്ന് വിഭാഗങ്ങൾ ആയിട്ടായിരിക്കും പരീക്ഷ നടത്തപ്പെടുക.
• എല്ലാ വിഭാഗങ്ങൾക്കും വ്യത്യസ്ത ചോദ്യങ്ങൾ ആയിരിക്കും ലഭിക്കുക.
• ജൂനിയേർസ് 20 വയസിനു താഴെ (2006 ഡിസംബർ 6 ശേഷം ജനിച്ചവർ)
• അഡൾട്ട്സ് 21 നും 40 നും ഇടയിൽ (1986 ഡിസംബർ 6 നു ശേഷവും 2006 ഡിസംബർ 5 ന് മുൻപും ജനിച്ചവർ )
• സീനിയേഴ്സ് 41 വയസിന് മുകളിൽ (1986 ഡിസംബർ 6 ന് മുൻപ് ജനിച്ചവർ)

**പ്രതിഭാസംഗമം 2026–27**

XII, VII ക്ലാസുകളിലെ വിശ്വാസ പരിശീലന വേദികളിലെ കുട്ടികളുടെ സജീവ പങ്കാളിത്തം, അവരുടെ സമഗ്ര വ്യക്തിത്വത്തെ നിർണയിക്കുന്ന ആദ്ധ്യാത്മികവും ബൗദ്ധികവുമായ മുഴുവൻ ഘടകങ്ങളും, കഴിവുകളും പരിഗണിച്ച് ഓരോ ഇടവകയിലും നിന്ന് വേദപാഠത്തിന് ഏഴാം ക്ലാസ്സിലും, പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുന്ന 2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ എന്നിവരെ സെലക്ട് ചെയ്ത് മേഖലയ്ക്ക് അയയ്ക്കുക. മേഖലാ പ്രതിഭാ സംഗമത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടി, 2 പെൺകുട്ടി എന്നിവർക്കാണ് രൂപത പ്രതിഭാ സംഗമത്തിന് പങ്കെടുക്കാൻ സാധിക്കുക. XII–ാം ക്ലാസിന്റെ പ്രതിഭാസംഗമം മേഖലയിൽ നടത്തി അവിടെ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 4 കുട്ടികളുടെ പേര് വിവരങ്ങൾ ഒക്ടോബർ 31 നുള്ളിൽ രൂപതാ മതബോധന ഓഫീസിൽ നൽകേണ്ടതാണ്. സിലബസ് ഇതോടൊപ്പം നൽകുന്നു. രൂപതാ പ്രതിഭാ സംഗമം നവംബർ മാസത്തിലാണ് നടത്തപ്പെടുന്നത്.

**I. ചർച്ചക്ക് എടുക്കുന്ന വിഷയങ്ങൾ**

1. ഞാൻ ആരാണ്? ഈശോ എനിക്ക് ആരാണ്?
2. മാതൃ സഭയോടുള്ള എന്റെ സ്നേഹം.
3. എന്റെ വിശ്വാസ ജീവിതം.
4. ഈ കാലഘട്ടത്തിൽ സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ, അവയ്ക്കുള്ള പരിഹാര മാർഗങ്ങൾ.
5. എന്റെ സഭക്ക് എന്തൊക്കെ നല്കാൻ എനിക്ക് സാധിക്കും.
6. ക്രൈസ്തവ വിശ്വാസ സന്മാർഗ ബോധ്യങ്ങൾ.
7. വിശ്വാസ പരിശീലനം എന്ത്? എന്തിന്?
8. വിശ്വാസ ജീവിത സാക്ഷ്യം.

**II. Quiz (English / Malayalam)**

**പഠനഭാഗങ്ങൾ**

1) വി. യോഹ 1–12 അധ്യായങ്ങൾ
2) ഗലാ 1–6 അധ്യായങ്ങൾ
3) വി. ചാവറ കുര്യാക്കോസ് (Published by Syro Malabar Catechetical Commission)
4) സീറോ മലബാർ സഭയുടെ ചരിത്രം
5) ആഗോളസഭ: പൊതുവിജ്ഞാനം

**III. കുട്ടികളെ വിലയിരുത്തുന്നതിന് സഹായകമാകുന്ന ചില മേഖലകൾ, സൂചികകൾ**

1. ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ്, സന്നദ്ധത.
2. വിശ്വാസം ജീവിക്കാൻ, അതിന് സാക്ഷ്യം നല്കാൻ എത്രമാത്രം ഒരാൾ തയ്യാറാണ്.
3. ഒരേ അമ്മയുടെ മക്കളെന്ന നിലയിൽ സഭാംഗങ്ങൾ സ്വീകരിക്കേണ്ട നിലപാടുകൾ, അവയ്ക്ക് അടിസ്ഥാനമായ ബോധ്യങ്ങൾ: ഇവയിൽ എത്രമാത്രം ഒരാൾ ആഴപ്പെട്ടിട്ടുണ്ട്.
4. പന്ത്രണ്ട് വർഷത്തെ വിശ്വാസ പരിശീലനം ഒരാളെ എങ്ങനെ എത്രത്തോളം സ്വാധീനിച്ചിരിക്കുന്നു എന്ന വിലയിരുത്തൽ.
5. ക്യാമ്പ് ദിവസങ്ങളിലുള്ള പെരുമാറ്റ രീതി, group work, Quiz, ക്ലാസ്സുകളിലും മറ്റ് activity-കളിലുമുള്ള സജീവ പങ്കാളിത്തം.

**മേഖല വാർത്തകൾ**

**നടവയൽ**

ഇടവക സന്ദർശനം: നടവയൽ ഫൊറോനയുടെ കീഴിലുള്ള 13 പള്ളികളിലും ആഗസ്റ്റ്, സെപ്റ്റംബർ മാസത്തിൽ മേഖല ടീം അംഗങ്ങൾ സന്ദർശനം നടത്തി. വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തി, റിക്കോർഡുകൾ പരിശോധിച്ചു. കുട്ടികൾ വിശുദ്ധ കുർബാനയിലും, വിശ്വാസ പരിശീലന ക്ലാസുകളിലും സജീവമായി പങ്കെടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട അച്ചന്മാരുടെയും പ്രധാന അധ്യാപകരുടെയും മേൽനോട്ടത്തിൽ അധ്യാപകർ വിശ്വാസ പരിശീലനത്തെ വളരെ ഭംഗിയായി നടത്തിക്കൊണ്ടു പോകുന്നു. നടവയൽ മേഖലാ ഡയറക്ടർ ഫാ. ലാൽ പൈനുങ്കൽ മേഖല സെക്രട്ടറി സഞ്ചു കാട്ടിച്ചിറയിൽ മേഖല ടീം എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

മറ്റൊരു മിഷൻ മാസാചരണത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. സ്നേഹവും ത്യാഗവും സേവനവും സഹനവും ഒരുപോലെ ചേർത്ത് പ്രേക്ഷിത പ്രവർത്തനത്തിന്റെയും, വ്യക്തിത്വ വികാസത്തിന്റെയും, ദൈവവിളി പ്രോത്സാഹനത്തിന്റെയും പുണ്യക്കൂട്ടുകളാൽ ഈ മിഷൻ മാസ പ്രവർത്തനങ്ങളെ നമുക്ക് ഏറ്റവും ഫലദായകമാക്കാം.

എല്ലാ മേഖലകളിലും സെപ്റ്റംബർ മാസത്തിലും ഒക്ടോബർ ആദ്യവും കലാമത്സരങ്ങൾ ഭംഗിയായി നടത്തപ്പെട്ടു. അതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു. രൂപതാ മത്സരങ്ങൾക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് വിജയാശംസകൾ നേരുന്നു. അതുപോലെ സംസ്ഥാന സാഹിത്യ മത്സരത്തിന് യോഗ്യത നേടിയ എല്ലാവർക്കും അഭിനന്ദങ്ങളും ആശംസകളും.

നമ്മുടെ സംഘടനയുടെ സ്ഥാപക ഡയറക്ടർ ആയിരുന്ന ബഹു. മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണം ശാഖാ മേഖലാ രൂപതാതലങ്ങളിൽ നമ്മൾ നടത്തിയല്ലോ. സംസ്ഥാന സമിതി സംഘടിപ്പിച്ച മാലിപ്പറമ്പിൽ അച്ചൻ അനുസ്മരണ സമ്മേളനത്തിൽ നമ്മുടെ രൂപതാ പ്രതിനിധികളും പങ്കെടുത്തു. നമുക്ക് അഭിമാനവും, ആവേശവുമായി നമ്മുടെ പ്രിയപ്പെട്ട ടോമി പുത്തൻപുരയ്ക്കൽ അച്ചന് ഈ വർഷത്തെ മാലിപ്പറമ്പിലച്ചൻ പുരസ്കാരം ലഭിച്ചു. അച്ചനോടൊപ്പം മാനന്തവാടി രൂപതയിലെ മിഷൻലീഗ് കുടുംബം ഒന്നാകെ ഈ അഭിമാന നിറവിൽ സന്തോഷിക്കുന്നു. അച്ചന് എല്ലാവിധ അഭിനന്ദനങ്ങളും, ആശംസകളും നേരുന്നു. നമുക്ക് ചുറ്റും സ്നേഹത്തിന്റെയും, സേവനത്തിന്റെയും, പ്രകാശജ്വാല പടർത്തിക്കൊണ്ട്, കുഞ്ഞേട്ടനും മാലിപ്പറമ്പിലച്ചനും കാണിച്ചുതന്ന പ്രേക്ഷിതവഴിയിൽ കൂടുതൽ കരുത്തോടെ നമുക്ക് മുന്നേറാം. 'പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽ

തന്നെ നിർജീവമാണ്' (യാക്കോബ് 2 :17). എന്ന വചനത്തെ നെഞ്ചിലേറ്റി, പ്രാർത്ഥനയിലും സഹനത്തിലും ആഴപ്പെട്ട് ഈ മിഷൻ മാസം ധന്യമാക്കാൻ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

**സന്തോഷച്ചൻ**

**ആദരാഞ്ജലികൾ**

രൂപത ജനറൽ ഓർഗനൈസർ വിനോദ് ഓലേടത്ത് സാറിന്റെ ചാച്ചന്റെ നിര്യാണത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ അനുശോചനം അറിയിക്കുകയും ബഹു. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ മൃതസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

**സമ്മാനക്കൂപ്പൺ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത നടത്തിയ സമ്മാനകൂപ്പണിന്റെ നറുക്കെടുപ്പ് രൂപതാ കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 6 ാം തീയതി നടത്തപ്പെട്ടു. ഒന്നാം സമ്മാനം ജെയിൻസി ജോസഫ് കൊമ്മയാട്, രണ്ടാം സമ്മാനം നിധീഷ് കുന്നേൽ മരക്കടവ്, മൂന്നാം സമ്മാനം ഹെയ്സൽ ട്രീസ കുന്നുംപുറത്ത് കണിയാരം, നാലാം സമ്മാനം 10 പേർക്ക്, കൂടാതെ 200 ഓളം പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നു.

**പരി. അമ്മയുടെ ജനന തിരുനാൾ ഒരുക്കം**

സെപ്റ്റംബർ 1 മുതൽ 8 വരെ പരി. അമ്മയുടെ ജനന തിരുനാളിന് ഒരുക്കമായി സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കി ഷെയർ ചെയ്തു.

**ഡയറക്ടേഴ്സ് ദിനം**

ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ ദിനത്തിൽ ശാഖ, മേഖല, രൂപത ഡയറക്ടർമാർക്ക് ആശംസകൾ അറിയിച്ച് പോസ്റ്റർ ഷെയർ ചെയ്തു.

**സംസ്ഥാനതല മാലിപ്പറമ്പിൽ അനുസ്മരണം**

സെപ്റ്റംബർ 12-ാം തീയതി പാലായിലെ ആർപ്പൂക്കര ചെറുപുഷ്പം ദേവാലയത്തിൽ വച്ച് നടന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അച്ചൻ അനുസ്മരണ യോഗത്തിലും രൂപതാ, മേഖലാ ജോ. ഡയറക്ടർ സംഗമത്തിലും നമ്മുടെ രൂപതയിൽ നിന്നും ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും മേഖലാ ജോ. ഡയറക്ടേഴ്സും പങ്കെടുത്തു. യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറയെ ആദരിക്കുകയും ചെയ്തു.

**മാലിപ്പറമ്പിൽ പുരസ്കാരം**

ആർപ്പൂക്കര ചെറുപുഷ്പം ദേവാലയത്തിൽ വച്ച് നടന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അച്ചൻ അനുസ്മരണ യോഗത്തിൽ വച്ച് 2025-26 വർഷത്തെ ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്കാരം മാനന്തവാടി രൂപതാ അംഗവും മിഷലീഗിന്റെ മുൻ രൂപത ഡയറക്ടറുമായിരുന്ന ഫാ. ടോമി പുത്തൻപുരയ്ക്കലിന് ലഭിച്ചു. അച്ചന് എല്ലാവിധ ആശംസകളും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**രൂപതാതല മാലിപ്പറമ്പിൽ അനുസ്മരണം**

തരിയോട് മേഖലയിലെ കുറുമ്പാല ഇടവകയിൽ വച്ച് രൂപതാതല മാലിപ്പറമ്പിൽ അനുസ്മരണം നടത്തപ്പെട്ടു. യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ ഉദ്ഘാടനം നിർവഹിക്കുകയും പ്രസിഡന്റ് സിജിൻ കൂടെക്കാട്ട് അധ്യക്ഷത വഹിക്കുകയും ചെയ്തു.

**സംസ്ഥാന സാഹിത്യ മത്സരം**

സെപ്റ്റംബർ 21 ന് ദ്വാരകയിൽ വച്ച് സംസ്ഥാന സാഹിത്യ മത്സരം നടത്തപ്പെട്ടു. രൂപതാ മത്സരത്തിൽ വിജയികളായവർ പങ്കെടുത്തു. സന്യസ്തർക്കുള്ള സംസ്ഥാന സാഹിത്യ മത്സരത്തിൽ 12 സിസ്റ്റേഴ്സ് പങ്കെടുത്തു.

**അഗതിമന്ദിര സന്ദർശനം**

കാരുണ്യ ദിനത്തോടനുബന്ധിച്ച് ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ വാഴവറ്റയിലെ ജ്യോതി നിവാസ് അഗതിമന്ദിര സന്ദർശനം നടത്തുകയും സഹായം നൽകുകയും ചെയ്തു.

**മിഷൻമാസ ഉദ്ഘടാനം**

രൂപതാതല മിഷൻമാസ ഉദ്ഘടാനം കമ്മന ചെറുപുഷ്പം ശാഖയിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് സജിൻ കൂടക്കാട്ട് പതാക ഉയർത്തുകയും പാതക വന്ദനം നടത്തുകയും ചെയ്തു.

**നാമഹേതുക തിരുനാൾ**

വി. വിൻസെന്റ് ഡി പോൾ നാമധാരിയായ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറയുടെ നാമഹേതുക തിരുനാൾ ദിനത്തിൽ അച്ചന് മംഗളാശംസകൾ നേർന്നു.

**ഓർമ്മിക്കാൻ**

**ഒക്ടോബർ മാസത്തിലെ പ്രവർത്തനങ്ങൾ**

| | | |
|---|---|---|
| 1/10/2026 | : | വി. കൊച്ചുത്രേസ്യയുടെ തിരുനാൾ, അംഗത്വ നവീകരണം |
| 3/10/2026 | : | സംഘടനാദിനം |
| 4/10/2026 | : | വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ |
| 12/10/2026 | : | കലാമത്സര ലിസ്റ്റ് രൂപതയിൽ എത്തിക്കേണ്ട അവസാനദിനം |
| 18/10/2026 | : | മിഷൻ ഞായർ |
| 20/10/2026 | : | രൂപതാ കലാമത്സരങ്ങൾ ബത്തേരി അസംപ്ഷൻ സ്കൂളിൽ വച്ച്. |

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന്**

ആഗസ്റ്റ് 23 ഞായറാഴ്ച്ച രൂപത സാഹിത്യ മത്സരം ചുങ്കക്കുന്ന് ഫാത്തിമ മാതാ സൺഡേ സ്കൂളിൽ വെച്ച് നടന്നു. 58 പേർ പങ്കെടുത്തു. രൂപതാ സാഹിത്യമത്സരത്തിന് ഒരുക്കമായി സാഹിത്യ ശില്പശാല സംഘടിപ്പിച്ചു. സാഹിത്യകാരനും എഴുത്തുകാരനുമായ ശ്രീ. ജോൺസൺ വടക്കേക്കര ശില്പശാല നയിച്ചു. ഓണത്തോട് അനുബന്ധിച്ച് ശാഖകളിൽ ഓണക്കിറ്റ് വിതരണം നടത്തി.

**മുള്ളൻകൊല്ലി**

വിയാനി ദിനത്തിൽ ഫൊറോനയിലെ അച്ചൻമാർക്ക് ആശംസകൾ നേർന്നു. കേരള സംസ്ഥാന സമിതി നടത്തിയ കുഞ്ഞേട്ടൻ ക്വിസ്സിൽ മേഖലയിലെ കുട്ടികൾ പങ്കെടുത്തു. മേഖലാ സാഹിത്യ മത്സര ഫലം പ്രഖ്യാപിച്ചു. മുള്ളൻകൊല്ലിയിൽ വച്ച് നടത്തിയ രൂപതാ സാഹിത്യമത്സരത്തിൽ മേഖലാ സമിതി നേതൃത്വം നൽകി. അത്മായ നേതൃത്വദിനം ആചരിച്ചു. നേതൃത്വങ്ങൾക്ക് ആശംസകൾ നേർന്നു.

**നീലഗിരി**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനം വൈദികരെ ആദരിച്ചു. കുഞ്ഞു മേരി, മരിയൻ ഗീതം, മാതൃഹൃദയത്തിലേക്ക് ഒരു കത്ത്, മറിയം പുഷ്പാർച്ചന എന്നീ മത്സരങ്ങൾ നടത്തി. കുഞ്ഞേട്ടൻ അനുസ്മരണദിനം അല്മായ നേതൃത്വ ദിനമായി ആചരിക്കുകയും ശാഖാ, മേഖലാ നേതൃത്വത്തിൽ ആയിരിക്കുന്നവർക്ക് ആശംസകൾ നേരുകയും ചെയ്തു. അൾത്താര കുട്ടികളെ ആദരിച്ചു.

## ശാഖാ വാർത്തകൾ

### ചുങ്കക്കുന്ന്

വി. ജോൺ മരിയ വിയാനി ദിനത്തിൽ വൈദികരെ ആദരിച്ചു. കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തിൽ ഭാരവാഹികളെ ആദരിച്ചു. കുഞ്ഞുമിഷനറിമാർക്ക് സാമ്പത്തിക സഹായം പലിശയില്ലാതെ നൽകുന്ന ഒരു പ്രോജക്ട് തയ്യാറാക്കി. വൊക്കേഷൻ ബാങ്ക് തയ്യാറാക്കി, ലോഗോ പ്രകാശനം ചെയ്തു. AIയും സൈബർ വെല്ലുവിളികളും സെമിനാർ നടത്തി. ഭവന നിർമ്മാണ സഹായം, എന്നിവ നൽകി.

### പാലേമാട്

തൂഫാൻ ടൂർണ്ണമെന്റ് നടത്തി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനം ഇടവക വൈദികരെ ആദരിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി വിശുദ്ധ ക്ലാരയുടെ തിരുനാൾ ദിനം എഫ്. സി. സി. സിസ്റ്റേഴ്സിനെ ആദരിച്ചു. മിഷനറിമാർക്ക് വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഓണത്തോട് അനുബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തി.

### മാർട്ടിൻനഗർ

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാളിനോട് അനുബന്ധിച്ച് രൂപതയിൽ നടത്തിയ തിരുനാൾ സന്ദേശ മത്സരത്തിൽ പങ്കെടുത്തു. വി. കുർബാനയെക്കുറിച്ച് സെമിനാർ സംഘടിപ്പിച്ചു. അൾത്താര ശുശ്രൂഷകരെ ആദരിച്ചു. വിശേഷപ്പെട്ട ദിനങ്ങളിൽ പോസ്റ്ററുകളും വീഡിയോയും തയ്യാറാക്കി ഗ്രൂപ്പുകളിലേക്ക് അയച്ചു.

### ഏലപ്പീടിക

മേഖലാ കലാമൽസരത്തിന് കുട്ടികളെ ഒരുക്കി. രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. ആഗസ്റ്റ് 15 ന് കുട്ടികളുടെ കലാപരിപാടികൾ നടത്തി. വി. കുർബാനയ്ക്ക് ഒരുക്കി ഗാനപരീശീലനം നടത്തി. മാനേജിംഗ് കമ്മിറ്റി കൂടി.

### റിപ്പൺ

സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സന്ദേശം അറിയിച്ചുകൊണ്ട് റിപ്പൺ സെന്റ് ജോസഫ് ദേവാലയത്തിൽ ഓണാഘോഷം സംഘടിപ്പിച്ചു. കൽപ്പറ്റ മേഖലാ മത്സരത്തിൽ ശാഖായിൽ നിന്നും 72 പേർ പങ്കെടുത്തു. പരി. അമ്മയുടെ ജനന തിരുനാൾ ഭക്തിപൂർവ്വം നടത്തി. അമ്മയുടെ രൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ഏവർക്കും അനുഗ്രഹപ്രദമായിരുന്നു.

**കൽപ്പറ്റ**

വി. ക്ലാര, വി. മദർ തെരേസ, വി. ജോൺ ബർക്കുമാൻസ്, വി. എവുപ്രാസ്യമ്മ ഈ വിശുദ്ധരുടെ ജീവചരിത്രങ്ങൾ ഞായറാഴ്ചകളിൽ അവതരിപ്പിച്ചു. പരി. അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും, സ്വാതന്ത്ര്യദിനവും ആഘോഷിച്ചു. അൾത്താര ബാലസംഗമം നടത്തി. അധ്യാപക ദിനത്തിൽ ടീച്ചേഴ്സിനെ അനുമോദിച്ചു.

**മുതിരേരി**

ഭവനസന്ദർശനം രോഗീ സന്ദർശനം നടത്തി. ഇടവകയിൽ കൂട്ടായ്മ വളർത്താൻ ഓണാഘോഷം സംഘടിപ്പിച്ചു. കലാമത്സരത്തിൽ മാനന്തവാടി മേഖലയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. വി. കൂദാശകളെ കുറിച്ച് ബഹു. വികാരിയച്ചൻ സെമിനാർ നടത്തി. ഡയറക്ടേഴ്സ് ഡേയിൽ ബഹു. വികാരിയച്ചനെ ആദരിച്ചു.

**മുള്ളൻകൊല്ലി**

കുഞ്ഞേട്ടനു വേണ്ടി വി. കുർബാന അർപ്പിച്ചു. വി ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വൈദികരെ ആദരിച്ചു. ആഗസ്റ്റ് 16-ന് സ്വർഗ്ഗാരോപണതിരുനാൾ ആഘോഷം, കലാപരിപാടികൾ, സമ്മാനദാനം എന്നിവ നടത്തി. ആഗസ്റ്റ് 15 നോടനുബന്ധിച്ചു നടത്തിയ വീഡിയോ മത്സരത്തിൽ ലിമാറോസ് കണ്ടത്തിൽകര രൂപതയിൽ 2-ാം സ്ഥാനം കരസ്ഥമാക്കി.

**പാടിച്ചിറ**

വിയാനി ദിനത്തിൽ വൈദികരെയും അവരുടെ മാതാപിതാക്കളെയും ആദരിച്ചു. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. അൾത്താര ബാലന്മാരെ ആദരിച്ചു. ഹോളി മേരി ഫാൻസി ഡ്രസ്, മരിയൻ സംഗീത മത്സരം എന്നിവ നടത്തി. കർഷകരെ ആദരിച്ചു. എവുപ്രാസ്യാ ക്വിസ് മത്സരം നടത്തി. ഹോസ്പിറ്റൽ സന്ദർശിച്ചു. ക്ലീനിംഗ് നടത്തി.

**ഒലിവുമല**

പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യ ദിനവും ആഘോഷിച്ചു. മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് എട്ടു ദിവസത്തെ ജപമാലയിലും വി. ബലിയിലും നൊവേനയിലും പങ്കുചേർന്നു. ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണ ദിനത്തിൽ ശാഖാ ഡയക്ടർക്ക് ആശംസകൾ നേർന്നു.

**കല്ലോടി**

വിയാനി ദിനം വിയാനിഭവൻ സന്ദർശിച്ചു. വൈദികരെ ആദരിച്ചു. കുഞ്ഞേട്ടൻ അനുസ്മരണ ദിനം അത്മായ നേതാക്കളെ

ആദരിച്ചു. കർഷക ദിനത്തിൽ ഇടവകയിലെ കർഷകരെ ആദരിച്ച് സമ്മാനങ്ങൾ നൽകി. അൾത്താര ബാലന്മാരുടെ ദിനത്തിൽ അൾത്താര കുട്ടികളെ ആദരിച്ചു. സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ ചരമവാർഷികം ആചരിച്ചു.

**ബോസ്പാറ**

വി. എവുപ്രാസ്യാമ്മയുടെ തിരുനാളിന് ഒരുക്കമായി എവുപ്രാസ്യ വാരാചരണം നടത്തി. പരി. അമ്മയുടെ ജനന തിരുനാളിനോട് അനുബന്ധിച്ച് 'അമ്മമനസ്സ്' എന്ന പേരിൽ വീഡിയോ വിചിന്തനങ്ങൾ നൽകി. ഓണാഘോഷം 'തകൃതാളം' സംഘടിപ്പിച്ചു. മാലിപ്പറമ്പിൽ അച്ചൻ അനുസ്മരണം നടത്തുകയും ശാഖാ, രൂപതാ ഡയറക്ടർമാർക്ക് ആശംസകൾ നേരുകയും ചെയ്തു.

**ധർമ്മഗിരി**

അല്മായ ദിനത്തിൽ ശാഖാ ഭാരവാഹികളെ ആദരിച്ചു. അൾത്താര കുട്ടികളെ ആദരിച്ചു. മേഖല നടത്തിയ കുഞ്ഞുമേരി, മാതാവിന്റെ സ്തോത്രഗീതം, മാതാവിന് കത്ത് മത്സരത്തിൽ ഇടവകയിൽ നിന്ന് പങ്കെടുക്കുകയും സമ്മാനം ലഭിക്കുകയും ചെയ്തു. ഡയറക്ടേഴ്സ് ദിനം ആലോഷിച്ചു. മേഖലാ കലോൽസവത്തിൽ ധർമ്മഗിരി ശാഖയ്ക്ക് ഓവറോൾ ലഭിച്ചു.

**കബനിഗിരി**

വിയാനി പുണ്യാളന്റെ തിരുനാൾ ദിനത്തിൽ ഡയറക്ടച്ചനെ ആശംസകളറിയിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. അൽമായ ദിനത്തിൽ കൈക്കാരൻമാർ, ഹെഡ്മാസ്റ്റർ, സംഘടനാ ഭാരവാഹികൾ, എന്നിവരെ ആദരിച്ചു. അൾത്താര ശുശ്രൂഷികളെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**പുതിയിടംകുന്ന്**

വി. ജോൺ മരിയാ വിയാനിയുടെ തിരുനാൾ ആചരിച്ചു. അല്മായ നേതൃത്വ ദിനം. ശാഖാ ഭാരവാഹികളെ ആദരിച്ചു. വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ അൾത്താര ശുശ്രൂഷികളെ ആദരിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ നടത്തി. മാതാവിന്റെ പ്രഛന്നവേഷം മത്സരം നടത്തി. മഡഗാസ്കാർ മിഷനിലേക്ക് കൊന്ത ശേഖരിച്ച് നൽകി. രോഗീ സന്ദർശനം നടത്തി.

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി

# തിരുബാലസഖ്യം

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

പരി. കന്യകാമറിയത്തിന്റെ ജനന തിരുനാളും, രക്ഷയുടെ അടയാളമായ വി. കുരിശിന്റെയും, പരസ്നേഹ പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെയും തിരുനാളുകൾ നമ്മൾ ആചരിച്ചു. സെപ്റ്റംബർ മാസത്തിലെ പ്രവർത്തനങ്ങൾ നടന്നു. സെപ്റ്റംബർ 28, തിങ്കളാഴ്ച, ആനിമേറ്റേഴ്സ് സംഗമം ഓൺലൈൻ സംഘടിപ്പിച്ചു. രൂപതാ പ്രസിഡന്റ് ജിജോ മംഗലത്ത് അധ്യക്ഷത വഹിച്ചു. ശാഖകളിലെ ആനിമേറ്റർ സിസ്റ്റേഴ്സും ടീച്ചേഴ്സും പങ്കെടുത്തു.

**2026 ഒക്ടോബർ**

വിശുദ്ധർ : വി. കൊച്ചുത്രേസ്യ, വി. ഫ്രാൻസിസ് അസീസി, വി. അമ്മ ത്രേസ്യ, തിരുനാൾ

**കാവൽ മാലാഖയുടെ തിരുനാൾ (ഒക്ടോബർ 2)**

നിയോഗം : എല്ലാ അമ്മമാർക്കും വേണ്ടി.

സുകൃതജപം : ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു.

വചനം : ഇതാ നിനക്ക് മുൻപേ ഞാൻ എന്റെ ദൂതനെ അയക്കുന്നു അവൻ നിന്റെ വഴിയൊരുക്കും. (മർക്കോ1:2)

**പ്രവർത്തനങ്ങൾ**

* 10 ദിവസത്തെ കൊന്ത നമസ്കാരത്തിലും വിശുദ്ധ കുർബാനയിലും കുട്ടികളെ പങ്കെടുപ്പിക്കുക.

*ചിത്രരചന: മാതാവിന്റെ വിവിധ രൂപത്തിലുള്ള ചിത്രങ്ങൾ വരച്ച് ഇടവകയിൽ പ്രദർശിപ്പിക്കുക.

**വിനീത മരിയ മഞ്ഞളി**
സെക്രട്ടറി

# Department of Youth Ministry

**ലൈഫ് ട്രെയിനിംഗ്**

എല്ലാ ദിവസവും രാവിലെ 5.15 ന് ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥി വിദ്യാർത്ഥികൾക്കായി ഓണാവധിയോടനുബന്ധിച്ച്, ഓഗസ്റ്റ് മാസം 24, 25, 27 തിയതികളിൽ വിവിധ ബാച്ചുകളിലെ കുട്ടികൾക്കായി ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വച്ച് ക്യാമ്പ് നടത്തപ്പെട്ടു. സിബിൻ പോരൂർ കുട്ടികൾക്കായി ബയോളജി ജി കെ ക്ലാസ്സ് എടുത്തു. യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് സിസ്റ്റർ ഷിജി മരിയ എന്നിവർ ഈ ദിവസങ്ങളിൽ ക്യാമ്പിന് നേതൃത്വം വഹിച്ചു,

**ഓൺലൈൻ ട്രെയിനിംഗ്**

എല്ലാ ദിവസവും രാവിലെ 5:15 ന് കുട്ടികൾക്കായി ഗൂഗിൾ മീറ്റ് നടത്തുകയും എല്ലാവരും ഒരുമിച്ച് പ്രാർത്ഥിക്കുകയും ചെയുന്നു. വിദ്യാർത്ഥികൾ ഓരോരുത്തരായി ഓരോ ദിവസങ്ങളിൽ പ്രചോദ നാത്മകമായ സന്ദേശങ്ങൾ ഗ്രൂപ്പിൽ പങ്കുവെക്കുന്നു.

**ലൈഫ് ട്രെയിനിംഗ്**

സെപ്റ്റംബർ പന്ത്രണ്ടാം തീയതി രാവിലെ 9 30 മുതൽ വൈകുന്നേരം 4 മണി വരെ ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വച്ച് 2024, 2025, 2026 ബാച്ചുകളിലെ കുട്ടികൾക്കായി ക്യാമ്പ് നടത്തപ്പെട്ടു. ലാലച്ചൻ കുട്ടികൾക്ക് ക്ലാസ് എടുക്കുകയും ആരാധന നടത്തുകയും വ്യക്തിപരമായി കണ്ട് കോൺഫ്രൻസ് നടത്തുകയും ലൈഫ് ട്രെയിനിങ്ങിലെ കാര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

ഡയറക്ടർ

# കെ. സി. വൈ. എം

**സംസ്ഥാന അർദ്ധ വാർഷിക സെനറ്റ്**

ഓഗസ്റ്റ് 14, 15, 16 ദിവസങ്ങളിൽ പാലായിൽ വെച്ച് നടന്ന സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ കെ. സി. വൈ. എം. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, ആനിമേറ്റർ സി. റോസ് ടോം എസ്. എ. ബി. എസ്, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ വിമൽ കൊച്ചുപുരയ്ക്കൽ, അമൽഡ റ്റി റെജി തൂപ്പുങ്കര, സംസ്ഥാന സെനറ്റ് അംഗം എബി മൂഴിയാങ്കൽ എന്നിവർ പങ്കെടുത്തു.

**ഊർജ്ജ 2K26 ഗെയിംസ്**

കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 28-ന് ബാഡ്മിന്റൺ ടൂർണമെന്റ് സംഘടിപ്പിച്ചു. യുവാക്കളുടെ ടൂർണമെന്റിൽ പയ്യമ്പള്ളി മേഖല ഒന്നാം സ്ഥാനവും, മണിമൂളി മേഖല രണ്ടാം സ്ഥാനവും, നീലഗിരി മേഖല മൂന്നാം സ്ഥാനവും നേടി. യുവതികൾക്കായുള്ള ടൂർണമെന്റിൽ മണിമൂളി മേഖല ഒന്നാം സ്ഥാനവും, തരിയോട് മേഖല രണ്ടാം സ്ഥാനവും, ദ്വാരക മേഖല മൂന്നാം സ്ഥാനവും നേടി.

ഊർജ്ജ 2K26 ക്രിക്കറ്റ്, പെനാൽറ്റി ഷൂട്ടൗട്ട് മത്സരങ്ങൾ സെപ്റ്റംബർ നാലാം തീയതി മേരി മാതാ കോളേജ് ഗ്രൗണ്ടിൽ നടത്തി. ക്രിക്കറ്റ് മത്സരത്തിൽ മണിമൂളി മേഖല ഒന്നാം സ്ഥാനവും, ബത്തേരി മേഖല രണ്ടാം സ്ഥാനവും, നടവയൽ മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പെനാൽറ്റി ഷൂട്ടൗട്ട് മത്സരത്തിൽ മണിമൂളി മേഖല ഒന്നാം സ്ഥാനവും, ദ്വാരക മേഖല രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ

**അഭിനന്ദനങ്ങൾ**

മിജാർക് ഏഷ്യൻ വുമൺസ് കമ്മീഷൻ ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിലിന് അഭിനന്ദനങ്ങൾ നേർന്നു.

കണ്ണൂർ യൂണിവേഴ്സിറ്റി MBA പരീക്ഷയിൽ രണ്ടാം റാങ്ക്

നേടിയ മാനന്തവാടി രൂപതാ സിൻഡിക്കേറ്റ് അംഗം ടെസിൻ തോമസ് വയലിൽ ന് അഭിനന്ദനങ്ങൾ

**ദിനാചരണങ്ങൾ**

അധ്യാപക ദിനം, തിരുവോണം, വിശുദ്ധ മദർ തെരേസയുടെ തിരുനാൾ, സ്വാതന്ത്ര്യദിനവും പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ, പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ, വിശുദ്ധ കുരിശിന്റെ പുകഴ്ച ഈ ദിനങ്ങളുടെ ആശംസകൾ നേർന്നു.

**ആശംസകൾ**

കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ അനിമേറ്റർ പ്രിയപ്പെട്ട സി. റോസ് ടോം എസ്. എ. ബി. എസ്, രൂപതയുടെ സിൻഡിക്കേറ്റ് അംഗവും മുൻ രൂപതാ ഡയറക്ടറുമായ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ എന്നിവർക്ക് നാമഹേതുക തിരുനാൾ ആശംസകൾ നേർന്നു. എസ്. എം. വൈ. എം. സംസ്ഥാന പ്രതിനിധി ഡെലിസ് സൈമൺ വയലുങ്കൽ, കെ. സി. വൈ. എം. മാനന്തവാടി രൂപതാ സെക്രട്ടറി കുമാരി റിയ ഇലഞ്ഞിക്കുഴി, കല്ലോടി മേഖലാ ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**യൂണിറ്റ് വാർത്തകൾ**

**ദീപ്തിഗിരി**

യൂണിറ്റ് സിൻഡിക്കേറ്റ് യോഗം ചേർന്നു. വി. ജോൺ മരിയാ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചന് ആശംസകൾ നേർന്നു. വികാരി അച്ചന്റെ പൗരോഹിത്യത്തിന്റെ 42-ാം വാർഷിക ദിനത്തിൽ ആശംസകൾ നേർന്നു. ഇടവക ദേവാലയത്തിലെ ഓണാഘോഷം കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ നടത്തി. കെ. സി. വൈ. എം. മാനന്തവാടി രൂപത സംഘടിപ്പിച്ച കായിക മത്സരത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു.

**ധർമ്മഗിരി**

യൂണിറ്റ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ സിൻഡിക്കേറ്റ് മീറ്റിംഗ് ചേർന്ന് പ്രവർത്തന മാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. സെമിത്തേരി ശുചീകരണം നടത്തി. വെള്ളിയാഴ്ചകളിൽ പുഷ്പഗിരി, അമല പാലിയേറ്റീവ് യൂണിറ്റുകളോട് ചേർന്ന്

രോഗീ സന്ദർശനം, ഭവന സന്ദർശനം, ആശുപത്രി സന്ദർശനം, പ്രാർത്ഥന, മെഡിക്കൽ ക്യാമ്പ്, ഡീ അഡിക്ഷൻ സെന്റർ സന്ദർശനം എന്നിവ നടത്തി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോട് അനുബന്ധിച്ച് രൂപാലങ്കാരം, തിരുകർമ്മങ്ങളിൽ ഗാന ശുശ്രൂഷ, ജപമാല, കാഴ്ച സമർപ്പണം എന്നിവയ്ക്ക് നേതൃത്വം നൽകി. ഇടവക ഓണാഘോഷത്തിന് സഹകരിച്ച് ഗെയിമുകൾക്ക് നേതൃത്വം നൽകി. വി. ജോൺ മരിയ വിയാനിയുടെ തിരുനാളിന് വികാരിയച്ചന് ആശംസകൾ അറിയിച്ചു. ബാഡ്മിന്റൺ ടൂർണമെന്റിൽ മേഖലയിൽ ഒന്നാം സ്ഥാനവും രൂപതയിൽ മൂന്നാം സ്ഥാനവും നേടിയ ജോണറ്റ് മണ്ണാർകുളം, വിപിൻ പുത്തൻപുരയ്ക്കൽ എന്നിവരെ പള്ളിയിൽ വെച്ച് ആദരിച്ച് ക്യാഷ് പ്രൈസ് നൽകി.

**തെനേരി**

യൂണിറ്റ് ഡയറക്ടർ ബഹു. പോൾ ഇടയകൊണ്ടാട്ട് അച്ചന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബാന മധ്യേ നിലവിളക്ക് തെളിയിച്ച് പ്രവർത്തനമാസം ആരംഭിച്ചു. വിയാനി ദിനത്തിൽ യൂണിറ്റ് ഡയറക്ടറെ ആദരിച്ചു. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, മേഖലാ ഡയറക്ടർ ഫാ. വിനോയി കളപ്പുരയ്ക്കൽ ഉൾപ്പെടെ കൽപ്പറ്റ മേഖലയിലെ എല്ലാ വൈദികർക്കും ആശംസകൾ നേർന്നു. യുവജന സംഗമം, മുൻ ഭാരവാഹികളുമായി സൗഹൃദ സംഭാഷണം, അൾത്താര ബാലകരെ ആദരിക്കൽ, ജവാൻ സ്മൃതി മണ്ഡപം ശുചീകരണം എന്നിവ സംഘടിപ്പിച്ചു. നസ്രാണി ഫെസ്റ്റിനോടനുബന്ധിച്ച് പരിചമുട്ട്, മാർഗംകളി, റമ്പാൻപാട്ട്, കോൽക്കളി എന്നിവ അവതരിപ്പിച്ചു. പിടിയും കോഴിയും ഉൾപ്പെടെ നസ്രാണി തനത് ഭക്ഷണ പ്രദർശനം നടത്തി. മികച്ച കർഷകൻ, മുൻ കെ. സി. വൈ.എം. ഭാരവാഹികൾ ശ്രീ. ബിനു ഏറനാട്, ബെന്നി വെട്ടിക്കൽ, അധ്യാപകർ, കൈക്കാരന്മാർ, എന്നിവരെയും എല്ലാ സംഘടനാ ഭാരവാഹികളെയും ആദരിച്ചു. ജപമാല റാലി സംഘടിപ്പിച്ചു. 'സ്നേഹ സാന്ത്വനം' സാമ്പത്തീക സഹായം നൽകി. 'തകതോം' ഓണാഘോഷത്തിന് കെ.സി. വൈ. എം. അംഗങ്ങൾ നേതൃത്വം നൽകി. കാക്കവയൽ ടൗൺ, ബസ്റ്റാന്റ് വൃത്തിയാക്കി ആഗസ്ററ് മാസത്തിൽ കുർബാനയ്ക്ക് ശേഷം 'ലെക്സിയോ ഡിവീന' വചനം പങ്കുവയ്ക്കൽ നടത്തി, ആഗസ്റ്റ് ഒന്നുമുതൽ പതിനഞ്ചു വരെ മാതാവിന്റെ

15 പ്രത്യക്ഷീകരണങ്ങളെ കുറിച്ചുള്ള വീഡിയോകൾ സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്തു.

**കൊട്ടിയൂർ**

പുതിയ അംഗത്തിന്റെ ഭവനത്തിൽ യൂണിറ്റ് യുവജനങ്ങൾ സൗഹൃദ സന്ദർശനം നടത്തി. മാതാപിതാക്കളുമായി പ്രവർത്തന മാസത്തിലെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും പങ്കുവെച്ചു. കുഞ്ഞു മക്കൾക്കായി യൂണിറ്റിന്റെ നേതൃത്വത്തിൽ ഈശോയ്ക്ക് കത്തെഴുത്ത് മത്സരം സംഘടിപ്പിച്ചു. മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്കും, നേപ്പാൾ മിന്നൽ പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും, ഇടവകയിലെ രോഗികൾക്കും പ്രായമായവർക്കും, ലോക സമാധാനത്തിനും വേണ്ടിയും യൂണിറ്റ് അംഗങ്ങൾ പ്രത്യേക പ്രാർത്ഥനകൾ നടത്തി. 'വിശ്വാസത്തിന്റെ യാത്ര' എന്ന പേരിൽ യുവജനങ്ങൾ പാൽച്ചിറ പള്ളി സന്ദർശിച്ച് പ്രാർത്ഥനയിൽ പങ്കുചേർന്നു. പുണ്യവാളന്റെ രൂപത്തിന് മുൻപിൽ തിരി തെളിയിച്ചും ഓണാഘോഷത്തോടനുബന്ധിച്ചും പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തി. 'വെളിച്ചമായി യുവത്വം' എന്ന പേരിൽ ദിയ വട്ടപ്പാറയുടെ ഭവനത്തിലും, 'ദൈവസന്നിധിയിൽ ഒരു മണിക്കൂർ' എന്ന പേരിൽ ചുങ്കക്കുന്ന് ആരാധനാ ചാപ്പലിൽ ദിവ്യകാരുണ്യ ആരാധനയിലും യുവജനങ്ങൾ ഒരു മണിക്കൂർ ചെലവഴിച്ചു.

**ആടിക്കൊല്ലി**

മാർത്തോമാ ശ്ലീഹായെക്കുറിച്ച് യുവജനങ്ങൾക്ക് ക്ലാസും ക്വിസും നടത്തി. ആഷിൽ നെടുങ്കൊമ്പിൽ ഒന്നാം സ്ഥാനം നേടി. വിശുദ്ധ ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ആഘോഷിച്ചു, അൾത്താര ബാലന്മാരായ 18 പേർക്ക് സമ്പൂർണ്ണ ബൈബിൾ സമ്മാനിച്ചു. സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണ തിരുനാളും സമുചിതമായി ആഘോഷിച്ചു. പതാക ഉയർത്തൽ, ധീരജവാന്മാരെ ആദരിക്കൽ, മാതാവിന്റെ രൂപം അലങ്കരിക്കൽ എന്നിവ നടത്തി. ഇടവകയിലെ 13 കർഷകരിൽ നിന്ന് 3 മികച്ച കർഷകരെ ആദരിച്ചു. ഡോക്ടറേറ്റ് നേടിയ ഫാ. അനീഷ് പീടിയേക്കലിനെ ആദരിച്ചു. 'സമുദായ ശക്തീകരണ വർഷത്തിൽ കുടുംബങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ പാനൽ ചർച്ച നടത്തി. സി. അർപ്പിത എസ്. എ. ബി. എസ്, മോഡറേറ്ററായിരുന്നു. യുവജനങ്ങൾക്കായി സ്കോളർഷിപ്പ് ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചു. ഭവന സന്ദർശനം, ഓണ

വില്ല് 2026 അമ്മമാരോടൊപ്പം ഓണാഘോഷം, പൂക്കള മത്സരം, വടംവലി മത്സരം എന്നിവയ്ക്ക് നേതൃത്വം നൽകി. കിടപ്പുരോഗികളായ 9 ഭവനങ്ങൾ സന്ദർശിച്ചു പ്രാർത്ഥിച്ചു. സ്നേഹപൂക്കളം ഒരുക്കി, നിർധനരായ 8 കുടുംബങ്ങൾക്ക് 1000 രൂപയുടെ ഓണക്കിറ്റ് വിതരണം ചെയ്തു. കെ. സി. വൈ. എം. മുള്ളൻകൊല്ലി മേഖലാ പേൾ സാഹിത്യ മത്സരത്തിൽ ആടിക്കൊല്ലി യൂണിറ്റിന് ഒന്നാം സ്ഥാനം. യുവജന സംഗമം, യുവകർഷകരായ വിവേക് ബെന്നി, അഖിൽ മാത്യു എന്നിവരെ ആദരിക്കൽ, വാർഡ്തല യുവജന ലിസ്റ്റ് തയ്യാറാക്കൽ എന്നിവ നടത്തി. എല്ലാ ദിവസവും വചന പോസ്റ്റർ, വിശുദ്ധ കുർബാനയിൽ യുവജനങ്ങൾക്കായി പ്രത്യേക പ്രാർത്ഥന, ഗായക സംഘ പരിശീലനം എന്നിവ നടത്തി. ദിവ്യ കാരുണ്യ ആരാധനയോടെ പ്രവർത്തന മാസത്തിന് സമാപനം കുറിച്ചു. 30 പേർ പങ്കെടുത്തു.

**പയ്യംപള്ളി**

രൂപതയുടെ ബയോവിൻ സ്ഥാപനം സന്ദർശിച്ചു. അവിടെ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളെക്കുറിച്ചും നിർമ്മാണ രീതികളെക്കുറിച്ചും മനസ്സിലാക്കി. യുവാക്കളിൽ സംരംഭകത്വ ചിന്ത വളർത്തുന്നതിനും യൂണിറ്റിന്റെ ഫണ്ട് ശേഖരണത്തിനായുള്ള ബിസിനസ് ആശയങ്ങൾ കണ്ടെത്തുന്നതിനും സന്ദർശനം സഹായകമായി. ജർമ്മൻ ഭാഷ പഠിപ്പിക്കുന്ന കേന്ദ്രം സന്ദർശിച്ചു. അധ്യാപകരെയും വിദ്യാർത്ഥികളെയും പരിചയപ്പെടുകയും ഭാഷാ പഠനത്തിലൂടെയുള്ള പുതിയ അവസരങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്തു. വൃദ്ധസദനം സന്ദർശിച്ച് അവിടെയുള്ള മുതിർന്നവരോടൊപ്പം സമയം ചെലവഴിച്ചു. അവരുടെ ജീവിതാനുഭവങ്ങൾ കേൾക്കാനും സ്നേഹവും സന്തോഷവും പങ്കിടാനും സാധിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി പള്ളിയിൽ പൂക്കളം ഒരുക്കി.

**പുതിയിടംകുന്ന്**

അംബേദ്കർ ഹോസ്പിറ്റൽ ഭക്ഷണം വിതരണം ചെയ്തു. ഫോട്ടോഗ്രഫി ദിനത്തോട് അനുബന്ധിച്ച് ഫാമിലി കോണ്ടെസ്റ്റ് നടത്തി. സമുദായിക വർഷത്തോട് അനുബന്ധിച്ച് ക്വിസ് മത്സരം നടത്തി. ഓൺലൈൻ ക്ലാസ് നടത്തി. ഷട്ടിൽ കോർട്ട് ഉണ്ടാക്കി. ഡിജിറ്റൽ ടൂർണമെന്റുകൾ നടത്തി. അൽഫോൻസാമ്മ ദിനത്തോട് അനുബന്ധിച്ച് കെ. സി. വൈ. എം., സി. എം. ൽ. നേതൃ

ത്വത്തിൽ ആഘോഷം നടത്തി. കെ. സി. വൈ. എം. മേഖല സാഹിത്യ മത്സരത്തിൽ പങ്കെടുത്തവരെ ആദരിച്ചു. രോഗീ സന്ദർശനം നടത്തി. കെ. സി. വൈ. എം.ന്റെ നേതൃത്വത്തിൽ ഓണപ്പൂക്കളം നടത്തി. മാതാവിന്റെ സ്വർഗ്ഗാരോപണദിനത്തിന്റെ ആഘോഷങ്ങൾക്ക് കെ. സി. വൈ. എം. നേതൃത്വം നൽകി.

**ചുങ്കക്കുന്ന്**

യുവധാര ശാക്തീകരണത്തിന്റെ യുവപ്രവാഹം എന്ന ആശയത്തെ മുൻനിർത്തി ആഗസ്റ്റ് മാസം കെ. സി. വൈ. എം. ചുങ്കക്കുന്ന് യൂണിറ്റിന് സജീവവും വൈവിധ്യപൂർണ്ണവുമായ പ്രവർത്തനങ്ങളുടെ മാസമായി മാറി. വി. കുർബാനയ്ക്കുശേഷം ഫാത്തിമ മാതാ ഫൊറോനാ ദേവാലയത്തിൽ 'യുവധാര' പ്രവർത്തന മാസ ഉദ്ഘാടനം. പ്രസിഡന്റ് കിഷോർ പുത്തൻപുരയിൽ അധ്യക്ഷത വഹിച്ചു, വികാരി ഫാ. ബിജു മാവറ ഉദ്ഘാടനം ചെയ്തു. വിശുദ്ധ അൽഫോൻസ് ലിഗോരിയുടെ അനുസ്മരണം നടത്തി. യുവജനങ്ങളിൽ വായനാശീലം വളർത്താൻ കെ. സി. വൈ. എം. ലൈബ്രറി ഉദ്ഘാടനം ചെയ്തു. വി. ജോൺ മരിയ വിയാനി ദിനത്തിൽ വികാരി അച്ചന്മാർക്ക് ആശംസകൾ നേർന്നു. ദേവാലയ ശുചീകരണം പിയാത്ത, അങ്കണം, നടപ്പാതകൾ വൃത്തിയാക്കി. ഹിരോഷിമ ദിനം "Pray for Peace, Work for Peace, Be the Peace" സന്ദേശം സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചു. ആദ്യ വെള്ളി ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്തു. ചിന്താശേഷി, നേതൃത്വപാടവം വളർത്താൻ ഡിബേറ്റ് സംഘടിപ്പിച്ചു. കാരംസ് മത്സരം സംഘടിപ്പിച്ചു. ഭവന സന്ദർശനം, പള്ളിക്കുന്ന് പള്ളി സന്ദർശനം, പനമരം പാദ്രേ പിയോ പള്ളിയിലേക്ക് തീർത്ഥാടനം എന്നിവ സംഘടിപ്പിച്ചു. സ്വാതന്ത്ര്യദിനം & സ്വർഗ്ഗാരോഹണ തിരുനാൾ ഓൺലൈൻ ക്വിസ് മത്സരം, ഓൺലൈൻ ചിത്രരചന (വിഷയം: തിരുക്കുടുംബം) & ചെസ്സ് മത്സരം "Think. Plan. Win!" നടത്തി. മികച്ച കർഷകരെ ആദരിച്ചു. പൂന്തോട്ട നിർമ്മാണം നടത്തി. ആനിമേറ്റർ സി. റോസ്മിന് ജന്മദിനാശംസകൾ. മാനന്തവാടി രൂപത സാഹിത്യമത്സര വിജയികളെ ആദരിച്ചു. വിഷരഹിത പച്ചക്കറി വിൽപ്പന നടത്തി. ലീമായിലെ വി. റോസിന്റെ തിരുനാൾ ദിനത്തിൽ സിസ്റ്റേഴ്സിനെ ആദരിച്ചു. രോഗീസന്ദർശനം നടത്തി. ഓണാഘോഷം സംഘടിപ്പിച്ചു. AI ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. വി. മോനിക്ക

തിരുനാൾ ദിനത്തിൽ മാതൃവേദി അമ്മമാരെ ആദരിച്ചു. പരിശുദ്ധ മറിയത്തിന്റെ പിറവിത്തിരുനാളിനൊരുക്കമായുള്ള എട്ടുനോമ്പ് ആചരണത്തിൽ പങ്കെടുത്തു.

**കയ്യൂന്നി**

പതിനഞ്ച് നോമ്പാചരണത്തിൽ പങ്കെടുത്തു. വിയാനി ദിനത്തിൽ നീലഗിരി റീജിയണിലെ എല്ലാ വൈദികർക്കും ആശംസകളും അറിയിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ മരിയൻ ക്വിസ് നടത്തി. വി. മോനിക്ക പുണ്യവതിയുടെ ദിനത്തിൽ അമ്മമാർക്ക് ആശംസകൾ നേർന്നു. യുവജന നേതൃത്വത്തിൽ ഇടവകയിൽ ഓണാഘോഷ പരിപാടി, വ്യത്യസ്ത ഗ്രൂപ്പുകൾക്ക് വ്യത്യസ്തമായ മത്സരങ്ങൾ നടത്തി. ജൂബിലി വർഷത്തിന്റെ ഭാഗമായി, നാലു മേഖലകളിൽ ഉൾപ്പെടുത്തിയ ഷട്ടിൽ ടൂർണമെന്റ് നടത്തി. കർഷക ദിനത്തിൽ മികച്ച കർഷകനെ ആദരിച്ചു. പരിശുദ്ധ അമ്മയുടെ ജന്മദിന ഒരുക്കമായി പള്ളി പൊതു ക്ലീനിംഗിന് സഹായിച്ചു.

**ദിവ്യ പീറ്റർ പാട്ടശ്ശേരിയിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

സെപ്റ്റംബർ മാസം 10 മുതൽ 12 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 66 പേർ പങ്കെടുത്തു. ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ഒക്ടോബർ 9,10,11 തീയതികളിൽ വച്ച് വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു. നവംബർ മാസത്തിലെ കോഴ്സ് 13,14,15 തീയതികളിൽ ആയിരിക്കും.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിലും സഹമധ്യസ്ഥയായ വിശുദ്ധ മോനിക്കയുടെ തിരുനാൾ ദിനത്തിലും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും സംഘടനയെയും കുടുംബങ്ങളെയും സമർപ്പിച്ച് മാധ്യസ്ഥ്യം പ്രാർത്ഥിക്കുകയും ചെയ്തു. പ്രോ ലൈഫ് പ്രവർത്തനങ്ങൾക്ക്വേണ്ടി ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന, മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കായി നീലഗിരി മേഖലയുടെ നേതൃത്വത്തിൽ ചെയിൻ റോസറി എന്നിവ നടത്തി. ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വി. കുർബാനയിൽ സംബന്ധിച്ച് വൈദികർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ അർപ്പിക്കുകയും വൈദികരുടെ മാതാപിതാക്കളെ സന്ദർശിക്കുകയും അവരെ ആദരിക്കുകയും ചെയ്തു. ആഗസ്റ്റ് 18-ന് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്ന് പ്രവർത്തനങ്ങളുടെ വിലയിരുത്തലും പ്ലാനിങ്ങും നടത്തി.

**മേഖലാ വാർത്തകൾ**

**മണിമൂളി**

വി. ജോൺ മരിയ വിയാനി ദിനത്തിൽ മണിമൂളി മേഖലയിലെ എല്ലാ വൈദികരെയും ഉൾപ്പെടുത്തി ഒരു വീഡിയോ തയ്യാറാക്കി യൂണിറ്റ് ഗ്രൂപ്പുകളിലേക്ക് ഷെയർ ചെയ്തു. വൈദികർക്ക് ആശംസകൾ അറിയിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മേഖലയുടെ പ്രത്യേക പ്രവർത്തനമായ കയ്യെഴുത്തു മാസിക തയ്യാറാക്കാൻ എല്ലാ യൂണിറ്റുകൾക്കും നിർദ്ദേശം നൽകി.

വൈദികരുടെ മാതാപിതാക്കളെ ആദരിച്ചു. ആദ്യ വെള്ളിയാഴ്ച യിൽ നടക്കുന്ന ആരാധനയിൽ എല്ലാ അമ്മമാരും പങ്കെടുക്കു കയും പ്രത്യേക നിയോഗമായ പ്രോലൈഫ് പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.  കുടുംബ സന്ദർശനം നടത്തി. വിശുദ്ധരെ പരിചയപ്പെടുത്തി.

**മുള്ളൻകൊല്ലി**

വി. ജോൺ മരിയ വിയാനി തിരുനാൾ ആചരിച്ചു. യൂണിറ്റ് ഡയറക്ടർമാരെ ആശംസകൾ അറിയിച്ചു. 15 നോമ്പ് ആചരിച്ചു. മാതാ വിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആചരിച്ചു.  മാതൃ രാജ്യത്തി നായി പ്രാർത്ഥിച്ചു. വിശുദ്ധ മോനിക്ക പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു. മേഖലാതലത്തിൽ വീഡിയോ വഴി സന്ദേശം നൽകി. കർഷകർ, സൈനികർ, നിയമപാലകർ എന്നിവരെ സമർപ്പിച്ച് ചെയിൻ റോസറി നടത്തി. നല്ല കാലാവസ്ഥയ്ക്കായി ദിവ്യകാ രുണ്യ ആരാധന നടത്തി.

**ദ്വാരക**

രൂപതാതലത്തിൽ നടന്ന മാതൃവേദി ആന്തമത്സരത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു. ഡയറക്ടറും, ആനിമേറ്ററും, എക്സിക്യൂ ട്ടീവ് അംഗങ്ങളും ചേർന്ന് വിയാനി ഭവൻ സന്ദർശിച്ചു. മോനിക്ക പുണ്യവതിയെകുറിച്ചുള്ള വീഡിയോ തയ്യാറാക്കി ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. പ്രോ ലൈഫ് പ്രവർത്തനങ്ങൾക്ക് വേണ്ടി എല്ലാ യൂണിറ്റുകളിലും ദിവ്യകാരുണ്യ ആരാധന നടത്തി. വെള്ളിയാഴ്ച കളിലും ഉപവാസ പ്രാർത്ഥന നടത്തി. ഓണക്കിറ്റ് നൽകി.

**നടവയൽ**

വിവിധ നിയോഗങ്ങൾക്കായി ഒന്നു മുതൽ 15 വരെ 15 നോമ്പെ ടുത്തു പ്രാർത്ഥിച്ചു. വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഇടവക വികാരിമാരെ ആദരിച്ചു, അന്നേദിവസം സെമി നാരി ഫണ്ട് സെമിനാരിയിൽ ഏൽപ്പിച്ചു.  പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യ ദിനവും സമുചി തമായി നടത്തി. ഓഗസ്റ്റ് 27 വിശുദ്ധ മോനിക്കയുടെ തിരുനാൾ ദിനം ആഘോഷിക്കുകയും സന്ദേശം നൽകുകയും ചെയ്തു. വിശു ദ്ധരെ പരിചയപ്പെടുത്തൽ കുറുമ്പാലക്കോട്ട യൂണിറ്റ് നടത്തി.

**ശാഖാ വാർത്തകൾ**

**പുൽപ്പള്ളി**

15 നോമ്പ് ആചരിച്ചു. സ്വർഗ്ഗരോപണത്തിരുനാളും സ്വാതന്ത്ര്യ ദിനവും ആചരിച്ചു. വിശുദ്ധ ജോൺ മരിയ തിരുനാൾ ആചരിച്ചു.

വിയാനി ഭവൻ സന്ദർശിച്ചു. വിശുദ്ധ പാദ്രേപിയോ ദേവാലയം സന്ദർശിച്ചു പ്രാർത്ഥിച്ചു. വിശുദ്ധ മോനിക്കയുടെ തിരുനാൾ ആഘോഷിച്ചു. എല്ലാ ഞായറാഴ്ചകളിലും മാതൃവേദി പ്രാർത്ഥന ചൊല്ലി. വിവാഹം നടക്കാത്ത യുവജനങ്ങൾക്കായി ഉപവസിച്ചു പ്രാർത്ഥിച്ചു.

**വാളാട്**

വിയാനി ദിനം ആഘോഷിച്ചു. വികാരി അച്ചന് സമ്മാനം നൽകി. മുൻവികാരിമാരെ ആദരിച്ചു. പോസ്റ്റർ നിർമ്മിച്ചു ഷെയർ ചെയ്തു. ഭക്ഷണ കിറ്റ് നൽകി. മാതാവിന്റെ രൂപാലങ്കാര മത്സരം നടത്തി. സമ്മാനങ്ങൾ നൽകി.

**ബോസ്പാറ**

വിശുദ്ധ ജോൺ മരിയ  വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരിയച്ചനെ പൊന്നാട അണിയിച്ച് ആദരിച്ചു. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടി ഇടവകയിൽ ചെയിൻ റോസറി നടത്തി. വിശുദ്ധ മോനിക്കയുടെ തിരുനാൾ ദിനത്തിൽ ഇടവകയിൽ നിന്ന് വൈദികരായവരുടെ മാതാപിതാക്കളെ ആദരിച്ചു.

**മൂലങ്കാവ്**

21 കുട്ടികൾക്ക് ബാഗുകളും കുടകളും നൽകി. കിടപ്പു രോഗിക്ക് 4000 രൂപ ധനസഹായം നൽകി. ഗവ. ഹോസ്പിറ്റലിൽ ഭക്ഷണംപാകം ചെയ്യുന്നതിന് സഹായിച്ചു വരുന്നു. വിയാനി ദിനത്തിൽ അമ്മമാർ വി. കുർബാനയിൽ പങ്കെടുക്കുകയും വികാരിയച്ചന് പൂവ് നൽകി ആദരിക്കുകയും ചെയ്തു. സ്വർഗാരോപണതിരുനാളിന് കാഴ്ചവയ്പ് നടത്തി. സെമിനാരി ഫണ്ട് 5000 രൂപ നൽകി. ജനറൽ ബോഡി യോഗത്തിൽ രൂപതാ പ്രസിഡണ്ട് മേഴ്സി ടീച്ചർ മാതൃവേദിയുടെ പ്രവർത്തനങ്ങൾ, സമുദായ ശാക്തീകരണം എന്നിവയെപ്പറ്റി ക്ലാസ് എടുത്തു. ഓണാഘോഷം നടത്തി.

**പനവല്ലി**

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വിയാനി ഭവൻ സന്ദർശിച്ച് വൈദികർക്ക് ആശംസകൾ നേർന്നു. സമരിറ്റൻ ഭവൻ സന്ദർശിച്ചു. സെമിനാരി സന്ദർശിച്ച് വൈദിക വിദ്യാർത്ഥികൾക്ക് ഫണ്ട് നൽകി.

**പന്തിപ്പൊയിൽ**

വിയാനി ദിനത്തിൽ  റോബിൻ അച്ചനെ ആദരിച്ചു. വിയാനി ദിനത്തിൽ തരിയോട് മേഖലകളിലെ പള്ളികളിലെ

അച്ചന്മാരെ ആദരിക്കുന്ന വീഡിയോ നിർമ്മിച്ചു. മേഖലാ എക്സിക്യൂട്ടീവ് യോഗത്തിൽ ഇടവകയിൽ നിന്നും രണ്ട് ഭാരവാഹികൾ പങ്കുചേർന്നു. കുറുമ്പാല കോൺവെന്റിൽ ആരാധന നടത്തുകയും സമീപത്തുള്ള ഉന്നതിയിൽ കുട്ടികൾക്കും മുതിർന്നവർക്കും ഉൾപ്പെടെ ലഹരി വിരുദ്ധ സെമിനാർ നടത്തി. പനമരം ക്രിസ്തുരാജ അഗതി മന്ദിരത്തിൽ മേഖലാ എക്സിക്യൂട്ടീവ് നടത്തിയ സന്ദർശനത്തിൽ ഇടവകയിൽ നിന്നും ഓണക്കോടി സംഭാവനയായി ആയിരം രൂപ നൽകി.

**ശിശുമല**

വിയാനി ദിനത്തിൽ സജി പുഞ്ചയിൽ അച്ചനെയും മേഖലയിലെ എല്ലാ അച്ചന്മാരെയും ആദരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. ആദ്യ വെള്ളിയാഴ്ച കുർബാനയ്ക്ക് മുന്നൊരുക്കമായി അമ്മമാർക്ക് ഒരു മണിക്കൂർ ക്ലാസ് കുടുംബ ജീവിതത്തെ പറ്റി വികാരിയച്ചൻ എടുക്കുകയുണ്ടായി. സെമിനാരി വിദ്യാർത്ഥികൾക്കായി സെമിനാരി ഫണ്ട് ശേഖരണം നടത്തി കിട്ടിയ 44250 രൂപ മാനന്തവാടി രൂപതയുടെ സെമിനാരിയിൽ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചനും ആനിമേറ്ററും എക്സിക്യൂട്ടീവ് അംഗങ്ങളും പോയി നൽകി. ആദ്യ വെള്ളിയാഴ്ച കിടപ്പിലായ രോഗികൾക്ക് വീടുകളിൽ വിശുദ്ധ കുർബാന എത്തിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ അമ്മമാർ നടത്തി.

**കോട്ടത്തറ**

ബഹുമാനപ്പെട്ട മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചന്റെ മാതാവിന്റെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് ആദരാഞ്ജലികൾ അർപ്പിച്ചു. വിശുദ്ധ ജോൺ മരിയ വിയാനി ദിനം വൈദികരെ ആദരിച്ചു. അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. ചിങ്ങം ഒന്ന് കർഷകശ്രീയെ ആദരിച്ചു. മേഖലയോടൊപ്പം പനമരത്തെ അഗതിമന്ദിരം സന്ദർശിച്ച് ഓണക്കോടി നൽകി. വിശുദ്ധ മോനിക്ക പുണ്യവതിയുടെ തിരുനാൾ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു അമ്മമാരെ ആദരിച്ചു. വൈദികരുടെ മാതാപിതാക്കളെ ആദരിച്ചു. കാവുമന്ദം ലൂർദ്ദ് മാതാ പള്ളിയിൽ വെച്ച് നടത്തിയ നവോമി സംഗമത്തിൽ ശാഖയിൽ നിന്നും അഞ്ച് പേർ പങ്കെടുത്തു.

**പുതിയിടംകുന്ന്**

വിയാനി തിരുനാളിൽ ജെസ്റ്റിനച്ചനെ ആദരിച്ചു. വി. ക്ലാര പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ ക്ലാരമാരെ ആദരിച്ചു. ഇടവക

യിലെ ഒരു ചേച്ചിയ്ക്ക് വാൽവ് മാറ്റിവെയ്ക്കുന്നതിനായി കർക്കിടക മരുന്ന് വിറ്റ് 65000 രൂപ കൊടുത്തു. വി. ജോൺ ബർക്കുമാൻസിന്റെ തിരുനാൾ ദിനത്തിൽ അൾത്താര ശുശ്രൂഷിയെയും അൾത്താര ബാലന്മാരെയും ആദരിച്ചു. മികച്ച കർഷക സാലി കൊച്ചുകുടിയി ലിനെ Momento നൽകി ആദരിച്ചു. മേഖലയുടെ പ്രസംഗ മത്സര ത്തിലും വചനം എഴുത്തിലും ബിൻസി ഓണിശേരി പങ്കെടുത്തു. വചനം എഴുത്തിൽ ഒന്നാം സ്ഥാനവും ബൈബിൾ എഴുത്തിൽ രൂപതയിൽ മൂന്നാം സ്ഥാനവും ലഭിച്ചു.

**നടവയൽ**

വിയാനി ദിനത്തിൽ വി. കുർബാനക്കുശേഷം ഇടവക ജന ങ്ങളും, അമ്മമാരും ചേർന്ന് വികാരിയച്ചനെയും, കൊച്ചച്ചന്മാ രെയും ആദരിച്ചു. സ്വർഗ്ഗാരോപണ തിരുനാളിനൊരുക്കമായി നടന്ന വചന പ്രഘോഷണത്തിലും, ദിവ്യകാരുണ്യ ആരാധനയിലും, ദിവ്യ ബലിയിലും അമ്മമാർ പങ്കെടുത്ത് പ്രാർത്ഥിച്ചു. വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ സോൺ തലത്തിൽ ഇട വകയിലുള്ള വൈദികരുടെ മാതാപിതാക്കളെ ആദരിച്ചു. രൂപതാ തലത്തിൽ നടത്തിയ മാതൃവേദി ആന്തമത്സരത്തിൽ നടവയൽ യൂണിറ്റ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. വൈദിക വിദ്യാർത്ഥി കൾക്കായി സ്വരൂപിച്ച 44000 രൂപ വികാരിയച്ചൻ, കൊച്ചച്ചൻ ആനി മേറ്റർ, പ്രസിഡന്റ് ഇവരുടെ നേതൃത്വത്തിൽ സെമിനാരി ഡയറ ക്ടർ അച്ചന് കൈമാറി. രോഗീ സഹായമായി 23100 രൂപ നല്കി.

**കേളകം**

മാസത്തിലെ എല്ലാ രണ്ടാമത്തെ ചൊവ്വഴ്ചയും മരിയ ഭവ നിൽ പൊതിച്ചോറ് നൽകി വരുന്നു. ഇടവകയിലെ SWS സംഘടനയു മായി ഒരുമിച്ചു പ്രവർത്തിച്ചു തെറ്റുവഴിയിലെ അഗതി മന്ദിരത്തിൽ ഓണക്കോടിയും ആഹാര സാധനങ്ങളും കൊടുത്തു. എല്ലാ മാസവും ഉപവാസത്തിലൂടെ കിട്ടുന്ന തുക ജീവകാരുണ്യ പ്രവർത്തനത്തി നായി ഉപയോഗിക്കുന്നു. ഇടവകയിലെ കിടപ്പുരോഗികളെ അമ്മ മാർ സന്ദർശിച്ചു, അവർക്കുവേണ്ടി പ്രാർത്ഥിച്ചു. പരിശുദ്ധ മാതാ വിന്റെ സ്വർഗ്ഗരോപണ തിരുനാളിനോടനുബന്ധിച്ചു അമ്മമാരുടെ നേതൃത്വത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**അരിഞ്ചേർമല**

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ എല്ലാ വൈദി കർക്കും വേണ്ടി ആശംസകൾ അറിയിക്കുകയും ദിവസത്തിന്റെ

സന്ദേശം മേഖലാ ഗ്രൂപ്പിൽ നൽകുകയും ചെയ്തു. വിശുദ്ധ ക്ലാര പുണ്യവതിയുടെ തിരുനാൾ അന്നേ ദിനത്തിൽ എഫ്. സി. സി. സി. സ്റ്റേഴ്സിനെ ആദരിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളി നോട് അനുബന്ധിച്ച് ചെയിൻ റോസറി നടത്തി. ഇടവകയിലെ വൈദികരുടെ ഭവനം സന്ദർശിക്കുകയും വൈദീകരുടെ മാതാപി താക്കളെ ആദരിക്കുകയും ചെയ്തു. മാസ അവസാന ഞായറാഴ്ച അമ്മമാർക്കായി സെമിനാറും കാഴ്ചവെപ്പും നടത്തി.

**ബത്തേരി**

പതിനഞ്ച് നോമ്പ് ഭക്തിപൂർവ്വം ആചരിച്ച് കുടുംബങ്ങൾക്കും മക്കൾക്കും യുവജനങ്ങൾക്കും ഇടവകയ്ക്കുമായി പ്രത്യേക പ്രാർ ത്ഥനകൾ നടത്തി. വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരു നാൾ ആചരിച്ച് വൈദികരുടെ വിശുദ്ധീകരണത്തിനും ശുശ്രൂഷാ വിജയത്തിനുമായി പ്രത്യേക പ്രാർത്ഥനകൾ നടത്തി. വൈദിക രുടെ പേരുകൾ നറുക്കെടുപ്പിലൂടെ സ്വീകരിച്ച് ഓരോ വൈദിക നെയും ഒരു വർഷത്തേക്ക് പ്രത്യേക പ്രാർത്ഥനയിൽ സമർപ്പി ക്കുന്ന പ്രവർത്തനം ആരംഭിച്ചു. വിയാനി ഭവൻ, സെമിനാരി എന്നിവ സന്ദർശിച്ച് വൈദികർക്കും ദൈവവിളികൾക്കുമായി പ്രാർത്ഥിക്കു കയും സഹായങ്ങൾ നൽകുകയും ചെയ്തു. ഗ്രാൻഡ് പേരന്റ്സ് ഡേ ആചരിച്ച് വയോധികരായ മാതാപിതാക്കളെയും മുത്തശ്ശ ന്മാരെയും മുത്തശ്ശിമാരെയും ആദരിച്ചു. പൊതിച്ചോറ് വിതരണം ഉൾപ്പെടെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി.

**താളിപ്പാടം**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വൈദികരെ ആദരിച്ചു. പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യ ദിനവും വിശുദ്ധ കുർബാനയോട് കൂടി വിപു ലമായി ആഘോഷിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തി. ഇടവക വികാരിയുടെ Feast കേക്ക് മുറിച്ച് ആഘോഷിച്ചു. എക്സിക്യൂ ട്ടീവ് കൂടി. ഭവന സന്ദർശനം രോഗീ സന്ദർശനം എന്നിവ നടത്തി. എല്ലാ ഞായറാഴ്ചകളിലും വാർഡ്തല ക്ലീനിങ് നടത്തുന്നു.

**ചോക്കാട്**

വിയാനി ദിനത്തിൽ വികാരിയച്ചനെ ആദരിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷിച്ചു. വി. മോനിക്ക പുണ്യ വതിയുടെ തിരുനാൾ കുർബാനയ്ക്കു ശേഷം ഇടവകയിലെ വൈദികരുടെ മാതാപിതാക്കളെ മൊമെന്റോ കൊടുത്ത് ആദരിച്ചു.

ശാന്തി സദനിൽ എല്ലാവർക്കും ഉച്ചഭക്ഷണം നൽകി. അമ്മമാർ കലാപരിപാടികൾ അവതരിപ്പിച്ചു. രോഗീ സന്ദർശനം, എലീശ്വാ സന്ദർശനം, നടത്തുന്നു.

**മാർട്ടിൻനഗർ**

വിവിധ നിയോഗങ്ങൾ വെച്ച് കരുണ കൊന്ത ചൊല്ലി കാഴ്ച വെച്ച് പ്രാർത്ഥിച്ചു. രോഗീ സന്ദർശനം നടത്തി. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു.

**തലഞ്ഞി**

പതിനഞ്ച് നോമ്പ് ആചരണം നോമ്പ് എടുത്തു കൊണ്ട് മാതൃ സഹായം തേടി പ്രാർത്ഥിച്ചു. ഈ മാസത്തിലെ ആദ്യ വെള്ളിയാഴ്ച അഞ്ചുമണി മുതൽ 6 മണി വരെ പ്രോലൈഫ് പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രാർത്ഥന നടത്തി. മാതൃവേദിയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഭവനസന്ദർശനം നടത്തുന്നു. ജപമാല സൈന്യത്തിലെ അമ്മമാർ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. വി. ജോൺ മരിയ വിയാനി, വി. മോനിക്ക ഇവരെ പരിചയപ്പെടുത്തി കൊണ്ടുള്ള വീഡിയോ നൽകി.

**മരക്കടവ്**

ജോൺ മരിയ വിയാനിയുടെ തിരുനാളിന് അമ്മമാർ ദിവ്യ ബലിയിൽ പങ്കെടുക്കുകയും വികാരിയച്ചനെ പൂച്ചെണ്ട് നൽകി ആദരിക്കുകയും ചെയ്തു. വിയാനി ഭവൻ സന്ദർശിച്ചു. ജീവകാരുണ്യ പ്രവർത്തനത്തിന് വികാരിയച്ചൻ 2000 രൂപ നൽകി. രോഗീ സന്ദർശനം നടത്തി. ജൂലൈ 25-ന് മോനിക്ക പുണ്യവതിയുടെ തിരുനാളിന് വീഡിയോ ഉണ്ടാക്കി ഗ്രൂപ്പിൽ ഷെയർ ചെയ്തു. വൈദികരുടെ മാതാപിതാക്കളെ ആദരിച്ചു. വിൻസെന്റ്ഗിരി നിത്യാരാധന ചാപ്പലിൽ പോയി പ്രാർത്ഥിച്ചു.

**കരിമാനി**

വിയാനി ദിനത്തിൽ വികാരി അച്ചന് ആശംസകൾ നേരുകയും ചെയ്യുകയും സമ്മാനം നൽകുകയും ചെയ്തു. പ്രോലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി ആരാധന നടത്തി. ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഓണാഘോഷ മത്സരപരിപാടിയിൽ അമ്മമാർ പങ്കെടുക്കുകയും ഓണസദ്യ തയ്യാറാക്കി കൊണ്ടുവരുകയും ചെയ്തു. 6 കിടപ്പുരോഗികളെ സന്ദർശിച്ചു. ചിങ്ങം 1 കർഷക ദിനത്തിൽ മികച്ച ക്ഷീരകർഷകയെ ആദരിച്ചു ഗിഫ്റ്റ് നൽകി. വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ അമ്മമാർക്ക് വിശുദ്ധയുടെ ഫോട്ടോ നൽകി.

**പുതുശ്ശേരിക്കടവ്**

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഇടവകയുടെ ആരംഭം മുതൽ ഇന്നുവരെ സേവനമനുഷ്ഠിച്ച എല്ലാ വൈദികരുടെയും തരിയോട് മേഖലയിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന എല്ലാ വൈദികരുടെയും ഈ ഇടവകയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ച ബഹുമാനപ്പെട്ട ജോൺ മൂലച്ചിറ പിതാവിന്റെയും, സാബു മാക്കിയിൽ അച്ചന്റെയും വീഡിയോ തയ്യാറാക്കി ആശംസകൾ അറിയിക്കുകയും ചെയ്തു. അമ്മമാരുടെ വിവിധ കലാപരിപാടികളോടെ ബഹുമാനപ്പെട്ട ജോജോ കുടക്കച്ചിറ അച്ചന്റെ 'സമുദായിക ശാക്തീകരണത്തിൽ അമ്മമാർക്കുള്ള പങ്ക്' എന്ന വിഷയത്തെക്കുറിച്ചുള്ള ഒരു ക്ലാസും ഉൾപ്പെടുത്തി വാർഷികാഘോഷം നടത്തി. ഇടവകയിൽ നവോമി സംഗമം നടത്തുകയും മേഖലാതല നവോമി സംഗമത്തിൽ പങ്കെടുക്കുകയും ചെയ്തു.

**വഞ്ഞോട്**

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യ ദിനവും അമ്മമാരുടെ സജീവ പങ്കാളിത്തത്തിൽ നടത്തി. ദേവാലയ നിർമ്മാണ ധനശേഖരണാർത്ഥം അമ്മമാരുടെ നേതൃത്വത്തിൽ ചമ്മന്തിപ്പൊടി നിർമ്മാണം നടത്തി. എല്ലാ ഞായറാഴ്ചകളിലും നിയോഗ പ്രാർത്ഥന നടത്തുന്നു. ഭവന സന്ദർശനവും രോഗീസന്ദർശനവും നടത്തി. പള്ളിയും പരിസരവും സെമിത്തേരിയും ക്ലീനിങ് നടത്തി. ദേവാലയ നിർമ്മാണ ഫണ്ടിനുവേണ്ടി ഇറക്കിയ സമ്മാനക്കൂപ്പൺ അമ്മമാർ ആളുകളിൽ എത്തിച്ച് തുക സമാഹരിച്ച് പള്ളിയിൽ എത്തിച്ചു.

**കുറുമണി**

വിയാനി തിരുനാൾ ദിനത്തിൽ ദിവ്യബലിയിൽ സംബന്ധിച്ച് ഇടവക വികാരിക്കും എല്ലാ വൈദികർക്കും വേണ്ടി പ്രാർത്ഥിച്ചു. ഓഗസ്റ്റ് 15 പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോട് അനുബന്ധിച്ച് ഓൺലൈൻ പ്രസംഗമത്സരം നടത്തി. രണ്ടാം വ്യാഴാഴ്ച വൈകുന്നേരം 6 മുതൽ 7 മണിവരെ ചാപ്പലിൽ ആരാധന നടത്തി. വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുനാൾ ആഘോഷിച്ചു.

**തരിയോട്**

സെമിനാരി ഫണ്ട് കൊടുത്തു. മേഖല നടത്തുന്ന സ്നേഹ ഭവൻ സന്ദർശനത്തിനായി നൈറ്റി കൊടുത്തു. വിവാഹ ധന സഹായം 7000 രൂപ കൊടുത്തു. ഓണക്കിറ്റ് നൽകി.

**പൂക്കോട്ടുംപാടം**

മരിയ വിയാനി ദിനത്തിൽ ഇടവകയിലെ വൈദികനെ ആദരിച്ചു. മേഖലയിലെ എല്ലാ വൈദികർക്കും ആശംസകൾ അറിയിച്ചു. മാതാവിന്റെ സ്വർഗാരോപണ തിരുനാളിന്, പാച്ചോർ നേർച്ച നൽകി. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചു. മേഖലയിൽ നടത്തിയ ക്വിസ് മത്സരത്തിൽ പങ്കെടുത്തു. ഓണത്തോടനുബന്ധിച്ചു, ചോക്കാട് ശാന്തി സദൻ സന്ദർശിക്കുകയും, അവരോടൊന്നിച്ചു ഓണസദ്യ കഴിക്കുകയും ചെയ്തു. ഓണത്തിന് ഒരു കുടുംബത്തിന് ഓണസദ്യ നൽകി. ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനായി, സുഖമില്ലാത്ത ഒരു അംഗത്തിന്റെ ഭവനം വൃത്തിയാക്കി ക്രമീകരിച്ചു. കാൻസർ രോഗിയെ സന്ദർശിച്ചു.

**വടപുറം**

മരിയ വിയാനിയുടെ തിരുനാൾ ദിവസം ഇടവകയിലെ അച്ചന്മാർക്ക് ആശംസകൾ നേർന്നു. കേക്ക് മുറിച്ച് ആഘോഷിച്ചു. ഇടവകയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ കുട്ടികൾവേണ്ടി പ്രഛന്നവേഷ മത്സരം നടത്തി. ക്ലാര പുണ്യവതിയുടെ തിരുനാൾ ദിവസം FCC കോൺവെന്റിൽ പോവുകയും സിസ്റ്റേഴ്സിനെ ആദരിക്കുകയും ചെയ്തു. ഓഗസ്റ്റ് മാസം മേഖലയിൽ വച്ചു നടന്ന ക്വിസ്സ് മത്സരത്തിന് ഒന്നാം സമ്മാനം ലഭിച്ചു.

**ഇരുളം**

15 നോമ്പ് ആചരിച്ചു. ജോൺ മരിയ വിയാനിയുടെ തിരുനാളിനോട് അനുബന്ധിച്ച് വികാരിയച്ചനെ ആദരിച്ചു. ഇടവകയിൽ വൈദികർ ആയിട്ടുള്ളവരുടെ മാതാപിതാക്കളെ ആദരിച്ചു. രോഗീ സന്ദർശനം നടത്തി. വിശുദ്ധ മോനിക്കയുടെ തിരുനാൾ ആഘോഷിച്ചു. മാതൃവേദി ഫണ്ട് കളക്ഷന് ഭാഗമായി biowin ന്റെ products വിറ്റു. സെമിനാരി ഫണ്ട് മേഖലയ്ക്ക് നൽകി. പാവപ്പെട്ട ഒരു കുട്ടിക്ക് ഓണക്കോടി കൊടുത്തു.

**ഫാ. ജോസഫ് പരുവുമ്മേൽ &**
**ഫാ. ബിനു വടക്കേൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സുവിശേഷത്തിലെ നല്ല സമരായക്കാരൻ കാണിച്ചുതന്ന കാരുണ്യത്തിന്റെയും അയൽ സ്നേഹത്തിന്റെയും സന്ദേശമാണ് വിൻസെൻഷ്യൻ ശുശ്രൂഷയുടെ ജീവവായു. വഴിയിൽ ഉപേക്ഷിക്കപ്പെട്ടവരുടെയും രോഗികളുടെയും അനാഥരുടെയും പാവപ്പെട്ടവരുടെയും കൂട്ടുകാരനായി മാറുക എന്നതായിരുന്നു ക്രിസ്തുനാഥന്റെ ആഹ്വാനം. നാനാ ജാതി മതസ്ഥരായ, കഷ്ടപ്പാട് അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസത്തിന്റെ തണൽ ഒരുക്കാൻ കഴിഞ്ഞ നാലര പതിറ്റാണ്ടിലേറെയായി നമ്മുടെ സെൻട്രൽ കൗൺസിലിന് സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമായ കാര്യമാണ്.

**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ 48-ാമത് വാർഷികം 12/9/2026 ന് ആഘോഷിച്ചു. ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന വാർഷിക ആഘോഷങ്ങൾ മാനന്തവാടി രൂപത സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി 500 ഓളം പ്രതിനിധികൾ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. രൂപതാ പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ അധ്യക്ഷത വഹിച്ചു. രൂപതാ സെക്രട്ടറി ബ്രദർ ജോസ് ചാത്തമല പ്രവർത്തന റിപ്പോർട്ട്, രൂപതാ ട്രഷറർ ബ്രദർ വിൻസെന്റ് റാത്തപ്പള്ളി കണക്ക് എന്നിവ അവതരിപ്പിച്ചു. സെൻട്രൽ കൗൺസിൽ ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോജോ കുടക്കച്ചിറ അനുഗ്രഹ പ്രഭാഷണം നടത്തി. സംഘടനയുടെ വാർഷിക പതിപ്പ് നല്ല സമരായൻ 2026 പ്രകാശനം നടത്തി. രൂപതയുടെ പ്രഥമ സി.സി. പ്രസിഡന്റ് ബ്രദർ പി. യു. ജോൺ പാലക്കൽ പുത്തൻപുര, സിസ്റ്റർ ഹണി മരിയ ഷാജി (വനിതാ പ്രതിനിധി), ബ്രദർ ബിജു കിഴക്കേമാളിയേക്കൽ, സിസ്റ്റർ വത്സമ്മ പീറ്റർ എളയച്ചാനി (ജോയിന്റ് സെക്രട്ടറി), ബ്രദർ ജയ്സൺ വടക്കേകുടിയിൽ (യൂത്ത് കോഡിനേറ്റർ), ബ്രദർ അജി വിരിപ്പാമറ്റം, ബ്രദർ ഷാജി പൂവത്താണി (സി. സി.

വൈ. പ്രസി.), എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. തുടർന്നു നടന്ന വിൻസെൻഷ്യൻ ജീവിതം ഒരു ദൈവവിളി എന്ന വിഷയത്തിൽ ഡോ. അലക്സ് ജോർജ് കാവുകാട്ട് (കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, പാല) ക്ലാസ് നയിച്ചു. സമാപന പ്രാർത്ഥന കൾക്ക് ബ്രദർ വിൻസെന്റ് കുന്നപ്പള്ളി നേതൃത്വം നൽകി. സ്നേഹ വിരുന്നോടെ വാർഷികാഘോഷം സമാപിച്ചു

**ഏരിയ കൗൺസിൽ വാർത്തകൾ**

**ഗൂഡല്ലൂർ എ. സി.**

പതിവുപോലെ എല്ലാ ഞാറാഴ്ചയും കോൺഫ്രൻസ് മീറ്റിംഗ് കൂടുകയും സി. സി, എ. സി. കളിൽ നിന്നും കിട്ടുന്ന നിർദേശങ്ങളും മറ്റും അറിയിക്കുകയും ചെയ്യുന്നു. ഓഗസ്റ്റ് 17 -ന് ഓസാനം ഭവൻ സന്ദർശിക്കുകയും ഉച്ചഭക്ഷണം കൊടുക്കുകയും ചെയ്തു. സെപ്റ്റം ബർ 9 -ന് (വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനമിന്റെ തിരുന്നാൾ) അംഗങ്ങൾ ദിവ്യബലിയിൽ പങ്കെടുത്തു. ദത്തു കുടുംബ സന്ദർശനം നടത്തി. ഭക്ഷ്യ വസ്തുക്കളും സാമ്പത്തിക സഹായവും നൽകി. ഭവന നിർമാണത്തിന്, രോഗികൾക്ക്, വിദ്യാഭ്യാസത്തിന് സഹായം നൽകി. രണ്ട് കോൺഫ്രൻസുകൾ സംയുക്തമായി മാസത്തിലൊ രിക്കൽ അംഗങ്ങളുടെ ഭവനങ്ങളിൽ പ്രാർത്ഥന നടത്തിവരുന്നു. സി. സി. വാഷികത്തിന് ഗൂഡല്ലൂർ എ. സി. യിൽ നിന്നും അംഗ ങ്ങൾ പങ്കെടുത്തു.

**പാടിച്ചിറ എ. സി.**

സെപ്റ്റംബർ 13-ന് എ. സി. യോഗം നടത്തി. എ. സി. ആത്മീയ ഉപദേഷ്ടാവ് റവ ഫാ. ജോണി കല്ലുപുര സന്ദേശം നല്കി. ബൈബിൾ പകർത്തി എഴുതിയതിന് രൂപതയിൽ 2-ാം സ്ഥാനം നേടിയ വത്സ നരിവേലിൽ, മുള്ളൻകൊല്ലി പഞ്ചായത്തിൽ കർഷകശ്രീ അവാർഡു ലഭിച്ച ഷെല്ലി കവളക്കാട്ട് എന്നിവരെ യോഗം ആദരിച്ചു. എ. സി. യുടെ കീഴിലുള്ള 3 കോൺഫറൻസുകൾ ഓസാനം ഭവൻ സന്ദർശി ക്കുകയും ഭക്ഷ്യവസ്തുക്കൾ, ഓണക്കോടി, എന്നിവയോടൊപ്പം സാമ്പത്തിക സഹായവും നൽകി. ഭവനനിർമ്മാണം, രോഗീ സഹായം (4), വിദ്യാഭ്യാസ സഹായം (3), ഭക്ഷണ കിറ്റ്, സാമ്പത്തിക സഹായം (2+2), വസ്ത്രം (1) എന്നിവ നൽകി. എല്ലാ കോൺഫറൻസ് അംഗ ങ്ങളും ദേവാലയത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥന നടത്തിവരുന്നു

പാടിച്ചിറ എ. സി. യിലെ കിടപ്പുരോഗികളുടെ വീടുകൾ സന്ദർശിച്ച് വീടും പരിസരവും വൃത്തിയാക്കുകയും രോഗികളെ കുളിപ്പിച്ച് കൂദാശ സ്വീകരിക്കുവാൻ ഒരുക്കുകയും ചെയ്തു. ഇടവക വികാരി വീടുവെഞ്ചരിച്ച് രോഗികൾക്ക് വി. കുർബാന നൽകി. സി. സി. വാർഷികത്തിൽ എ. സി. യിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു. രണ്ട് നേഴ്സിങ് വിദ്യാർത്ഥികൾക്കും ഒരു എൻജിനീയറിങ് വിദ്യാർത്ഥിയ്ക്കും പഠന ചെലവിനായി 152500 രൂപ നൽകി.

**കൊട്ടിയൂർ ഏരിയ കൗൺസിൽ**

23/08/2026 ഞായറാഴ്ച രാവിലെ 7:30 ന് സി. സി. പ്രസിഡന്റും എ. സി. പ്രസിഡണ്ടും അടക്കാത്തോട് പള്ളിയിൽ വിശുദ്ധ കുർബാനയിൽ പങ്കുചേരുകയും തുടർന്ന് സെന്റ് ജോസഫ് കോൺഫറൻസിന്റെ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. ഇടവക വികാരി റവ. ഫാ. സെബിൻ ഐക്കരതാഴത്ത് വിശുദ്ധ കുർബാന മധ്യേ സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിയിൽ അംഗങ്ങളായി ചേരണമെന്ന് ആഹ്വാനം ചെയ്തു. കോൺഫ്രൻസ് യോഗത്തിലും ബഹു. സെബിൻ അച്ചൻ പങ്കെടുത്തു. എ. സി. പ്രസിഡന്റ് സിസ്റ്റർ പ്രിയ തടങ്ങഴിയിൽ സംഘടനയുടെ ചരിത്രം വിശദീകരിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ മഹത്വത്തെക്കുറിച്ചും ഇന്നത്തെ കാലത്ത് സംഘടനയുടെ പ്രാധാന്യത്തെക്കുറിച്ചും സി. സി. പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ ക്ലാസ് എടുത്തു. 8 പുതിയ അംഗങ്ങൾ കൂടി യോഗത്തിൽ പങ്കെടുത്തു. കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ തോമസ് മുതുകാട്ടിൽ നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

30/08/2026 ഞായറാഴ്ച എ. സി. സെക്രട്ടറി ബ്രദർ സോണി പൂത്തറയും ബ്രദർ ജോസ് തെക്കേമലയും വെള്ളൂന്നി കോൺഫ്രൻസ് സന്ദർശിച്ചു. കോൺഫറൻസ് അംഗങ്ങൾക്ക് സംഘടനയെ കുറിച്ച് ക്ലാസ് എടുത്തു. സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

സെപ്റ്റംബർ 9-ന് വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ തിരുനാൾദിനം എല്ലാ കോൺഫറൻസുകളും സമുചിതമായി ആഘോഷിച്ചു. വിശുദ്ധ കുർബാന ചൊല്ലിക്കുകയും ചെയ്തു. സെപ്റ്റംബർ 12-ന് നടന്ന സി. സി. വാർഷികത്തിൽ കൊട്ടിയൂർ എ. സി. യിലെ വിൻസെൻഷ്യൻ അംഗങ്ങളുടെ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു.

**കുറുമ്പാല എ. സി.**

ഭാരവാഹികളുടെ നേതൃത്വത്തിൽ 47 അംഗങ്ങൾ മാണ്ഡ്യ മിഷൻ രൂപതയും രൂപതയുടെ സോഷ്യൽ സർവ്വീസ് സെന്ററും സന്ദർശിച്ചു. 10000 രൂപ മിഷൻ പ്രവർത്തനങ്ങൾക്കായി സംഭാവന നല്കി. തിരിച്ചുള്ള യാത്രാമധ്യേ ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോജോ കുടുക്കച്ചിറ, സിസ്റ്റർ ലൂസി (എഫ്. സി. സി.) യാത്രയിൽ പങ്കുചേർന്നത് പ്രചോദനമായി. വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഒസാനാമിന്റെ നാമത്തിൽ വിശുദ്ധ കുർബാന ചൊല്ലിച്ചു. രോഗീ സഹായമായി 6000 രൂപ പുതുശ്ശേരിക്കടവ് ഇടവകയിലെ ഒരു കുടുംബത്തിന് നല്കി. എ. സി. പ്രസിഡന്റ് ലിസി കൂവയ്ക്കൽ നേതൃത്വം നല്കി.

**ഓസാനം ഭവൻ വാർത്തകൾ**

**ഓസാനം ഭവനിൽ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ തിരുനാൾ ആഘോഷിച്ചു**

സെപ്റ്റംബർ 9-ന് രാവിലെ 7:30 ന് വി. കുർബാനക്ക് നടവയൽ അസിസ്റ്റന്റ് വികാരി റവ. ഫാ. ജിതിൻ ചേറാടിയിൽ കാർമ്മികത്വം വഹിച്ചു. സിസ്റ്റർ ഡോണയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. വിശുദ്ധ കുർബാനയെ തുടർന്ന് വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനമിന്റെ നോവേനയും ഉണ്ടായിരുന്നു. ചെയർമാൻ ബ്രദർ ഷൈജൻ തടങ്ങഴിയിൽ സെക്രട്ടറി ബ്രദർ ജോർജ് പറമ്പിൽ, മാനേജർ ബ്രദർ റോയി ലൂയിസ് തുരുത്തിയിൽ, ബ്രദർ വിൽസൺ അങ്ങേമഠത്തിൽ, സ്റ്റാഫ് അംഗങ്ങൾ എന്നിവർ അപ്പച്ചന്മാർക്കൊപ്പം പങ്കെടുത്തു. ചെയർമാൻ ബ്രദർ ഷൈജൻ തടങ്ങഴിയിൽ സന്ദേശം നൽകി.

**ഓസാനം ഭവനിൽ**

ആഗസ്റ്റ് 16-ന് സെന്റ് ജോർജ് കോൺഫ്രൻസ് (ചിത്രഗിരി ബത്തേരി എ. സി.) അംഗങ്ങൾ വരുകയും അപ്പച്ചന്മാരെ കാണുകയും സംഭാവനകൾ നൽകുകയും ചെയ്തു.

ചിത്രഗിരി ഇടവക വികാരിയും ഒപ്പം റവ. ഫാ. ജോർജ് മഞ്ഞാടിയിലും ഓസാനം ഭവൻ സന്ദർശനത്തിനും പ്രാർത്ഥനകൾക്കും നേതൃത്വം നൽകി.

ആഗസ്റ്റ് 22-ന് ഓസാനം ഭവനിൽ യോഗ ക്ലാസ്സ് നടന്നു. ഡോ. ലക്ഷ്മി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ആഗസ്റ്റ് 22-ന് പാടിച്ചിറ എ. സി. അപ്പച്ചന്മാർക്ക് ഓണക്കോടി സമ്മാനിച്ചു. റവ. ഫാ. സജി (കബനിഗിരി വികാരി) നേതൃത്വം നൽകി.

**ഓണ പരിപാടികൾ**

ഉത്രാടദിനമായ ഓഗസ്റ്റ് 25-ന് രാവിലെ 10:30-ന് 'റിഥം' യുവപ്രതിഭ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് കേണിച്ചിറയുടെ ആഭിമുഖ്യത്തിൽ ഓസാനം ഭവനിൽ ഗാനമേള നടത്തി. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഓണസദ്യയും നൽകി.

തിരുവോണദിനമായ ഓഗസ്റ്റ് 26-ന് രാവിലെ സ്റ്റാഫുകളും, അപ്പച്ചന്മാരും ചേർന്ന് പൂക്കളമിട്ടു. ഉച്ചഭക്ഷണമായി ഓണസദ്യയും നൽകി.

ഓസാനം ഭവനിലെ ഓണാഘോഷപരിപാടി ഓഗസ്റ്റ് 28-ന് 'ഒന്നിച്ചോണം 2026' എന്ന പേരിൽ സ്റ്റാഫും ബോർഡ് അംഗങ്ങളും അപ്പച്ചന്മാരും ഒത്തൊരുമയോടെ നടത്തി. രാവിലെ 7.30-ന് വി. കുർബാന നടന്നു. തുടർന്ന് സ്റ്റാഫിന്റെയും അപ്പച്ചന്മാരുടെയും ഓണക്കളികളും ഉണ്ടായിരുന്നു. സ്റ്റാഫിന്റെ തിരുവാതിരക്കളി, ഓണപ്പാട്ടുകൾ എന്നിവ ഉണ്ടായിരുന്നു. കസേരകളി, ബോൾ പാസിംഗ്, വടംവലി, ബലൂൺ പൊട്ടിക്കൽ എന്നീ മത്സരയിനങ്ങൾ ഉണ്ടായിരുന്നു. മത്സരങ്ങളിൽ വിജയികളായവർക്ക് ചെയർമാൻ ബ്രദർ ഷൈജൻ തടങ്ങഴിയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

നടവയൽ ഇടവക ആർച്ച് പ്രീസ്റ്റ് റവ. ഫാ. വിൻസെന്റ് കളപ്പുര, സഹവികാരിമാർ, സെക്രട്ടറി ബ്രദർ ജോർജ്ജ് പറമ്പിൽ, മാനേജർ ബ്രദർ റോയി ലൂയിസ്, ബോർഡ് അംഗങ്ങൾ, സ്റ്റാഫ്, ബന്ധുക്കൾ, അയൽവാസികൾ എന്നിവർ പങ്കെടുത്തു. ചെയർമാൻ ബ്രദർ ഷൈജൻ, സി. പ്രിയാ ഷൈജൻ, ഫാമിലി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

സന്ദർശനങ്ങൾ ബത്തേരി അസംപ്ഷൻ ചർച്ചിൽ നിന്നും ആഗസ്റ്റ് 29-ന് വികാരി റവ. ഫാ. തോമസ് മണക്കുന്നേൽ, മാതൃവേദി, മിഷൻലീഗ്, കെ. സി. വൈ. എം. അംഗങ്ങൾ എന്നിവർ ഓസാനം ഭവൻ സന്ദർശിച്ചു

ആഗസ്റ്റ് 30-ന് സെന്റ് മേരീസ് കോൺഫ്രൻസ് തോമാട്ടുചാൽ അംഗങ്ങൾ ഓസാനം ഭവൻ സന്ദർശിച്ചു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**

സി.സി. പ്രസിഡന്റ്

**തിൻ പ്രൊജക്റ്റ്: ഹാർട്ട് ടാസ്ക് ഫോഴ്സ് അംഗങ്ങൾക്ക് പരിശീലനം നൽകി**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) നടപ്പിലാക്കുന്ന സേഫ് വിതിൻ (Safe Within) പ്രൊജക്റ്റിന്റെ ഭാഗമായി രൂപീകരിച്ച 'ഹാർട്ട്' (HEART) ടാസ്ക് ഫോഴ്സ് അംഗങ്ങൾക്ക് ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന പരിശീലന ക്യാമ്പ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജോസഫ് പി. എ. ഉദ്ഘാടനം ചെയ്തു. തുടർന്ന് ലഹരിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചും അനുബന്ധ പ്രശ്നങ്ങളെക്കുറിച്ചും അദ്ദേഹം ബോധവൽക്കരണ ക്ലാസ് എടുത്തു.

WSSS എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ പി. എ ജോസ്, കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണി, ഡെൽന മേരി ജെയ്സൺ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ബി-ഫ്രിംഗ് കോഡിനേറ്റർ സിസ്റ്റർ ലില്ലി മാത്യു നന്ദി രേഖപ്പെടുത്തി. ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും അടിയന്തര ഘട്ടങ്ങളിലും കാര്യക്ഷമമായി ഇടപെടുന്നതിന് ടാസ്ക് ഫോഴ്സ് അംഗങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലനം നടത്തിയത്.

തുടർന്ന് നടന്ന വിവിധ പഠന സെഷനുകളിൽ അഞ്ചുകുന്ന് റിവൈവ് ആശുപത്രിയുടെ നേതൃത്വത്തിൽ പ്രഥമശുശ്രൂഷ, ബേസിക്സ് ലൈഫ് സപ്പോർട്ട് (BLS), CPR, WASH എന്നിവയിൽ വിശദമായ പരിശീലനം നൽകി. ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പും മാനുഷിക സഹായ മാനദണ്ഡങ്ങളും സംബന്ധിച്ച് കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണിയും, പ്രകൃതി ദുരന്തങ്ങളെയും പ്രളയ-ഉരുൾപൊട്ടൽ സാധ്യതകളെയും നേരിടുന്നതിനുള്ള വിദ്യകളെക്കുറിച്ച് വയനാട് സ്പോർട്സ് & ഗെയിംസ് അഡ്വഞ്ചർ അക്കാദമി സെക്രട്ടറി ലൂക്കാ ഫ്രാൻസിസും ക്ലാസുകൾ നയിച്ചു.

ഉച്ചയ്ക്ക് ശേഷം NDRF ടീമിന്റെ സി. ഐ. സുഭാഷിന്റെ നേതൃത്വത്തിലുള്ള 4 അംഗ വിദഗ്ധസംഘത്തിന്റെ നേതൃത്വത്തിൽ ടാസ്ക്ഫോഴ്സ് അംഗങ്ങൾക്ക് പ്രായോഗിക പരിശീലനം നൽകി. ദുരന്തസാധ്യതയുള്ള മേഖലകളിൽ അടിയന്തര ഘട്ടങ്ങളിൽ വേഗത്തിൽ ഇടപെടാനും ജനങ്ങൾക്ക് ആവശ്യമായ സഹായം ഉറപ്പാക്കാനും ഈ പരിശീലന പരിപാടി വഴി ടാസ്ക്ഫോഴ്സ് അംഗങ്ങൾക്ക് സാധിക്കുമെന്ന് സംഘാടകർ അറിയിച്ചു.

**നബാർഡിന്റെ പിന്തുണയിൽ പ്രകൃതിദത്ത നീരുറവകളുടെ പുനരുജ്ജീവനം**

കാലാവസ്ഥാ വ്യതിയാനവും മണ്ണിടിച്ചിലും മണ്ണൊലിപ്പും മാലിന്യനിക്ഷേപവും ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ നശിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിദത്ത നീരുറവകൾക്ക് പുനർജനി നൽകികൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS). നബാർഡിന്റെ (NABARD) സാമ്പത്തിക പിന്തുണയോടെ എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് പ്രദേശത്ത് നടപ്പിലാക്കുന്ന നീർത്തട വികസന പദ്ധതിയുടെ ഭാഗമായി അഞ്ച് പ്രകൃതിദത്ത നീരുറവകൾ ഇതിനകം പുനരുജ്ജീവിപ്പിച്ചു. ഒരുകാലത്ത് മണ്ണും ചെളിയും മാലിന്യങ്ങളും നിറഞ്ഞ് ഉപയോഗ ശൂന്യമായ അവസ്ഥയിലായിരുന്ന നീരുറവകളാണ് ശാസ്ത്രീയമായ പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ വീണ്ടും സജീവമായത്.

നീരുറവകളിൽ അടിഞ്ഞു കൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ജലസംഭരണത്തിനും സംരക്ഷണത്തിനുമായി സ്പ്രിംഗ് ബോക്സുകൾ (Spring Box) നിർമ്മിക്കുകയും ചെയ്തു. ഇതോടെ നീരുറവകളിലെ ജലലഭ്യത വർധിക്കുകയും നീരൊഴുക്ക് മെച്ചപ്പെടുകയും ചെയ്തു. പുനരുജ്ജീവിപ്പിച്ച നീരുറവകളിൽ നിന്ന് ഇപ്പോൾ സമൃദ്ധമായി വെള്ളം ലഭിക്കുന്നുണ്ട്. ഇത് പ്രദേശത്തെ കർഷകർക്ക്, പ്രത്യേകിച്ച് നെൽകൃഷിക്കും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കും ജലലഭ്യത ഉറപ്പാക്കുന്നതിന് സഹായകമാകുന്നു. കൃഷിയാവശ്യങ്ങൾക്കുള്ള ജലസ്രോതസ്സായി നീരുറവകളെ സംരക്ഷിക്കുന്നതിലൂടെ കർഷകരുടെ ഉപജീവന സുരക്ഷയും മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

നീരുറവകൾ പുനരുജ്ജീവിപ്പിക്കുന്നതിൽ മാത്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ പരിമിതപ്പെടുന്നില്ല. ഓരോ നീരുറവയുടെയും നീർത്തട പ്രദേശം സംരക്ഷിക്കുകയും ഭൂഗർഭജല പുനഃനിക്ഷേപം വർധിപ്പിക്കുകയും ജലസ്രോതസ്സുകളുടെ ദീർഘകാല നിലനിൽപ്പ് ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളായ മൺകയ്യാല നിർമ്മാണം, നീർക്കുഴികൾ, വൃക്ഷവൽക്കരണം, കാർഷിക വിളകളുടെ വ്യാപനം, ചെക്ക്ഡാം നിർമ്മാണം എന്നിവ നടപ്പിലാക്കുന്നു.

മഴവെള്ളം മണ്ണിൽ ആഗിരണം ചെയ്യപ്പെടുന്നതിനും ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിനും മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും നീരൊഴുക്ക് നിലനിർത്തുന്നതിനും ഈ പ്രവർത്തനങ്ങൾ സഹായിക്കുന്നു. നീരുറവകളുടെ ഉത്ഭവ പ്രദേശങ്ങളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിലൂടെ വരും വർഷങ്ങളിലും ജലലഭ്യത ഉറപ്പാക്കുകയാണ് ലക്ഷ്യം. പ്രകൃതിദത്ത ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും സംരക്ഷണവും സംയോജിപ്പിച്ചു കൊണ്ടുള്ള സമഗ്രമായ ഇടപെടലാണ് പുലിക്കാട് വില്ലേജ് വാട്ടർ ഷെഡ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി(WSSS) പ്രോഗ്രാം സപ്പോർട്ടിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നു. ഗ്രാമതലത്തിലുള്ള വാട്ടർഷെഡ് കമ്മിറ്റി അംഗങ്ങളുടെയും പ്രാദേശിക ജനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് നീരുറവകളുടെ പുനരുജ്ജീവനവും നീർത്തട സംരക്ഷണ പ്രവർത്തനങ്ങളും മുന്നോട്ടു പോകുന്നത്. പ്രാദേശിക സമൂഹത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് സ്ഥിരതയുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത്, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, പ്രോജക്ട് മാനേജർമാരായ റോബിൻ ജോസഫ്, ദീപു ജോസഫ്, അഗ്രോണമിസ്റ്റ് ബിജു കെ. ജെ, സിവിൽ എൻജിനീയർ നീരജ സുരേന്ദ്രൻ, ലേഡി സോഷ്യൽ വർക്കർ ജാൻസി ജിജോ,വില്ലേജ് വാട്ടർഷെഡ് കമ്മിറ്റി

അംഗങ്ങളായ വർഗീസ് കെ. ജെ, സിനോജ് പി. ജെ. എന്നിവർ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

**വനിതാ മൊബൈൽ ഫോൺ റിപ്പയറിങ് പരിശീലന പദ്ധതി വിജയകരമായി പുരോഗമിക്കുന്നു**

സ്ത്രീകളെ ആധുനിക സാങ്കേതിക തൊഴിൽ മേഖലയിലേക്ക് കൂടുതൽ സജ്ജരാക്കുകയും സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പുതിയ തൊഴിൽ-സംരംഭക അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നതിനായി നബാർഡിന്റെ (NABARD) സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS) ആരംഭിച്ച വനിതകൾക്കായുള്ള മൊബൈൽ ഫോൺ റിപ്പയറിങ് പരിശീലന പരിപാടി ശ്രദ്ധേയമായ പുരോഗതി കൈവരിക്കുന്നു. പരിശീലനത്തിന്റെ 50 ശതമാനം ഇതിനകം പൂർത്തിയായതോടെ, പരിശീലനാർത്ഥികൾ സാങ്കേതിക പരിജ്ഞാനം പ്രായോഗികമായി ഉപയോഗിച്ച് മൊബൈൽ ഫോൺ റിപ്പയറിങ് സേവനങ്ങൾ നൽകിത്തുടങ്ങിയിരിക്കുകയാണ്. ചില പരിശീലനാർത്ഥികൾ ഇതിനകം തന്നെ ഇതിലൂടെ വരുമാനം നേടുകയും ചെയ്യുന്നു.

മൊബൈൽ ഫോൺ റിപ്പയറിങ് മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുകയും അവരെ പ്രാവീണ്യമുള്ള സാങ്കേതിക വിദഗ്ധരും ഭാവിയിലെ സംരംഭകരുമായി വളർത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. നിലവിൽ ഈ മേഖല പ്രധാനമായും പുരുഷന്മാരാണ് കൈകാര്യം ചെയ്യുന്നത്. മൊബൈൽ ഫോണുകളുടെ അറ്റകുറ്റപ്പണികൾക്കായി സ്ത്രീകൾക്ക് പലപ്പോഴും പുരുഷ ടെക്നീഷ്യൻമാരെ ആശ്രയിക്കേണ്ട സാഹചര്യമുണ്ട്. വ്യക്തിഗത വിവരങ്ങളുടെയും സ്വകാര്യതയുടെയും സുരക്ഷ സംബന്ധിച്ച ആശങ്കകൾക്കും ഇത് ഇടയാക്കാറുണ്ട്. ഈ സാഹചര്യത്തിൽ സ്ത്രീകൾക്ക് തന്നെ മൊബൈൽ ഫോൺ റിപ്പയറിങ് സേവനങ്ങൾ നൽകാൻ കഴിയുന്ന രീതിയിൽ സാങ്കേതിക പരിശീലനം നൽകുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ആദ്യഘട്ടത്തിൽ 30 വനിതകൾക്കാണ് അഞ്ച് മാസത്തെ പരിശീലനം നൽകുന്നത്. സെക്ടർ സ്കിൽ കൗൺസിൽ അംഗീകൃത സർട്ടിഫിക്കറ്റ് ലഭിക്കുന്ന പരിശീലനം പൂർണമായും സൗജന്യമാണ്.

പരിശീലനാർത്ഥികൾക്ക് യാത്രാച്ചെലവിനായി പ്രതിമാസം 2,500 രൂപ വീതം ധനസഹായവും നൽകുന്നുണ്ട്. പ്ലസ് ടു വിജയിച്ച 18 മുതൽ 35 വയസ് വരെയുള്ള വനിതകളാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്.

പരിശീലനത്തിന്റെ ഭാഗമായി അടിസ്ഥാന മൊബൈൽ റിപ്പയറിങ് മുതൽ ഹാർഡ്‌വെയർ പരിശോധന, വിവിധ ഘടകങ്ങളുടെ തിരിച്ചറിയൽ, തകരാറുകൾ കണ്ടെത്തൽ, അറ്റകുറ്റപ്പണി, പ്രായോഗിക പരിശീലനം തുടങ്ങിയ മേഖലകളിലാണ് പരിശീലനം നൽകുന്നത്. ക്ലാസ് മുറിയിലെ പഠനത്തോടൊപ്പം പ്രായോഗിക പരിശീലനത്തിനും പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. ഇതിന്റെ ഫലമായി പരിശീലനാർത്ഥികൾ പരിശീലനം പൂർത്തിയാകുന്നതിന് മുമ്പുതന്നെ യഥാർത്ഥ റിപ്പയറിങ് ജോലികൾ ഏറ്റെടുത്ത് തങ്ങളുടെ കഴിവുകൾ പ്രയോഗിക്കുകയും വരുമാനം കണ്ടെത്തുകയും ചെയ്യുന്നത് പദ്ധതിയുടെ പ്രായോഗിക വിജയത്തിന്റെ സൂചനയാണ്.

കേരളത്തിൽ നബാർഡിന്റെ പിന്തുണയോടെ ആദ്യമായി നടപ്പാക്കുന്ന ഈ വനിതാ കേന്ദ്രീകൃത മൊബൈൽ ഫോൺ റിപ്പയറിങ് പരിശീലന പരിപാടി വിജയകരമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കാനുള്ള സാധ്യതയുണ്ട്. സ്ത്രീകൾക്ക് സുരക്ഷിതവും മാന്യവുമായ സാങ്കേതിക സേവനങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം, വനിതകൾക്ക് സ്വയംതൊഴിലും സംരംഭകത്വവും ഉറപ്പാക്കുന്ന 'ഷീ മൊബൈൽ റിപ്പയർ യൂണിറ്റുകൾ' എന്ന ആശയത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പായാണ് പദ്ധതിയെ വിലയിരുത്തുന്നത്.

സാങ്കേതിക വൈദഗ്ധ്യം, തൊഴിൽ, സംരംഭകത്വം എന്നിവയെ ഏകോപിപ്പിച്ച് ഗ്രാമീണ വനിതകൾക്ക് സ്ഥിരമായ വരുമാന മാർഗം സൃഷ്ടിക്കുന്നതിനുള്ള മാതൃകാപരമായ ഇടപെടലായി ഈ പദ്ധതി മാറുകയാണ്.

**200 കുടുംബങ്ങൾക്ക് ഭക്ഷ്യ -ശുചിത്വ കിറ്റുകൾ വിതരണം ചെയ്തു**

പ്രളയവും കനത്ത മഴയും മൂലം ദുരിതമനുഭവിക്കുന്ന വയനാട്ടിലെ വിവിധ പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് ആശ്വാസമേകുന്നതിനായി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി (WSSS)യുടെ നേതൃത്വത്തിൽ 200 ഭക്ഷ്യ ശുചിത്വ (Wash) കിറ്റുകൾ വിതരണം ചെയ്തു. കാരിത്താസ് ഇന്ത്യയുടെ പിന്തുണയോടെയാണ് ദുരിതബാധിത സമൂഹങ്ങൾക്ക് കിറ്റുകൾ ലഭ്യമാക്കിയത്.

കിറ്റുകളുടെ വിതരണോദ്ഘാടനം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ നിർവഹിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ജോണി കുന്നത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. WSSS പ്രോഗ്രാം ഓഫീസർ ശ്രീ. പി. എ. ജോസ്, എടവക ഗ്രാമപഞ്ചായത്ത് അംഗം ശ്രീമതി ഗോൾഡ ഷിനോജ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

പ്രളയവും വെള്ളപ്പൊക്കവും പോലുള്ള പ്രകൃതിദുരന്തങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് സമൂഹത്തിലെ ദുർബല വിഭാഗങ്ങളെയാണ്. ദുരന്തസമയത്ത് ഭക്ഷണം, ശുദ്ധമായ കുടിവെള്ളം, ശുചിത്വ സാമഗ്രികൾ, വ്യക്തിഗത ശുചിത്വത്തിനാവശ്യമായ വസ്തുക്കൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നത് കുടുംബങ്ങളുടെ ആരോഗ്യവും സുരക്ഷയും സംരക്ഷിക്കുന്നതിൽ നിർണായകമാണ്. ഈ സാഹചര്യത്തിലാണ് ദുരിതബാധിത കുടുംബങ്ങളുടെ അടിയന്തര ആവശ്യങ്ങൾ പരിഗണിച്ച് ഭക്ഷ്യ-വാഷ് കിറ്റുകളുടെ വിതരണം WSSS സംഘടിപ്പിച്ചത്.

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും കിറ്റുകളുടെ വിതരണത്തിനും പ്രോജക്ട് കോർഡിനേറ്റർ ശ്രീമതി ചിഞ്ചു മരിയ, റീജിയണൽ കോർഡിനേറ്റർമാരായ ശ്രീമതി ആലീസ് സിസിൽ, ശ്രീമതി ബിൻസി വർഗീസ്, ശ്രീമതി ജിനി ഷിനു, ശ്രീമതി ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

പ്രളയബാധിതരുടെ അടിയന്തര ആവശ്യങ്ങളിൽ സമയബന്ധിതമായി ഇടപെടുന്നതിനും ദുരിതബാധിത കുടുംബങ്ങളുടെ അതിജീവനശേഷി വർധിപ്പിക്കുന്നതിനുമായി WSSS തുടർന്നും വിവിധ ദുരന്ത പ്രതികരണപുനരധിവാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു. ദുരിതസമയത്ത് ആവശ്യമായ പിന്തുണ നൽകിയ കാരിത്താസ് ഇന്ത്യയോടുള്ള നന്ദിയും WSSS അറിയിച്ചു.

**അടയ്ക്ക, കറുവപ്പട്ട തൈകൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹകരണത്തോടെ 100 ആദിവാസി വിഭാഗത്തിൽപെടുന്ന കർഷകർക്ക് അടയ്ക്ക, കറുവപ്പട്ട തൈകൾ വിതരണം ചെയ്തു. ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ

ട്രൈബൽ സബ്പ്ലാനിൽ ഉൾപ്പെടുത്തിയാണ് തൈകൾ വിതരണം ചെയ്തത്. തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻ കൊല്ലി നീരുറവ സംരക്ഷണ പ്രദേശത്തുനടന്ന വിതരണ ഉദ്ഘാടനം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത് നിർവ്വഹിച്ചു. നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം. കെ. ജയ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. എൻ. ഉസ്മാൻ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോണി കുന്നത്ത് മുഖ്യ പ്രഭാഷണം നടത്തി. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, വാർഡ് മെമ്പർമാർ എന്നിവർ പങ്കെടുത്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ടീം അംഗങ്ങളായ ജയന ഒ. പി, അഷ്ജാൻ സണ്ണി, ബിജു കെ. സി, നീരജ സുരേന്ദ്രൻ, നിമിഷ മോൻസി എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (sws)**

**SWS മീറ്റിംഗുകൾ സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (WSSS) നേതൃത്വത്തിൽ ചുങ്കക്കുന്ന്, പുതുശ്ശേരിക്കടവ്, മൊതക്കര, പ്രശാന്തഗിരി, പാൽചുരം, വാളേരി, കല്ലോടി, മംഗലശ്ശേരി, കബനിഗിരി, വെള്ളൂന്നി, കൊട്ടിയൂർ, കണിയാരം, പടമല, കമ്മന, ഒഴുക്കന്മൂല, യവനാർകുളം, തലപ്പുഴ, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, പോരൂർ, മംഗലശ്ശേരി, തവിഞ്ഞാൽ, കല്ലോടി, ശശിമല, തോണിച്ചാൽ, ചൂരൽമല എന്നിവിടങ്ങളിൽ സോഷ്യൽ വെൽഫെയർ സൊസൈറ്റി (SWS) മീറ്റിംഗുകൾ സംഘടിപ്പിച്ചു.

WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത്, SWS കോഡിനേറ്റർ ചിഞ്ചു മരിയ പീറ്റർ, ഫാ. തോമസ് വാഴച്ചാലിൽ, ഫാ. ഇമ്മാനുവേൽ അറക്കപറമ്പിൽ, ഫാ. ഗർവാസിസ് മറ്റത്തിൽ, ഫാ. ജെയിംസ് പുത്തൻപറമ്പിൽ, ഫാ. ജെയ്സ് ചെട്ടിയാശ്ശേരി, പയ്യമ്പള്ളി വികാരി ഫാ. ജെയിംസ് പുത്തൻപറമ്പിൽ, ഫാ. ഇമ്മാനുവേൽ അറക്കപറമ്പിൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ഫാ. ജോണി കളപ്പുര, ഫാ. ആൽബി എന്നിവരും എസ്. ഡബ്ല്യു. എസ്. റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവരും മീറ്റിംഗുകൾക്ക് നേതൃത്വം നൽകി.

**സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ പദ്ധതികളും സേവനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർധനയ്ക്കുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, ആവശ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ പാളക്കൊല്ലി, സീതമൗണ്ട്, കുറുമൻകൊല്ലി എന്നീ പ്രദേശങ്ങളിൽ പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുല്പന്ന നിർമ്മാണ പരിശീലനം സംഘടിപ്പിച്ചു**

സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുറുക്കന്മൂല, തോണിച്ചാൽ, കാപ്പിസെറ്റ് എന്നീ പ്രദേശങ്ങളിൽ സോപ്പ് നിർമ്മാണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. പരിശീലനത്തിലൂടെ പങ്കെടുത്തവർക്ക് ഗുണമേന്മയുള്ള ഉൽപ്പന്ന നിർമ്മാണത്തിനാവശ്യമായ സാങ്കേതിക അറിവും പ്രായോഗിക പരിശീലനവും നൽകി.

**ആട് വിതരണം നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ കൂടുതൽ വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനായി യവനാർകുളം SWSൽ ആടുവിതരണം നടത്തി.

**ഓണാഘോഷം നടത്തി**

ഓണം പകരുന്ന സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഒരുമയുടെയും സന്ദേശം ഹൃദയങ്ങളിലേക്ക് പകർന്നുകൊണ്ട് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (WSSS) നേതൃത്വത്തിൽ വിവിധ SWS യൂണിറ്റുകളിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. യവനാർകുളം, ചെറുകാട്ടൂർ, ചെന്നലോട്, കമ്മന, പയ്യമ്പള്ളി, കൊട്ടിയൂർ എന്നീ SWS യൂണിറ്റുകളിലായിരുന്നു വർണാഭമായ ഓണാഘോഷങ്ങൾ നടന്നത്.

പരസ്പര സ്നേഹവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കുന്ന വിവിധ പരിപാടികളോടെ അംഗങ്ങൾ ഓണാഘോഷത്തിൽ സജീവമായി പങ്കെടുത്തു. ഓണക്കാലത്തിന്റെ നന്മയും സന്തോഷവും പങ്കുവെച്ചുകൊണ്ട് നടന്ന ആഘോഷങ്ങൾ ഓരോയൂണിറ്റിലും സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും മനോഹരമായ അനു

ഭവമായി മാറി. WSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, ജോയിന്റ് ഡയറക്ടർ ഫാ. ജോണി കുന്നത്ത്, പ്രോഗ്രാം ഓഫീസർ പി. എ. ജോസ്, WSSS കൺസൾട്ടന്റ് പി. കെ. കുര്യൻ, ഫാ. ജെയ്സ് ചെട്ടിയാശ്ശേരി, SWS കോ-ഓർഡിനേറ്റർ ചിഞ്ചു മരിയ പീറ്റർ, റീജിയണൽ കോ-ഓർഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗീസ് എന്നിവർ പരിപാടികളിൽ പങ്കെടുത്തു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ, വളരെയധികം തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2026-2028 വർഷത്തേക്കുള്ള അഡ്മിഷൻ തുടരുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി. എസ്. സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 04935 240314 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജിനോജ് പാലത്തടത്തിൽ**

ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**കുടുംബ സുരക്ഷാ പദ്ധതി: എല്ലാവർക്കും തൊഴിൽ, എല്ലാവർക്കും പെൻഷൻ, എല്ലാവർക്കും ഇൻഷൂറൻസ്**

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് കുടുംബങ്ങളുടെ സുസ്ഥിരതക്കായി, തൊഴിൽ, പെൻഷൻ, ഇൻഷൂറൻസ്, എന്നിവ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള വിവിധ സ്കീമുകൾ ആണ് ഇതിലൂടെ ലഭ്യമാക്കുന്നത്.

**പെൻഷൻ**

60 വയസ്സ് മുതൽ നിശ്ചിത തുക പ്രതിമാസം പെൻഷൻ ലഭിക്കുന്നതിനുള്ള സാഹചര്യം ഇന്ന് നിലവിൽ ഉണ്ട്. ക്ഷേമ നിധികൾ വഴിയും, പെൻഷൻ നിക്ഷേപ പദ്ധതിയിലൂടെയുമാണ് ഇതിനുള്ള അവസരം ഉള്ളത്.

**സേഫ് പെൻഷൻ**

- മുപ്പത്തിയഞ്ച് വയസ്സു മുതൽ എഴുപത് വയസ്സുവരെ പ്രായമുള്ള ഏതൊരാൾക്കും ഇതിൽ ചേരാൻ സാധിക്കും.
- 35 മുതൽ 58 വരെ പ്രായമുള്ളവർ 12 വർഷവും 59 ന് മുകളിലുള്ളവർ പത്ത് വർഷവും തുടർച്ചയായി പ്രീമിയം അടയ്ക്കണം. തൊട്ടടുത്ത വർഷം മുതൽ ജീവിതകാലം മുഴുവൻ പെൻഷൻ ലഭിക്കുന്നു.
- ചേരുന്ന വ്യക്തിക്ക് ഒരു വർഷം 30000 രൂപയുടെയോ 50000 രൂപയുടേതോ പ്രീമിയം തെരഞ്ഞെടുക്കാം.
- 30000 ന്റെ പദ്ധതി പ്രകാരം പ്രതിമാസം കുറഞ്ഞത് 3500 രൂപയും (സ്കീം A) 50000 ന്റെ (സ്കീം B) പദ്ധതിയിൽ കുറഞ്ഞത് 5000 രൂപയും പെൻഷനായി ലഭിക്കും. ഓരോ വർഷവും പെൻഷൻ തുകയിൽ കുറഞ്ഞത് 250 രൂപ വീതം പ്രതിമാസം വർദ്ധനവ് ലഭിക്കും.
- അടവ് പൂർത്തിയായാൽ സ്കീം A ൽ ആറ് ലക്ഷത്തിന്റെയും സ്കീം B യിൽ 8 ലക്ഷത്തിന്റെയും ഡത്ത് കവറേജ് ഉണ്ട്.
- പെൻഷൻ വേണ്ട എന്നുണ്ടെങ്കിൽ കാലാവധിക്ക് ശേഷം സറണ്ടർ ചെയ്യാം. സ്കീം A യിൽ കുറഞ്ഞത് 6 ലക്ഷവും

B യിൽ 8 ലക്ഷവും ലഭിക്കും. വർഷം കൂടുന്നതിനനുസരിച്ച് തുകയിൽ വർദ്ധനവ് ഉണ്ടാകും.

- കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് മരണം സംഭവിച്ചാൽ അടച്ചതുകയും പലിശയും ഉടൻ തന്നെ നോമിനിക്ക് ലഭിക്കും. ഇടയ്ക്ക് പിൻമാറുന്നവർക്ക് കാലാവധിക്ക് ശേഷം തുകയും പലിശയും തിരികെ ലഭിക്കും.
- പെൻഷനർ മരണപ്പെട്ടാൽ ഡത്ത് കവറേജോ, സറണ്ടർ വാല്യുവോ ഏതാണോ കൂടുതൽ ആ തുക നോമിനിക്ക് ലഭിക്കും.

ജീവസ്സ്, മാനന്തവാടി രൂപത ടാറ്റ കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. അംഗങ്ങൾക്ക് ബോണ്ട് പേപ്പർ വ്യക്തിഗതമായി നല്കും.

**ക്ഷേമനിധികൾ**

ഏതു തൊഴിൽ ചെയ്യുന്നവർക്കും ചേരാവുന്ന അവിദഗ്ദ തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി, ചെറുകിട തോട്ടം തൊഴിലാളി നിർമ്മാണതൊഴിലാളി, പ്രവാസി എന്നീ ക്ഷേമനിധികളും വഴി പെൻഷനും ഇൻഷൂറൻസും ലഭ്യമാകുന്നു

**ഫാമിലി ഹെൽത്ത് കെയർ**

സ്റ്റാർ ഹെൽത്തുമായി സഹകരിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷൂറൻസാണിത്. പ്രായം, അംഗങ്ങളുടെ എണ്ണം, ആരോഗ്യസ്ഥിതി ഇവ അനുസരിച്ചാണ് പ്രീമിയം തുക. അംഗമാകുന്ന ആദ്യ വർഷം പ്രീമിയത്തിലേക്ക് നിശ്ചിത തുക രൂപത സഹായമായി നല്കും.

പോസ്റ്റ് ഓഫീസ് വഴിയുള്ള ആരോഗ്യ ഇൻഷൂറൻസിലും ചേരുന്നതിനുള്ള ക്രമീകരണം ചെയ്ത് നല്കുന്നു.

പാരിഷ് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ കുടുംബ കൂട്ടായ്മ വഴി വിവരങ്ങൾ നല്കി താല്പര്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയാൽ അവർക്കായി ഇടവകയിൽ വന്ന് സെമിനാറും എൻറോൾമെന്റ് ക്യാമ്പും നടത്തി തരുന്നതാണ്. പാരീഷ് കോഡിനേറ്റർമാർ മുൻകൈ എടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**പാരിഷ് ക്യാമ്പ്**

കബനിഗിരി സെന്റ് മേരീസ് ഇടവകയിൽ പോസ്റ്റൽ ഹെൽത്ത് ഇൻഷൂറൻസ് എൻറോൾമെന്റ് ക്യാമ്പ് സംഘടിപ്പിച്ചു. വികാരി ഫാ. ജോണി കല്ലുപുര ഉദ്ഘാടനം ചെയ്തു. കെ. എൽ. എം. രൂപതാ സെക്രട്ടറി മാത്യു ഞൊണ്ടൻമാക്കൽ, കെ. എൽ. എം.

കോഡിനേറ്റർമാർ, കൈക്കാരൻമാർ എന്നിവർ നേതൃത്വം നല്കി. അമ്പതോളം കുടുംബങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

**പാരിഷ് സെമിനാർ**

**പാലേമാട്:** കുടുംബ സുരക്ഷാ പദ്ധതികളെക്കുറിച്ച് പാലേമാട് സെന്റ് തോമസ് ഇടവകയിൽ സെമിനാർ സംഘടിപ്പിച്ചു. വികാരി ഫാ. തോമസ് പരുന്തനോലിൽ ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ പാലംപറമ്പിൽ പദ്ധതി വിശദീകരിച്ചു. കൃഷി വകുപ്പിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് നിലമ്പൂർ കൃഷി ഓഫീസർ ക്ലാസ്സെടുത്തു. തുടർ പ്രവർത്തനങ്ങൾ പാരീഷ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

**അമ്പലവയൽ:** സെന്റ് മാർട്ടിൻസ് ഇടവകയിലെ സെമിനാർ വികാരി ഫാ. ചാക്കോ മേപ്പുറത്ത് നിർവഹിച്ചു. ജീവസ്സ് & കെ. എൽ. എം. രൂപതാ ഡയറക്ടർ ക്ലാസ്സെടുത്തു. സൺഡേ സ്കൂൾ അധ്യാപകരും കൈക്കാരൻമാരും നേതൃത്വം നല്കി. തുടർപ്രവർത്തനങ്ങൾ AKCC അംഗങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**മേഖലാ ഇവാലുവേഷൻ മീറ്റിംഗ്**

NDS ന്റെ മേഖലാ ഇവാലുവേഷൻ മീറ്റിംഗ് 19.09.2026 ശനിയാഴ്ച്ച രാവിലെ 11 മണിമുതൽ മേഖലാ ഓഫീസിൽവെച്ച് നടത്തപ്പെട്ടു. എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. നിഷ്വിൻ തേൻപള്ളിയിൽ അച്ചൻ മീറ്റിംഗിന് നേതൃത്വം വഹിച്ചു. NDS വിമലഗിരി, ബോസ്പാറ, കയ്യൂന്നി, കൽപ്ര, ധർമ്മഗിരി, യൂണിറ്റുകളിലെ കോഡിനേറ്റർമാർ അതാത് യൂണിറ്റുകളുടെ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ടും ക്രഡിറ്റ് യൂണിയന്റെ കണക്കും അവതരിപ്പിച്ചു. യൂണിറ്റുകളിൽ നടപ്പിലാക്കിയ മികച്ച പ്രവർത്തനങ്ങളെ എടുത്ത് പറഞ്ഞ് അച്ചൻ യൂണിറ്റിന് മേഖലയുടെ അഭിനന്ദനങ്ങൾ അറിയിച്ചു. യൂണിറ്റുകളുടെയും, ഗ്രൂപ്പുകളുടെയും അർദ്ധവാർഷിക ഓഡിറ്റിംഗ് ഒക്ടോബറിൽ നടത്തണമെന്നും അച്ചൻ നിർദ്ദേശം നല്കി.

**2. SAFP – FDP 6 Year Plan NDS തയ്യാറാക്കൽ**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ എല്ലാ കുടുംബങ്ങളെയും സന്ദർശിച്ച് അടുത്ത 6 വർഷത്തേക്ക് അവർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെകുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്ന ജോലികൾ പ്രോജക്ട് കോഡിനേറ്റർ ശ്രീമതി ടിൻസിയുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. നാളിതുവരെ 162 ഭവനങ്ങൾ സന്ദർശിച്ച് 6 വർഷത്തേക്കുള്ള പ്ലാൻ തയ്യാറാക്കി.

**3. SAFP – CAPACITY BUILDING TRAINING**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രോജക്ട് കോഡിനേറ്റർക്കുള്ള പരിശീലനം 2026 സെപ്റ്റംബർ 17, 18, 19 തീയതികളിലായി NDS

എറണാകുളത്ത് വെച്ച് നടത്തപ്പെട്ടു. ഈ പരിശീലന പരിപാടിയിൽ SAFP-FDP പ്രോജക്ട് കോഡിനേറ്റർ ശ്രീമതി ടിൻസി പങ്കെടുത്തു.

**4. SAFP – Drinking Water Project**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായി NDS ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് ആവശ്യമായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ, NDS പ്രോജക്ട് കോഡിനേറ്റർ ജോഷിയുടെ നേതൃത്വത്തിൽ നടത്തി. ദേവാല, നാടുകാണി പ്രദേശങ്ങളിൽ നിന്നുള്ള അർഹരായ 36 പേരുടെ വിവരങ്ങൾ ശേഖരിച്ച് അത് SAFP എറണാകുളം ഓഫീസിലേക്ക് അയച്ചു കൊടുക്കുകയും ചെയ്തു.

**5. ഓണാഘോഷം**

NDS ബോസ്പാറ യൂണിറ്റിന്റെ നേതൃത്വത്തിൽ 20.08.2026 ന് യൂണിറ്റ് ഡയറക്ടർ ബഹു. ജെയ്നേഷ് അച്ചന്റെയും, NDS മേഖലാ ഡയറക്ടർ നിഷ്വിൻ അച്ചന്റെയും മേഖലാ കോഡിനേറ്റർ ജോഷിയുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു. യൂണിറ്റംഗങ്ങളുടെ നേതൃത്വത്തിൽ അത്തപ്പൂക്കളം ഇടുകയും തുടർന്ന് അംഗങ്ങൾക്കുവേണ്ടി വിവിധ ഓണകളികൾ നടത്തുകയും ചെയ്തു. മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. തുടർന്ന് വിഭവസമൃദ്ധമായ ഓണസദ്യയോടെ ഓണാഘോഷങ്ങൾ അവസാനിച്ചു.
NDS ധർമ്മഗിരി യൂണിറ്റിന്റെയും ഇടവകയിലെ വിവിധ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ 25.08.2026 ന് ഓണാഘോഷം നടത്തപ്പെട്ടു. NDS അംഗങ്ങൾക്കുവേണ്ടി പൂക്കള മത്സരം, വടംവലി, ഓണപ്പാട്ട് മത്സരം തുടങ്ങിയവയും മറ്റ് വ്യക്തിഗത മത്സരങ്ങളും നടത്തപ്പെടുകയും, മത്സരത്തിൽ പങ്കെടുത്ത് വിജയികളായവർക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു. NDS ഡയറക്ടർ ഫാ. ജോയി തുരുത്തേൽ, യൂണിറ്റ് ഭാരവാഹികൾ, മേഖലാ കോഡിനേറ്റർ ജോഷി, മറ്റ് സംഘടനാ ഭാരവാഹികളും പരിപാടികൾക്ക് നേതൃത്വം നല്കി.

**6. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

NDS ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പെയിൻ & പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ 2026 ആഗസ്റ്റ് മാസം 10, 11, 16 തിയ്യതികളിലായി പാട്ടവയൽ, കയ്യൂന്നി, കുന്നലാടി, ബെക്കി, പെരുമ്പള്ളി എന്നീ പ്രദേശങ്ങളിൽ പോയി പാലിയേറ്റിവ് കെയർ ശുശ്രൂഷകൾ ചെയ്തു. സ്ഥിരമായി ബി. പി. യുടെ ഗുളികൾ

കഴിക്കുന്ന രോഗികൾക്ക് ഒരു മാസത്തേക്ക് മരുന്നു നല്കി. ആറ് രോഗികൾക്ക് Catheterization ചെയ്തു. രണ്ട് ക്യാൻസർ രോഗികൾക്ക് ഡ്രസ്സിംഗ് ചെയ്തു. കൂടാതെ ഡ്രസ്സിങ്ങ് മെറ്റീരിയൽസ്, ഓയിൽമെന്റ് എന്നിവ വിതരണം ചെയ്യുകയും ചെയ്തു. പെരുമ്പള്ളി, കുന്നലാടി കോളനികളിൽ ഡ്രസ്സുകളും, പനി, ചുമ, ജലദോഷം, തലവേദന എന്നീ രോഗങ്ങൾക്കുള്ള മരുന്നുകളും നൽകി. 10 പേരുടെ ഷുഗർ പരിശോധിച്ചു, രണ്ടു രോഗികൾക്ക് ഡയപ്പർ വിതരണം ചെയ്തു. മാങ്ങച്ചാൽ അനന്തൻ എന്നയാൾക്ക് ആവശ്യമായ ശുശ്രൂഷകൾ നൽകി. ഗ്ലൂക്കോസ് ഇട്ടു കൊടുത്തു. രോഗി പിന്നീട് മരണപ്പെട്ടു. മരണം സ്ഥിരീകരിക്കുകയും മരണാനന്തര കർമ്മങ്ങൾക്കായി ബോഡി ഒരുക്കാൻ സഹായിക്കുകയും ചെയ്തു. ഉണ്ണികൃഷ്ണൻ എന്ന രോഗിക്ക് എയർ ബെഡ് നൽകി.

**7. BSW വിദ്യാർത്ഥികളുടെ ഫീൽഡ് വിസിറ്റ് & ട്രയിനിംഗ്**

ഗൂഡല്ലൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ BSW വിദ്യാർത്ഥികളായ ജെനിൻ ജോസഫ്, അഭിജിത്ത് എന്നിവർക്ക് പാട്ടവയൽ അമല ഹോസ്പിറ്റലിൽ നിന്നും ഇന്റേൺഷിപ്പ് ട്രയിനിംഗും, ഫീൽഡ് വിസിറ്റും നല്കി വരുന്നു. ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ എല്ലാ ചൊവ്വ, ബുധൻ ദിവസങ്ങളിലാണ് പരിശീലനം ക്രമീകരിച്ച് നൽകിയത്.

**8. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**ബോസ്പാറ**

ബോസ്പാറ യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. യൂണിറ്റ് ഫണ്ട് ശേഖരണാർത്ഥം ചിട്ടി നടത്തുന്നു. SIGWE കറിമസാലകളുടെ വില്പന നടത്തി. ഗ്രൂപ്പംഗങ്ങളുടെ നേതൃത്വത്തിൽ രോഗീസന്ദർശനം നടത്തി. യൂണിറ്റിന്റെ നേതൃത്വത്തിൽ ഓണാഘോഷം നടത്തുകയും ഓണകളികൾ സംഘടിപ്പിക്കുകയും ചെയ്തു. മേഖലാ ഡയറക്ടറും, കോഡിനേറ്ററും പങ്കെടുത്തു.

**വിമലഗിരി**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ രോഗീ സഹായധനം ശേഖരിക്കുകയും അവ അർഹരായവർക്ക് വിതരണം ചെയ്യുകയും ചെയ്തു വരുന്നു. സ്വാതന്ത്ര്യദിനാഘോഷവും, ഓണാഘോഷവും നടത്തി. നിത്യോപയോഗ സാധനങ്ങൾ സമാഹരിച്ച് വിതരണം ചെയ്തു.

**കയ്യൂന്നി**

NDS കയ്യൂന്നി യൂണിറ്റിന്റെ വാർഷികവും, ഭാരവഹികളുടെ തെരഞ്ഞെടുപ്പും 09.08.2026 ന് നടത്തി. യൂണിറ്റിന്റെ ക്രഡിറ്റ് യൂണിയന്റെ കണക്കുകളും, സ്വാശ്രയസംഘങ്ങളുടെ കണക്കുകളും മേഖലാ കോഡിനേറ്ററുടെ നേതൃത്വത്തിൽ പരിശോധിച്ചു കണക്കുകളുടെ കൃത്യത ഉറപ്പുവരുത്തി. SSLC ക്കും പ്ലസ്ടുവിനും ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെ വാർഷിക ദിനത്തിൽ ആദരിച്ചു. ഉദയം സ്വാശ്രയസംഘം റോഡ് സൈഡിലെ കാട്‌വെട്ടി വൃത്തിയാക്കി. കൃപ സ്വാശ്രയസംഘം പഠന സഹയവും, ചികിത്സാ സഹായവും നൽകി. മോണിംഗ് സ്റ്റാർ സ്വാശ്രയസംഘം ചിട്ടി ആരംഭിച്ചു.

**ധർമ്മഗിരി**

യൂണിറ്റ് കർമ്മസമിതിയും, ഗ്രൂപ്പുകളുടെ ഇവാലുവേഷൻ മീറ്റിംഗും സംയുക്തമായി യൂണിറ്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. എല്ലാ ഗ്രൂപ്പുകളും മീറ്റിംഗിൽ പങ്കെടുക്കുകയും അവരുടെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ പാസാക്കുകയും ചെയ്തു. 10, 12 ക്ലാസുകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ NDS അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പ് നല്കി. സ്വാതന്ത്രദിനാഘോഷവും, ഓണാഘോഷവും നടത്തി.

**ധർമ്മഗിരി പരിയശോല**

യൂണിറ്റ് മീറ്റിംഗ് നടത്തുകയും നിക്ഷേപം സ്വീകരിക്കുകയും, ലോൺ നല്കുകയും ചെയ്തു. അംഗങ്ങളുടെ നേതൃത്വത്തിൽ രോഗീ സന്ദർശനം നടത്തുകയും സാമ്പത്തിക സഹായം നല്കുകയും ചെയ്തു. സ്വാതന്ത്രദിനാഘോഷത്തിന്റെ ഭാഗമായി പെരിയശോല സ്കൂളിൽ മിഠായി വിതരണം നടത്തുകയും ചെയ്തു.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
മാനേജിംങ്ങ് ഡയറക്ടർ
നീലഗിരി ഡെവലപ്പ്മെന്റ് സൊസെറ്റി
**ഫാ. നിഷ്‌വിൻ ടി. തോമസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി




## കത്തോലിക്ക കോൺഗ്രസ് ഇ എസ് എ പ്രതിഷേധ ദിനം ആചരിച്ചു

കൽപ്പറ്റ :കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഏഴാമത് ഇ. എസ്. എ. കരട് വിജ്ഞാപനം റദ്ദ് ചെയ്തു, ഇ. എസ്. എ. വനഭൂമിയിൽ പരിമിതപ്പെടുത്തി, ജനവാസ മേഖലകളെയും കൃഷിയിടങ്ങളേയും പൂർണ്ണമായും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 13 ഞായറാഴ്ച ഇടവകകളിൽ പ്രതിഷേധ ദിനം ആചരിച്ചു. ഇടവക വികാരിമാർ കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് ഭാരവാഹികൾ കൈകാരന്മാർ കമ്മിറ്റിക്കാർ എന്നിവർ നേതൃത്വം നൽകി.

**തോമാട്ടുചാൽ**

സെന്റ് തോമസ് ഇടവകയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ ദിനം ഫാ. മാർട്ടിൻ പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. തോമസ് ചേലക്കൽ, ജിൻസൺ പുളിമൂട്ടിൽ, ജോൺസൺ ചിറയത്ത്, അഗസ്റ്റിൻ ചേറാടി, ജോജി കുരീക്കാട്ടിൽ എന്നിവർ നേതൃത്വം നൽകി.

**ബത്തേരി അസംപ്ഷൻ**

ഇടവകയിൽ നടന്ന പ്രതിഷേധ ദിനാചരണം ഇടവക വികാരി ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ജേക്കബ് മുക്കത്ത്, സാജു പുലിക്കോട്ടിൽ, ചാൾസ് വടാശ്ശേരി, സെബാസ്റ്റ്യൻ ചക്കാലക്കൽ, അലക്സ് കോരമംഗലം, ഔസേപ്പച്ചൻ തേക്കാനത്ത്, ലൂക്കോസ് തറപ്പേൽ എന്നിവർ പ്രസംഗിച്ചു.

**നടവയൽ**

ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ആർച്ച് പ്രീസ്റ്റ് ഫാ. വിൻസന്റ് കളപ്പുര ഉദ്ഘാടനം ചെയ്തു. സജി ഇരട്ടമുണ്ടക്കൽ, സാബു നിരപ്പിൽ, വിൻസന്റ് ചാരുവേലിൽ, പൗലോസ് ഇ. കെ., ജെയിംസ് കളതൊട്ടി, അതുൽ ജോസ്, പി. ഡി. ജോസഫ്, അന്നക്കുട്ടി ഉണ്ണിക്കുന്നിൽ, മേഴ്സി സാബു എന്നിവർ പ്രസംഗിച്ചു.

**ചുങ്കക്കുന്ന്**

ഇടവകയിൽ നടന്ന പ്രതിഷേധ ദിനം വികാരി ഫാ. ബിജു മാവറ ഉദ്ഘാടനം ചെയ്തു. ബിജു പോൾ, പോൾ ചീരാൻവേലി, സാലി കണ്ണന്താനം, മിനി കൊട്ടാരം, എന്നിവർ പ്രസംഗിച്ചു

**തേനേരി**

ഫാത്തിമ മാതാ ദേവാലയത്തിൽ നടന്ന പ്രതിഷേധ ദിനം വികാരി ഫാ. പോൾ എടയകൊണ്ടാട്ട് ഉദ്ഘാടനം ചെയ്തു. സിറിയക്ക് തെക്കേയറക്കൽ ബിനു തോമസ് ഏറനാട്, ടോമി പരിയാരം, ജോസ് മരിയാലയം, ബേബി കൈതമറ്റം, ബാബു പുളിക്കാപള്ളി, സജി മുളങ്ങാട്ടിൽ, ജയിംസ് കല്ലറക്കൽ എന്നിവർ പ്രസംഗിച്ചു.

**ഒറ്റപ്ലാവ്**

ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഫാ. ജോസ് കൊട്ടാരം ഉദ്ഘാടനം ചെയ്തു. ജോസ് കുടക്കച്ചിറ, ബാബു ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

**ദ്വാരക**

സെന്റ് അൽഫോൻസാ ഇടവകയിൽ നടന്ന പ്രതിഷേധം ഫൊറോന വികാരി ഫാ. ജോണി മലയിൽ ഉദ്ഘാടനം ചെയ്തു. ജോസ് വല്ലപ്ര, റെനിൽ കഴുതാടിയിൽ എന്നിവർ പ്രസംഗിച്ചു.

**വെള്ളൂന്നി**

ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഇടവക വികാരി ഫാ. ജോണി ഇലവുങ്കൽ ഉദ്ഘാടനം ചെയ്തു. ജോൺസ് കുര്യാക്കോസ് തൊട്ടിയിൽ, ബാബു താണിപള്ളി എന്നിവർ പ്രസംഗിച്ചു

**വടക്കനാട്**

ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഇടവക വികാരി ഫാ. ജോസ് മോളോപറമ്പിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ജോസ് ചുണ്ടാട്ട് അധ്യക്ഷനായിരുന്നു

**വാളവയൽ**

ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഇടവക വികാരി ഫാ. ബാബു മാപ്ലശ്ശേരി ഉദ്ഘാടനം ചെയ്തു. ജോസ് വാഴപ്പള്ളി, ബെന്നി ആക്കാംചേരി, സാബു ഐക്കരക്കാനായിൽ എന്നിവർ പ്രസംഗിച്ചു

**പാൽചുരം**

ഇടവകയിൽ നടന്ന പ്രതിഷേധത്തിനും ഇടവക വികാരി ഫാ. പ്രതീഷ് കിഴക്കൻപുതുപ്പള്ളി ഉദ്ഘാടനം ചെയ്തു. സോണി പൂത്തറ, ജോസഫ് കൊച്ചുതറ എന്നിവർ പ്രസംഗിച്ചു

**ശാന്തിഗിരി**

ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഇടവക വികാരി ഫാ. നിതിൻ പാലക്കാട് ഉദ്ഘാടനം ചെയ്തു. ബാബു കക്കാട്ട്, ടോമി കാലായിൽ എന്നിവർ പ്രസംഗിച്ചു

**പഴൂർ**

സെന്റ് ആന്റണീസ് ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഇടവക വികാരി ഫാ. ജോസ് മേച്ചേരി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ചെറിയാൻ ആലുങ്കൽ അധ്യക്ഷനായിരുന്നു

**അമ്പായത്തോട്**

ഇടവകയിൽ നടന്ന പ്രതിഷേധ ദിനം വികാരി ഫാ. സിജോ എടക്കുടി ഉദ്ഘാടനം ചെയ്തു. മാത്യു കൊച്ചുതറയിൽ പ്രസംഗിച്ചു

**അടയ്ക്കാത്തോട്**

സെന്റ് ജോസഫ് ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഫാ. സെബിൻ ഐക്കരതാഴത്ത് ഉദ്ഘാടനം ചെയ്തു. പ്രവീൺ താഴത്തെമുറിയിൽ പ്രസംഗിച്ചു

**വൈത്തിരി**

ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഇടവക വികാരി ഫാ. ജോർജ് പടിഞ്ഞാറയിൽ ഉദ്ഘാടനം ചെയ്തു. ഷിബി ആന്റണി കണ്ണാട്ടുപറസിൽ, നിതിൻ ഉതുമൂട്ടിൽ, ബിജു പീറ്റർ എന്നിവർ പ്രസംഗിച്ചു

**ചിത്രഗിരി**

സെന്റ് ജോർജ് ഇടവകയിൽ നടന്ന പ്രതിഷേധ ദിനാചരണം ഇടവക വികാരി ഫാ. റിജോസ് അരുമായിൽ ഉദ്ഘാടനം ചെയ്തു. ജോഷി കാരക്കുന്നേൽ, ബേബി പ്ലാനവനാകുഴി, ജോസ് അങ്ങാടിയത്ത് എന്നിവർ പ്രസംഗിച്ചു.

**മീനങ്ങാടി**

അസീസി ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഇടവക വികാരി ഫാ. ജോമോൻ സേവ്യർ ഉദ്ഘാടനം ചെയ്തു. രാജു വി ഡി വേങ്ങത്താനത്ത് അധ്യക്ഷനായിരുന്നു. ജോയ് പുളിക്കൽ, ബേബി മഠത്തിൽ, ഫിലോമിന എന്നിവർ പ്രസംഗിച്ചു

**ചെറുകാട്ടൂർ**

സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഇടവക വികാരി ഫാ. ജെയിംസ് ചെട്ടിയാശ്ശേരി ഉദ്ഘാടനം ചെയ്തു.

**കൽപ്പറ്റ**

സെന്റ് വിൻസന്റ് ഇടവകയിൽ നടന്ന പ്രതിഷേധ ദിനം ഫൊറോന വികാരി ഫാ. ബിജു കോയിക്കാട്ട് ഉദ്ഘാടനം ചെയ്തു. സിബി ഒഴുകയിൽ അധ്യക്ഷനായിരുന്നു. രൂപതാ ട്രഷറർ സജി ഫിലിപ്പ്, ജിബോയി വൈപ്പന, ഷിബിൻ കാഞ്ഞിരത്തിങ്കൽ, ഡിന്റോ ജോസ് എന്നിവർ പ്രസംഗിച്ചു

**കേളകം**

സെന്റ് ജോസഫ് ഇടവകയിൽ നടന്ന പ്രതിഷേധ ദിനാചരണം ഇടവക വികാരി ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി

**കോട്ടത്തറ**

സെന്റ് ആന്റണീസ് ഇടവകയിൽ നടന്ന പ്രതിഷേധ ദിനാചരണം ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ ഉദ്ഘാടനം ചെയ്തു. ബെന്നി ആന്റണി, ജോർജ് കുന്നത്ത്, ആന്റണി പാറയിൽ, വിൻസന്റ് പാറയിൽ, മത്തായി നായത്ത് എന്നിവർ നേതൃത്വം നൽകി.

**കൊട്ടിയൂർ**

സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ നടന്ന പ്രതിഷേധദിനാചരണം ഇടവക വികാരി ഫാ. ബിജു തുരുത്തേൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ജിൽസ് മേക്കൽ, സുനിൽ തൊണ്ടിയിൽ, ജോർജ് കോട്ടൂർ, ലാലിച്ചൻ, ജോജി പുറക്കാട്ട് എന്നിവർ നേതൃത്വം നൽകി.

**സൺഡേ മാർക്കറ്റ്**

**കണിയാരം**

കത്തോലിക്ക കോൺഗ്രസ് കണിയാരം യൂണിറ്റിന്റെ നേതൃത്വത്തിൽ സൺഡേ മാർക്കറ്റ് ആരംഭിച്ചു. ഇടവക വികാരി ഫാ. സോണി ഉദ്ഘാടനം ചെയ്തു. ഇടവകക്കാരുടെ ഉൽപ്പന്നങ്ങൾ സൺഡേ മാർക്കറ്റിലൂടെ വിതരണം ചെയ്യുന്നു. ഫ്രഷ് പന്നിയിറച്ചി വിതരണം നടത്തുന്നു.

**നടവയൽ**

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ നടക്കുന്ന സൺഡേ മാർക്കറ്റിൽ ഫിഷ് മാർക്കറ്റ് ആരംഭിച്ചു. ഫ്രഷ് മീൻ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. മൂന്ന് കിന്റലോളം മത്സ്യം ഓരോ ഞായറാഴ്ചയും വിതരണം ചെയ്തു വരുന്നു. ഫിഷ് മാർക്കറ്റിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ. വിൻസന്റ് കളപ്പുര നിർവഹിച്ചു.

വിൻസന്റ് ചേരവേലിൽ, ഇ വി സജി ഇരട്ടമുണ്ടക്കൽ, അന്നക്കുട്ടി ഉണ്ണിക്കുന്നേൽ സന്ധ്യ ലിഷു എന്നിവർ പ്രസംഗിച്ചു

**ഫോറസ്റ്റ് ഓഫീസ് ധർണ്ണ, ചുങ്കക്കുന്ന്**

കത്തോലിക്ക കോൺഗ്രസ് ചുങ്കക്കുന്ന് ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ടപ്പുനം ഫോറസ്റ്റ് ഓഫീസിന് മുമ്പിൽ പ്രതിഷേധ ധർണ്ണ നടത്തി. ഇ എസ് എ പരിധിയിൽ നിന്ന് ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ധർണ നടത്തിയത്. ധർണ്ണാ സമരം കുരിശുപള്ളി പരിസരത്തുനിന്ന് റാലിയായി ആരംഭിച്ചു. കണ്ടപ്പ ഫോറസ്റ്റ് ഓഫീസിനു മുമ്പിൽ നടത്തിയ ധർണ രൂപത കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ഉദ്ഘാടനം ചെയ്തു. മാത്യു കൊച്ചുതറ അധ്യക്ഷൻ ആയിരുന്നു. ഫൊറോനാ സെക്രട്ടറി ജോൺസ് കുര്യാക്കോസ് തൊട്ടിയിൽ സ്വാഗതം ആശംസിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. പ്രതീഷ് കിഴക്കൻ പുതുപ്പള്ളി മുഖ്യപ്രഭാഷണം നടത്തി. ഫാ. അമൽ മന്ത്രിക്കൽ, ജിൽസ് മേക്കൽ, ബിജു പോൾ ചീരവേലി, പഞ്ചായത്ത് മെമ്പർമാരായ ഷാജി തെങ്ങുംപള്ളി, റൈസൻ കുന്നത്ത്, ബിനു പടിയാനിക്കൽ, ലിസി കുന്നോല, ഫൊറോന ഭാരവാഹികളായ ജോസഫ് കുടക്കച്ചിറ, പ്രവീൺ താഴത്തുമുറി, സെബാസ്റ്റ്യൻ പെരുമാട്ടിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകളും പരിശീലനവും സംഘടിപ്പിച്ചു**

വൊഫയുടെ വാർഷിക പൊതുയോഗ തീരുമാനങ്ങൾ കർഷകരിലേക്ക് എത്തിക്കുന്നതിനായി RFC തലത്തിലും തുടർന്ന് VFC തലത്തിലും കർഷക യോഗങ്ങൾ സംഘടിപ്പിച്ചു. പടിഞ്ഞാറത്തറ, നെന്മേനി, വെള്ളമുണ്ട, തൊണ്ടർനാട്, വൈത്തിരി, വെങ്ങപ്പള്ളി, കോട്ടത്തറ, തരിയോട്, നൂൽപ്പുഴ, അമ്പലവയൽ എന്നിവിടങ്ങളിൽ വച്ച് യോഗം നടന്നു. യോഗങ്ങളിൽ പങ്കെടുത്ത കർഷകർക്ക് NPOP എട്ടാം പതിപ്പിനെ പറ്റി അവബോധം നൽകുകയും ചെയ്തു.

**ഓർഗാനിക് ഓഡിറ്റുകൾ നടന്നു**

പനമരം, ഇടവക, ബത്തേരി എന്നിവിടങ്ങളിലെ കർഷക ഗ്രൂപ്പുകളിൽ (ICS) സർട്ടിഫിക്കേഷൻ പുതുക്കുന്നതിനായുള്ള പരിശോധനകൾ നടന്നു. ആന്ധ്രാപ്രദേശ് ആസ്ഥാനമായുള്ള സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ശ്രീ. സുഹൈൽ ഷേക്ക് ഓഡിറ്റുകൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി.

**NAAP പരിശീലനത്തിൽ പങ്കെടുത്തു**

ഫെയർട്രേഡ് നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സ് (നാപ്) ന്റെ ആഭിമുഖ്യത്തിൽ ബംഗളൂരു വച്ച് സംഘടിപ്പിച്ച ദ്വിദിന ശില്പശാലയിൽ ശ്രീ. ബിബിൻ മാത്യു വൊഫയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

**സിഗ്‌വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

സിഗ്‌വി ഉൽപ്പന്നങ്ങളുടെ വിപണനം തൃശ്ശൂർ, എറണാകുളം ജില്ലകളിലേക്ക് വ്യാപിപ്പിച്ചു. വിൻസെൻഷ്യൻ പുരോഹിതരുടെ സഹകരണത്തോടെ സിഗ്‌വി ഉൽപ്പന്നങ്ങളുടെ വിപണനം തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ആരംഭിച്ചു. ഇതിലൂടെ കൂടുതൽ ഉപഭോക്താക്കളിലേക്ക് സിഗ്‌വി ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി.

**ക്രിസ്തുമസ് കേക്ക് ഉൽപ്പാദനത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു**

ക്രിസ്തുമസ് സീസണിലെ കേക്ക് ഉൽപ്പാദനത്തിനായുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി ഫ്രൂട്ട് മിക്സിംഗ് ആരംഭിച്ചു. ഗുണമേന്മയുള്ള ക്രിസ്തുമസ് കേക്കുകളുടെ സമയബന്ധിതമായ ഉത്പാദനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**താമരശ്ശേരി രൂപത മാതൃവേദിയുമായി സഹകരിച്ച് വനിതകൾക്കായി വടംവലി മത്സരം**

സിഗ്‌വിയുടെ നേതൃത്വത്തിൽ താമരശ്ശേരി രൂപത മാതൃവേദിയുമായി സഹകരിച്ച് വനിതകൾക്കായി വടംവലി മത്സരം സംഘടിപ്പിച്ചു. കുന്ദമംഗലം സെന്റ് ജോസഫ് ദേവാലയത്തിൽ നടന്ന പരിപാടി വനിതകളുടെ പങ്കാളിത്തവും കൂട്ടായ്മയും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സിഗ്‌വിയുടെ സാമൂഹിക ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സഹായകമായി.

**സിഗ്‌വി ബസാർ**

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയായാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. എഴുപത്തി അഞ്ചിലധികം കേന്ദ്രങ്ങളിൽ നിലവിൽ സിഗ്‌വി ബസാർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**ആടിക്കൊല്ലിയിൽ സിഗ്‌വി ബസാർ ആരംഭിച്ചു**

ആടിക്കൊല്ലി സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ സിഗ്‌വി ബസാർ ആരംഭിച്ചു. ഉപഭോക്താക്കൾക്ക് ദിവസവും സിഗ്‌വി ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി ആടിക്കൊല്ലി പള്ളിക്ക് സമീപം, ബയോവിൻ ICS ഓഫീസിനോട് ചേർന്ന്, ദിവസേന പ്രവർത്തിക്കുന്ന പ്രത്യേക സിഗ്‌വി കൗണ്ടറും ആരംഭിച്ചു. ശുദ്ധവും മായം ചേരാത്തതുമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ ഓരോ കുടുംബങ്ങളിലേക്കും എത്തിക്കുന്നതിനോടൊപ്പം സ്ത്രീ സംരംഭകരുടെ വരുമാന വർധനയും സാമൂഹിക ശാക്തീകരണവും ലക്ഷ്യമിടുന്ന സിഗ്‌വി പദ്ധതിക്ക് ഇടവക ജനങ്ങളിൽ നിന്ന് മികച്ച സ്വീകരണമാണ് ഉദ്ഘാടന ദിനത്തിൽ ലഭിച്ചത്.

ജൂലൈ 19 മുതൽ വിവിധ ഇടവകകളിലെ SIGWE ബസാറുകൾ വഴി കറിമസാലകൾക്കും പയറുവർഗങ്ങൾക്കുമൊപ്പം SIGWE ബ്രേക്ക്ഫാസ്റ്റ് പൗഡേഴ്സിന്റെയും വിപണനം ആരംഭിച്ചു.

**സംഭരണം**

ഓഗസ്റ്റ് മാസം നെന്മേനി, ഗൂഡല്ലൂർ, കൽപ്പറ്റ, പനമരം, അമ്പലവയൽ, മീനങ്ങാടി, വെള്ളമുണ്ട, മാനന്തവാടി പഞ്ചായത്തുകളിൽ നിന്നും കാപ്പി സംഭരിച്ചു.

**സംസ്കരണം, വിപണനം**

കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കശുവണ്ടി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയ്ക്ക് മികച്ച വിപണി കണ്ടെത്താൻ സാധിച്ചു. ചൈനയിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**അന്താരാഷ്ട്ര മീഡിയ മീറ്റ്**

ബാഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്മെന്റ് ഓഫ് മീഡിയ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 20 മുതൽ സംഘടിപ്പിച്ച അന്താരാഷ്ട്ര മീഡിയ മീറ്റിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. ജോഫ്രി പോൾ പങ്കെടുത്തു. കമ്മ്യൂണിറ്റി കമ്മ്യൂണിക്കേഷൻ ആന്റ് കോമൺസ്-വെല്ലുവിളി കളേയും തെരഞ്ഞെടുപ്പുകളേയും കുറിച്ചുള്ള ചർച്ച എന്ന വിഷ യത്തിൽ നടത്തിയ പാനൽ ചർച്ചയിൽ പാനലിസ്റ്റായി ഡോ. ഫാ. ജോഫ്രി പോൾ സംസാരിച്ചു.

**സമരസ്മൃതികൾ - സമ്മാനദാനം**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്ത 'സമരസ്മൃതികൾ-ചരിത്രത്തിന്റെ നാൾ വഴികളിലൂടെ' എന്ന പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ക്വിസ് മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ആഗസ്റ്റ് 24 ന് റേഡിയോ മാറ്റൊലിയിൽ വെച്ച് നടന്ന ചടങ്ങിൽ സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. ജോഫ്രി പോൾ വിജ യികൾക്ക് അനുമോദനങ്ങൾ നേർന്ന് സമ്മാനദാനം നിർവ്വഹിച്ചു. സ്വതന്ത്ര്യസമര ചരിത്രത്തിലെ ഉജ്ജ്വലമായ ഏടുകൾക്ക് സാക്ഷ്യം വഹിച്ച ഭാരതത്തിലെ 15 സ്മാരകങ്ങളെ പരിചയപ്പെടുത്തുന്ന പരിപാടി അവതരിപ്പിച്ചത് പടിഞ്ഞാറത്തറ എ. യു. പി. സ്കൂളിലെ മാറ്റൊലി സ്കൂൾ ക്ലബ് അംഗങ്ങളായിരുന്നു. ഓരോ ദിവസവും ശരിയുത്തരം അയച്ചവരിൽ നിന്നും നറുക്കെടുപ്പിലൂടെയാണ് വിജ യിയെ കണ്ടെത്തിയത്. വിജയികളായവർക്ക് സെഞ്ചറി ഫാഷൻ സിറ്റി മാനന്തവാടി, ആദിൽ ജ്വല്ലറി മാനന്തവാടി, സിതാര യൂണി ഫോംസ് മാനന്തവാടി എന്നീ സ്ഥാപനങ്ങളാണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്.

**ഗ്രാമമാറ്റൊലി**

പുൽപ്പള്ളി റോട്ടറി ക്ലബിന്റെ സഹകരണത്തോടെ പുൽ പള്ളി തിരുഹൃദയ ദേവാലയ അങ്കണത്തിൽ വെച്ച് ആഗസ്റ്റ് 22 ന്

ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. റേഡിയോ മാറ്റൊലി അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ബിവാൾഡിൻ, ഫാ. ടോണി എന്നിവർ നേതൃത്വം നൽകി. റെനീഷ് ജോർജ്ജ്, കെ. കെ. ചന്ദ്രശേഖരൻ, പ്രജിഷ, ഭാഗ്യലക്ഷ്മി, പൂർണിമ എന്നിവർ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്ത് പ്രക്ഷേപണം ചെയ്തു.

**എന്റെ അധ്യാപകർ**

സെപ്റ്റംബർ 5 അധ്യാപക ദിനത്തോടനുബന്ധിച്ച് എന്റെ അധ്യാപകർ എന്ന പേരിൽ പ്രത്യേക സീരീസ് പ്രോഗ്രാം പ്രക്ഷേപണം ചെയ്തു. വിവിധ കോളേജുകളിലെ വിദ്യാർത്ഥികളാണ് അവരെ സ്വാധീച്ച അധ്യാപകരെകുറിച്ച് അനുസ്മരിക്കുന്ന പ്രോഗ്രാം ചെയ്തത്.

**ഇന്റേൺഷിപ്പ്**

ബത്തേരി അൽഫോൻസ ആർട്സ് ആന്റ് സയൻസ് കോളേജ് രണ്ടാം വർഷ ബി എ മലയാളം വിദ്യാർത്ഥിനി അൻസില 10 ദിവസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

**ഫാ. ടോണി ഏലംകുന്നേൽ**

അസി. ഡയറക്ടർ റേഡിയോ മാറ്റൊലി

**Independence Day Celebration**

The College celebrated Independence Day on 15 August 2026 with great patriotic spirit and enthusiasm. The celebration commenced with a Flag Hoisting Ceremony, followed by patriotic activities and programmes.

**Onam celebration**

The College organized "Kalika 2026," an Onam celebration, on 20 and 21 August 2026 with great enthusiasm and participation from students, faculty, and staff. The event provided an opportunity for the college community to come together and celebrate the spirit of Onam, fostering unity, joy, and a sense of togetherness among all participants.

**Mr. Abdul Jaleel** was elected as the PTA Vice President of Mary Matha Arts & Science College for the academic year 2026–2027.

**Faculty achievement**

The Government of India has granted a design patent registration for an innovative design titled **"Secure High-Performance Computing and Information Processing Device."** The patent was developed by **Dr. Eldho K. J.,** Assistant Professor and Research Guide and Research Scholars Athira T. S., Nimisha P., Jisha T., and Anjali T. from the PG & Research Department of Computer Science.

**Departments / Clubs Activities**

- Dance Club organized **Nritya Quest** on 18 August 2026.
- Internal Quality Assurance Cell (IQAC) organized **Faculty Development Program** (FDP) focused on training teaching staff in "Creating Course Contents and Learning Materials

for LMS" to enhance digital teaching methodologies and e-learning resources on August 18 & 19, 2026.

- Department of English rganized **"Frame the Fest"** – Photography Contest on August 19, 2026.
- Department of Physics in association with Physics Club organized Interdepartmental "Collage Competition" on 03 September, 2026.
- College Management & Internal Quality Assurance Cell (IQAC) organized Teachers' Day Celebration on 05 September, 2026.
- Department of Mathematics organized "IOQM" (Indian Olympiad Qualifier in Mathematics) on 06 September,2026.
- Career Guidance & Placement Cell in Association with Indian Institute of Science (IISc) Bangalore organized JAM & GATE 2026-Gateway to new possibilities on 08 September 2026.
- Internal Quality Assurance Cell (IQAC) in association with FYUGP Committee organized "FYUGP- Open discussion" with KSHEC Expert committee members.
- Department of Mathematics organized Mental Health Awareness Programme on 10 September 2026.
- Department of Commerce organized Mental Health Awareness Programme on 11 September 2026.
- Department of Hindi in association with IQAC organized "Hindi Divas Flash Mob" on 14 September 2026.
- Department of Physics in association with Physics Club organized a talk "Where can Physics take You" on 03 September 2026.

**Students/Alumni Achievements**

**NCC Navy Wing**

- (Rank Promotions (9(K) Naval Unit, 2026–27) Cadet Captain (CC): Arshawin C Jaison (B.Sc. Computer Science), Petty Officer Cadets (POC) Sinan (B.Sc. Computer Science), John Kevin Mathew (B.Sc. Mathematics), Albina Binoj (B.Sc. Zoology),

Leading Cadets (LC): Nitha Farhath K, Alona Joseph, Vandana K R, Neo Mariya, Archana V S, Alan John

- Pre IGC RDC-1 2026: POC John Kevin Mathew (II B.Sc. Math ematics) and NC1 Joyal Jimmy (II B.Sc. Computer Science) were selected.

**NCC Army Wing**

- **Army Attachment Camp** (Coimbatore, 16–26 Aug 2026): CSM Alen Sunny successfully completed the camp at 195 Fd Regiment and won 1st Prize in the Tent Pitching Competition.
- **EBSB Kerala**-1, Kottayam (22 Aug – 02 Sep 2026): Cdt. Abhi nandana Joseph successfully completed the camp held at Bethany Academy, Pathanamthitta.
- AP Trek - I, Tirupati (12–19 Sep 2026): Cdt Akash Anand selected to participate.

**UGC-NET Qualification** (June 2026): Alvin Paul (B.Sc. Mathematics, 2022–25 Batch) qualified the UGC-NET Examination for Assistant Professor in Computer Science and Admission to PhD.

**Prof. Dr. Thomas Monoth**
Principal

## **ഫെഡാർ ഫൗണ്ടേഷൻ**

**ജർമ്മൻ പ്രോഗ്രാം**

കഴിഞ്ഞ മാസങ്ങളിൽ വന്ന റിസൾട്ടുകളിൽ ഫെഡാർ ഫൗണ്ടേഷനിൽ നിന്നും പഠനം പൂർത്തിയാക്കിയ 15 നേഴ്സുമാരും 30 മറ്റു വിദ്യാർത്ഥികളും ആദ്യശ്രമത്തിൽ തന്നെ B2 ഫുൾ മൊഡ്യൂൾ പാസായി. കൂടാതെ 10 വിദ്യാർത്ഥികൾ ഫെഡാർ ഫൗണ്ടേഷൻ വഴി ജർമ്മനിൽ എത്തിച്ചേരുകയും അവരുടെ തുടർപഠനം ആരംഭിക്കുകയും ചെയ്തു. സെപ്റ്റംബർ 20-ന് ന്യൂമാൻസ് ക്യാമ്പസ്സിൽ പുതിയ ബാച്ചുകൾ ആരംഭിച്ചു.

ഒക്ടോബർ 4-ന് പുതിയ B2 പരീക്ഷ ഒരുക്ക ബാച്ചുകൾ ആരംഭിക്കും. അഡ്മിഷനും അന്വേഷണങ്ങൾക്കുമായി വിളിക്കുക: ഫാ. റിൻസൺ നെല്ലിമലയിൽ 6238862380, 6235372134

**TECLESIA**

സെപ്റ്റംബർ 22-ാം തീയതി നീലഗിരി റീജിയണിലെ ബഹുമാനപ്പെട്ട വൈദികർക്കും TECLESIA പ്ലാറ്റ്ഫോം ഇൻചാർജായ അൽമായർക്കും വേണ്ടി TECLESIA പ്ലാറ്റ്ഫോമിന്റെ പരിശീലനവും സംശയനിവാരണവും ഗൂഡല്ലൂർ NDS-ൽ വച്ച് നടത്തി. രാവിലെ 10.00 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ സെഷനോടെ പരിപാടി ആരംഭിച്ചു. ഉച്ചഭക്ഷണത്തിന് ശേഷം 1.45 -ന് പരിശീലനം സമാപിച്ചു.

**ഫാ. അരുൺ മഠത്തിപ്പറമ്പിൽ**
ജി. എം., ഫെഡാർ ഫൗണ്ടേഷൻ

## സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ
### മാനന്തവാടി

**ലോക മുലയൂട്ടൽ വാരാചരണം**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ ഒരാഴ്ചയായി നടന്നുവന്ന ലോക മുലയൂട്ടൽ വാരാചരണം ആഗസ്റ്റ് 7-ന് സമാപിച്ചു. അമ്മമാരിലും പൊതുസമൂഹത്തിലും മുലയൂട്ടലിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുകയും ശിശുക്കളുടെ ആരോഗ്യകരമായ വളർച്ചയിൽ മുലപ്പാലിന്റെ പങ്ക് വ്യക്തമാക്കുകയും ചെയ്യുകയായിരുന്നു പരിപാടികളുടെ പ്രധാന ലക്ഷ്യം. സമാപന ചടങ്ങിൽ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മനോജ് കവലക്കാടൻ അധ്യക്ഷത വഹിച്ചു. ഡോ. സുരേന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. ഡോ. നാരായണൻകുട്ടിയും ഡോ. ചന്ദ്രശേഖരും ആശംസകൾ നേർന്ന് സംസാരിച്ചു. കുഞ്ഞിന്റെ വളർച്ചയ്ക്കും രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിനും മുലപ്പാൽ നിർണായകമാണെന്നും, കുഞ്ഞിന്റെ ആദ്യ ആറുമാസം മുലപ്പാൽ മാത്രം നൽകുന്നതിന്റെ പ്രാധാന്യം സമൂഹത്തിൽ കൂടുതൽ ശക്തമായി പ്രചരിപ്പിക്കേണ്ടതുണ്ടെന്നും ചടങ്ങിൽ ചൂണ്ടിക്കാട്ടി.

**സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ്**

വ്യാപാരി ദിനാചരണത്തിന്റെ ഭാഗമായി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വാളാട് യൂണിറ്റും സംയുക്തമായി സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ആഗസ്റ്റ് 9-ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടന്ന ക്യാമ്പിൽ 195 പേർ പങ്കെടുത്തു.

വ്യാപാരികൾക്കും കുടുംബാംഗങ്ങൾക്കും പൊതുജനങ്ങൾക്കും ആരോഗ്യ പരിശോധനയും വിദഗ്ധ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കി. ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ഗൈനക്കോളജി വിഭാഗങ്ങളിലെ സേവനങ്ങൾക്ക് പുറമെ വിവിധ ലാബ് പരിശോധനകളും സൗജന്യ തൈറോയ്ഡ് പരിശോധനയും നടത്തി. പരിശോധനയ്ക്ക് ശേഷം ആവശ്യമായ സൗജന്യ മരുന്നുകളും വിതരണം ചെയ്തു. വ്യാപാരികൾക്കായി

പ്രത്യേക മെഡിക്കൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിരുന്നു.

സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സൽമ മെയിൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വാളാട് യൂണിറ്റ് പ്രസിഡന്റ് കെ. പി. ജോസഫ് അധ്യക്ഷത വഹിച്ചു. തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ജി. ബിജു മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി പി. കെ. ബഷീർ, ട്രഷറർ കുന്നോത്ത് യൂസഫ് ഹാജി, ഭാരവാഹികളായ ജെസ്സി, മൈമൂന, ശശി എന്നിവർ സംസാരിച്ചു.

**അത്യാഹിത വിഭാഗത്തിലെ കൺസൾട്ടേഷൻ ഫീസ് കുറച്ചു**

80-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിലെ അത്യാഹിത വിഭാഗത്തിന്റെ കൺസൾട്ടേഷൻ ഫീസ് 250-ൽ നിന്ന് 50 ആയി കുറച്ചു. ആഗസ്റ്റ് 15 മുതൽ പുതുക്കിയ നിരക്കിലാണ് സേവനം ലഭ്യമാക്കിയത്.

**തകൃതി 2k26 ഓണാഘോഷം**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ 2026-ലെ ഓണാഘോഷം തകൃതി 2K26 എന്ന പേരിൽ ആഗസ്റ്റ് 23-ന് മേരി മാതാ കോളേജിൽ സംഘടിപ്പിച്ചു. ആശുപത്രിയിലെ ജീവനക്കാരെ അതിരടി, തരംഗം, ലോക, ഫീനിക്സ് എന്നീ ടീമുകളായി തിരിച്ച് മത്സരങ്ങൾ ആവേശകരമായി നടത്തി. മത്സരങ്ങൾക്ക് ശേഷം സമ്മാനദാനവും ഓണസദ്യയും സംഘടിപ്പിച്ചു.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള വിദ്യാലയങ്ങളിലെ എൽ. പി., യു. പി. വിഭാഗങ്ങളിൽ അധ്യാപക നിയമനം നടത്തുന്നതിനുവേണ്ടി 2024 ജൂണിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി 2026 ഡിസംബർ 31-ന് പൂർത്തിയാവുകയാണ്. 2027 മുതലുള്ള വിരമിക്കൽ ഒഴിവുകൾ നികത്തുന്നതിനായി പുതിയ റാങ്ക് ലിസ്റ്റ് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. ഉദ്യോഗാർത്ഥികൾക്ക് സെപ്റ്റംബർ പതിനഞ്ചാം തീയതി മുതൽ ഒക്ടോബർ പതിനാലാം തീയതി വരെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇത് സംബന്ധിച്ച എല്ലാ വിവരങ്ങളും കോർപ്പറേറ്റ് ഓഫീസിന്റെ www.ceadom.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കായികമേള ദീപശിഖ പ്രയാണത്തോടെ സംഘടിപ്പിച്ചു.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

സ്വാതന്ത്ര്യദിനാഘോഷം വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. ഓണാഘോഷം ഉത്സവമാക്കി. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഡിജിറ്റൽ സെക്യൂരിറ്റി അവയർനസ് പ്രോഗ്രാം നടത്തി.

**III സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

സ്വാതന്ത്ര്യദിനം അധ്യാപകദിനം എന്നിവ സമുചിതമായി ആചരിച്ചു. ഓണാഘോഷം നടത്തി.

**IV സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

സ്വാതന്ത്ര്യ ദിനം വിപുലമായി ആചരിച്ചു. വിവിധ മത്സരങ്ങൾ നടത്തി. ധീര ജവാൻ അജേഷ് മുണ്ടുചിറക്കിലിന്റെ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തുകയും വിരമിച്ച സൈനികരെ ആദരിക്കുകയും ചെയ്തു.

**V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

കതിർ ക്ലബ് രൂപീകരിച്ച് വിപുലമായ തോതിൽ പച്ചക്കറി കൃഷി ആരംഭിച്ചു. കുട്ടികളുടെ വീട് സന്ദർശിച്ചു

**VI എ. എൽ. പി. സ്കൂൾ കണിയാരം**

വൈവിധ്യമാർന്ന പരിപാടികളോടെ സ്വാതന്ത്ര്യദിനാഘോഷവും ഓണാഘോഷവും സംഘടിപ്പിച്ചു. അധ്യാപക ദിനത്തിൽ മുൻ അധ്യാപകരെ ആദരിച്ചു. സ്കൂൾതലത്തിൽ വിവിധ മേളകൾ സംഘടിപ്പിച്ചു.

**VII നിർമ്മല എൽ. പി. സ്കൂൾ ആലാറ്റിൽ**

വൈവിധ്യമാർന്ന പരിപാടികളോടെ ഓണാഘോഷം സംഘടിപ്പിച്ചു. കുട്ടികളുടെ ഭവന സന്ദർശനം നടത്തി. 'ലിറ്റിൽ ജീനിയസ്' ക്വിസ് സംഘടിപ്പിച്ചു. അധ്യാപക ദിനം സ്നേഹത്തിന്റെയും ആദരവിന്റെയും നിറവിൽ ആഘോഷിച്ചു.

**VIII സി. കെ. എൽ. പി. എസ്. മണിമൂളി**

സ്പോർട്സ് വളരെ വിപുലമായ രീതിയിൽ നടത്തി. വർണോത്സവം എന്ന പേരിൽ കലാമേള നടത്തി.

**IX സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

പി റ്റി എ എക്സിക്യൂട്ടീവ് യോഗം ചേർന്നു. SEP ഓറിയന്റേഷൻ ക്ലാസ്സ് നടത്തി. സ്കൂൾതല ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തി പരിചയമേള നടത്തി. ദീപിക കളറിങ് മത്സരം നടത്തി.

**X സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

സ്വാതന്ത്ര്യദിനാഘോഷം സമുചിതമായി നടത്തി

**XI സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

ലോകനാളീകേര ദിനത്തോടനുബന്ധിച്ച് നാളികേര ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിവിധ പരിപാടികളും സംഘടിപ്പിച്ചു. സ്കൂൾ വളപ്പിൽ തെങ്ങിൻ തൈ നട്ടുകൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

ഓണാഘോഷ പരിപാടി സംഘടിപ്പിച്ചു. ക്ലാസ് പി ടി എ മീറ്റിംഗ് നടത്തി. അധ്യാപകദിനം സമുചിതമായി ആഘോഷിച്ചു. കലാമേള രണ്ടു ദിവസങ്ങളിലായി സംഘടിപ്പിച്ചു. ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ വായനാ മത്സരം സംഘടിപ്പിച്ചു.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

ഓണാഘോഷം വളരെ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ആർട്സ് ഫെസ്റ്റ് സംഘടിപ്പിച്ചു. അധ്യാപക ദിനം വർണ്ണാഭമായും ഉചിതമായ രീതിയിലും ആഘോഷിച്ചു. ജില്ലാതല തായ്ക്കോണ്ടോ ചാമ്പ്യൻഷിപ്പിലും ഐ. ടി. മേളയിലും തിളക്ക മാർന്ന വിജയം കൈവരിച്ചു.

**IV സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

കുട്ടികളുടെ സർഗാത്മക കഴിവുകൾക്ക് നിറപ്പകിട്ടേകിയ കലാമേള ലഹർ 2K26 വൈവിധ്യമാർന്ന കലാപരിപാടികളോടെ മനോഹരമായി അരങ്ങേറി.

**V എ. യു. പി. സ്കൂൾ ദ്വാരക**

കായികോൽസവം നടത്തി. ഹിന്ദി ദിനം ആചരിച്ചു. അധ്യാപകദിനം വിപുലമായി സംഘടിപ്പിച്ചു. സംസ്കൃതദിനം ആചരിച്ചു.

**VI സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

ഓണാഘോഷത്തിന്റെ ഭാഗമായി രക്ഷിതാക്കളും വിദ്യാർത്ഥികളും അധ്യാപകരും ഉൾപ്പെടെ 120 പേരടങ്ങിയ മെഗാ തിരുവാതിര സംഘടിപ്പിച്ചു. സ്കൂൾ കലോത്സവം, അധ്യാപക ദിനം എന്നിവ സംഘടിപ്പിച്ചു

**VII സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

സ്വാതന്ത്ര്യദിനാഘോഷവും ഓണാഘോഷവും സംഘടിപ്പിച്ചു. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ ആരംഭിച്ചു. സ്കൂൾതല കായികമേള നടത്തി. ക്ലാസ് പി. ടി. എ. നടത്തി.

**VIII സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിതശാസ്ത്ര, പ്രവർത്തിപരിചയമേളകൾ സംഘടിപ്പിച്ചു. സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിച്ചു. പ്രസംഗ നേതൃത്വ പരിശീലന ശില്പശാല നടത്തി.

**IX സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

അധ്യാപകദിനം വിവിധ പരിപാടികളോടെ ആചരിച്ചു. പ്രത്യേക അസംബ്ലി സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ അധ്യാപകദിന സന്ദേശങ്ങളും ആശംസകളും പങ്കുവെച്ചു.

**X സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

പി ടി എ യുടെ നേതൃത്വത്തിൽ അധ്യാപക ദിനാചരണം സമുചിതമായി ആഘോഷിച്ചു. ഡിജിറ്റൽ സ്ക്വയർ പദ്ധതിക്ക് സ്കൂളിൽ തുടക്കം കുറിച്ചു.

**XI അമ്പായത്തോട് യു. പി. സ്കൂൾ**

സംസ്കൃത ദിനവും ഹിന്ദി ദിനവും വിവിധ പരിപാടികളോടെ ആചരിച്ചു. സ്കൂൾതല മേളകൾ സംഘടിപ്പിച്ചു. ക്ലാസ് പി ടി എ ചേർന്ന് അക്കാദമിക പ്രവർത്തനങ്ങൾ വിലയിരുത്തി.

**XII സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

സ്വാതന്ത്ര്യദിനം, ഓണാഘോഷം എന്നിവ സമുചിതമായി സംഘടിപ്പിച്ചു. വയനാട് ജില്ല ഉറുദു ക്വിസ്സിൽ ഒന്നാം സ്ഥാനവും ദേശീയ ഇന്റർ സ്കൂൾ കരാട്ടെ ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡലും കരസ്ഥമാക്കി. ജില്ലാതല കലോത്സവത്തിൽ ടി. ടി. ഐ. വിഭാഗം ഹാട്രിക് കിരീടം ചൂടി. രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

**XIII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

സ്വാതന്ത്ര്യദിനവും ഓണാഘോഷവും സംഘടിപ്പിച്ചു. അധ്യാപകദിനം സമുചിതമായി ആചരിച്ചു. സ്കൂൾതല കായികമേള രണ്ടു ദിനങ്ങളിലായി നടത്തപ്പെട്ടു.

**XIV സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു. കർഷകദിനം ആചരിച്ചു. ഓണാഘോഷം ഏറ്റവും മനോഹരമായി സംഘടിപ്പിക്കപ്പെട്ടു. വിവിധ ശാസ്ത്രമേളകളും എക്സിബിഷനും കായികമേളയും സംഘടിപ്പിച്ചു. അധ്യാപകദിനത്തിൽ അധ്യാപകരെ ആദരിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

നാഷണൽ കരാട്ടെ ചാമ്പ്യൻഷിപ്പിൽ ഗോൾഡ് മെഡൽ കരസ്ഥമാക്കി. സബ് ജില്ല വോളിബോൾ ടൂർണമെന്റിൽ ചാമ്പ്യന്മാരായി. സയൻസ് ക്വിസ്, ടാലന്റ് സേർച്ച്, ചെസ്സ് ചാമ്പ്യൻഷിപ്പ് മത്സരങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കി.

**II സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തി. ഓണാഘോഷം നടത്തി. സ്കൂൾ കലോത്സവം, ശാസ്ത്ര, ഗണിത, സാമൂഹ്യശാസ്ത്ര, പ്രവർത്തിപരിചയ, ഐ ടി മേള നടത്തി.

**III അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

സ്വാതന്ത്ര്യദിനം ആചരിച്ചു. സ്കൗട്ട് ഗൈഡ് സർവ്വമത പ്രാർത്ഥന സംഘടിപ്പിച്ചു. എൻ. സി .സി. പരേഡ് സംഘടിപ്പിച്ചു. വിവിധ മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചു.

എസ്. പി. സി. ഓണക്ക്യാമ്പ് സംഘടിപ്പിച്ചു. അധ്യാപകദിനം ആചരിച്ചു. പി ടി എ യോഗം ചേർന്നു. രക്ഷിതാക്കൾക്ക് 'നിർമ്മിത ബുദ്ധി' (AI) യെപറ്റി ക്ലാസ് എടുത്തു.

**IV നിർമ്മല ഹൈസ്കൂൾ കബനിഗിരി**

ഓണാഘോഷവും ഓണസദ്യയും നടത്തി. CPTA വിളിച്ചു പഠന വിലയിരുത്തൽ നടത്തി. സ്കൂൾതല കലാമേള നടത്തി. അധ്യാപക ദിനം മൂന്ന് തലമുറയുടെ ആഘോഷമാക്കി. സബ് ജില്ല ഹാൻഡ് ബോൾ മത്സരത്തിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ റണ്ണേഴ്സ് അപ് ആയി.

**V സി. കെ. എച്ച്. എസ്. മണിമൂളി**

ഓണാഘോഷവും അധ്യാപകദിനാചരണവും സംഘടിപ്പിച്ചു. ലോകനാളികേരദിനം ആചരിച്ചു. ക്ലാസ് പി ടി എയും ജനറൽബോഡി യോഗവും ചേർന്നു.

**VI ഐ. ജെ എം. എച്ച്. എസ്. കൊട്ടിയൂർ**

സ്വാതന്ത്ര്യ ദിനം, ഓണാഘോഷം, അധ്യാപകദിനം എന്നിവ ആഘോഷപൂർവം നടത്തി. ക്ലാസ് പി ടി എ നടത്തി. സയൻസ് ടാലന്റ് സേർച്ച് എക്സാമിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. കായികമേളയും കലാമേളയും നടത്തി

**VII ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിച്ചു. ഓണാഘോഷം സംഘടിപ്പിച്ചു. അധ്യാപകദിനം സമുചിതമായി ആചരിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

സ്വാതന്ത്ര്യദിനം ആഘോഷിച്ചു. ഓണാഘോഷം വർണാഭമായി. സ്കൂൾ കലോത്സവം നടത്തി. വിവിധ സബ്ജില്ല മത്സരങ്ങളിൽ വിദ്യാർഥികൾ മികച്ച വിജയം നേടി.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിച്ചു. വിവിധ പരിപാടികളാൽ ഓണാഘോഷം മനോഹരമാക്കി. കലാമേള നടത്തി. അധ്യാപക ദിനം ആചരിച്ചു. സ്കൂൾ പാർലമെന്റ് അംഗങ്ങളുടെ സത്യപ്രതിജ്ഞ ചടങ്ങ് സംഘടിപ്പിച്ചു. വിവിധ മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചു.

**III ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

ഇന്ത്യൻ സ്വാതന്ത്ര്യദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. NSS യൂണിറ്റിന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിച്ചു

**IV സി. കെ. എച്ച്. എസ്. എസ് മണിമൂളി**

അധ്യാപകദിനം വിപുലമായി ആഘോഷിച്ചു. സ്കൂളിലെ പ്ലസ് ടു വിഭാഗം NSS കുട്ടികൾക്ക് രണ്ട് ദിവസത്തെ പഠനയാത്ര സംഘടിപ്പിച്ചു. വിവിധ തരം സസ്യങ്ങളെയും ജന്തുക്കളെയും കുറിച്ച് പഠിക്കാനും മാനസിക ഉൻമേഷം വളർത്താനും പഠനയാത്ര സഹായിച്ചു.

**V സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വിവിധ മത്സരങ്ങളിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. കായികമേള നടത്തി. വിദ്യാർഥികൾക്കും മാതാപിതാക്കൾക്കുമായി ഓറിയന്റേഷൻ ക്ലാസ് നടത്തി. വോളിബോൾ കോച്ചിംഗ് ക്യാമ്പ്, ഇമ്പ്രൂവ്മെന്റ് കോച്ചിംഗ് ക്ലാസ് എന്നിവ ആരംഭിച്ചു. ആന്റി റാഗിങ്ങ് ക്ലാസ് സംഘടിപ്പിച്ചു.

**VI സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

കലോത്സവം നടത്തി. എൻ. എസ്. എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ ഞാറു നടീൽ സംഘടിപ്പിച്ചു. ട്രാക്കിൽ ആവേശം വിതറി കായികമേള സമാപിച്ചു. അധ്യാപകദിനാഘോഷം സംഘടിപ്പിച്ചു. തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

ഉപജില്ലാ ജില്ലാതല മേളകളിൽ ആവേശപൂർവം പങ്കെടുത്തുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും നേട്ടങ്ങൾ കൈവരിച്ച വിദ്യാർത്ഥികൾക്കും ആശംസകളും അഭിനന്ദനങ്ങളും.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ



# Bishop's Programme

**October 2026**

| | |
|---|---|
| *01 Thursday: ................* | *To Kottayam* |
| *02 Friday: ...................* | *Kottayam: Episcopal Consecration of Fr. Thomas Animoottil* |
| *03 Sat - 05 Mon: ...........* | *Engaged* |
| *07 Wednesday:* | *Chooralmala Housing Project: Central Committee Meeting* |
| *08 Thursday: ................* | *Dwaraka: Presbyteral Council* |
| *09 Friday: ....................* | *Thonichal: SKD Lay Members Incorporation* |
| *10 Saturday: ...............* | *Dwaraka: Pastoral Council* |
| *11 Sunday: ..................* | *Coonoor* |
| *18 Sunday: ..................* | *Irulam: Golden Jubilee Conclusion* |
| *19 Mon – 21 Wed: .......* | *Punjab: Blessing of Church in Kot-Ise-Khan* |
| *22 Thu – 23 Fri: ...........* | *Engaged* |
| *24 Saturday: ................* | *Ezhumuttam: Holy Mass at Tabor Retreat Centre* |
| *25 Sunday: ...................* | *Engaged* |
| *26 Monday: .................* | *Newman's Renovated Building Blessing & FEDAR General Body Meeting* |

**November 2026**

| | |
|---|---|
| *01 Sunday: Morning:* | *Kommayad: Laying of foundation stone of the Church* |
| *02 Mon - 04 Wed: ........* | *Engaged* |
| *05 Thursday: ................* | *Koottu, Priests' Gathering* |
| *07 Saturday: ................* | *Kayyunni: School Anniversary* |
| *08 Sunday: ...................* | *Dwaraka: Nasrani Sangamam* |
| *09 Mon: - 12 Thu: ........* | *Kakkanad: Canon Law Committee Meeting* |
| *14 Saturday: Morning:* | *Mount Mary College: Benefactors Day* |
| *Evening:* | *Dwaraka: Youth Fest* |
| *18 Wednesday: ...........* | *Dwaraka: Music Band Inauguration* |
| *21 Saturday: Morning:* | *Deacons' Parents Meet* |
| *Evening:* | *Deepthi Bhavan: Franciscan Meet* |
| *23 Monday: .................* | *Chungakunnu: Priestly Ordination: Dn. Jobin Kaipakasseril & Dn. Johns Kaipakasseril OFM Cap (Name)* |
| *24 Tuesday: Morning:* | *Dwaraka: Priests' Conference.* |
| *Evening:* | *Chooralmala Rehabilitation: Handing over of Houses* |
| *25 Wednesday: .............* | *Mount Mary College: Home Day* |
| *26 Thursday: Morning:* | *Mananthavady: Provincial Curia* |
| *Evening:* | *Kannur: North Kerala Bishops Meet* |
| *27 Friday: .....................* | *Kannur: North Kerala Bishops Meet* |
| *28 Saturday: .................* | *Kulathuvayal: Jubilee of the preaching ministry of Fr. C.J. Varkey* |
| *29 Sunday: ..................* | *Dwaraka: Cecilia Music Fest* |
| *30 Monday: .................* | *Trichur: Sacerdotal Jubilee of Archbishop Andrews Thazhath* |

# *Auxiliary Bishop's Programme*



**October 2026**

| | |
|---|---|
| *04 Sunday:..................* | *Vadakkanad: Pastoral Visit* |
| *06 Tuesday: ...............* | *Panamchira: Nilgiri Region Monthly Recollection* |
| *08 Thursday: ..............* | *Dwaraka: Presbyteral Council* |
| *09 Friday: ..................* | *Engaged* |
| *10 Saturday:Morning:* | *Dwaraka: Pastoral Council* |
| *Evening:* | *Dwaraka: Parish Festal Mass* |
| *11 Sunday: .................* | *Mothakkara: Pastoral Visit* |
| *13 Tue – 20 Tue: ........* | *Engaged* |
| *21 Wednesday: ..........* | *Evening: Mahe: Holy Mass* |
| *25 Sunday: ................* | *Amarakuni: Pastoral Visit* |

**November 2026**

| | |
|---|---|
| *01 Sunday: .................* | *Deepthigiri: Pastoral Visit* |
| *02 Monday: ...............* | *Engaged* |
| *03 Tuesday: ................* | *Therthally: Festal Mass at Poyil Ashram* |
| *07 Saturday: .............* | *Nadavayal: CMC Social Anniversary* |
| *08 Sunday: ................* | *Dwaraka: Nasrani Sangamam* |
| *10 Tuesday: ................* | *Kalpetta Forane Monthly Recollection* |
| *14 Saturday:Morning:* | *Mount Mary College: Benefactors Day* |
| *Evening:* | *Kolavayal: Jubilee* |
| *15 Sunday: .................* | *Sulthan Bathery: Pastoral Visit* |
| *21 Saturday: .............* | *Deacons' Parents Meet* |
| *22 Sunday: .................* | *Chulliana: Pastoral Visit* |
| *24 Tuesday: Morning:* | *Dwaraka: Priests' Conference* |
| *Evening:* | *Chooralmala Rehabilitation: Handing over of Houses* |
| *25 Wednesday: ...........* | *Mount Mary College: Home Day* |
| *26 Thursday:Morning:* | *Mananthavady: Inter-Curia Meet* |
| *Evening:* | *Kannur: North Kerala Bishops Conference* |
| *27 Friday: ..................* | *Kannur: North Kerala Bishops Conference* |
| *29 Sunday: Morning:* | *Chooralmala: Pastoral Visit* |
| *Evening:* | *Dwaraka: Cecilia Music Fest* |
| *30 Monday: ................* | *Engaged* |